പഞ്ചായത്ത് രാജ്

പുസ്തകം 53 ◆ ലക്കം 11
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഫെബ്രുവരി 2014

ഫെബ്രുവരി 19
ബൽവന്ത്റായ്മേത്ത ദിനം

ചരിത്രത്തിന്റെ ഭാഗമായി മാറിയ അന്താരാഷ്ട്ര സമ്മേളനം

സംസ്ഥാനതല
പഞ്ചായത്ത്
ദിനഘോഷം
-2014
മണർക്കാട്,
കോട്ടയം

ജനാധിപത്യത്തിന്റെ ഗുണഫലങ്ങൾ താഴെതട്ടിലെത്തിക്കാൻ ഇ-ഗവേണൻസ്
- ഉമ്മൻ ചാണ്ടി

സംസ്ഥാന ഇലക്ഷൻ കമ്മീഷന് കൂടുതൽ അധികാരം നൽകും.
- ഡോ.എം.കെ.മുനീർ

ഇന്ത്യ വളരുന്നു. ഇന്ത്യാക്കാർ വളരുന്നില്ല.
- മണിശങ്കർ അയ്യർ

സുതാര്യതയും പ്രതിബദ്ധതയും ജനാധിപത്യശാക്തീകരണത്തിനാവശ്യം
- അരുണാറോയ്

‘നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ’



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6-7 ഗ്രാമപഞ്ചായത്തുകൾ പങ്കാളിത്ത ജനാധിപത്യത്തിന്റെ വേദികൾ
ഡോ. എം.കെ. മുനീർ

ചരിത്ര സംഭവമായി മാറിയ ജനാധിപത്യ ശാക്തീകരണത്തിന്റെ അന്താരാഷ്ട്ര സമ്മേളനം 8

11 ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008
ഡോ. ജെ.ബി. രാജൻ & ബിജു.എസ്.കെ.

17 സമഗ്ര നീർത്തട വികസന പദ്ധതിയിലൂടെ പ്രകൃതി സംരക്ഷണം
ഫീച്ചർ

21 ഗ്രാമപഞ്ചായത്തുകളിലൂടെ
പ:ന്യൂ:സർവ്വീസ്

25 കായ്ക്കറി വിശേഷം
വീട്ടുപറമ്പൊരു കായ്ക്കറി തോട്ടം
എം.എ.സുധീർബാബു, പട്ടാമ്പി

28 നഗര ദാരിദ്ര്യത്തിന്റെ മാറാപ്പ് മാറ്റുവാൻ ദേശീയ നഗര ഉപജീവനമിഷൻ
ടി. ഷാഹുൽ ഹമീദ്

30 ഗ്രാമീണ സ്ത്രീകളെ ശാക്തീകരിച്ച് മാറ്റത്തിന്റെ സന്ദേശ വാഹകരാക്കുന്നു
സരിത ബ്രാറ

33 'ജിനിക്ക് ഗോക്കൾ നാല്; മകൾക്ക് കോഴികൾ ഇരുപത്തിനാല്'
അനുപമ. ജി.കെ.

35 തിരുവനന്തപുരം ജില്ല – സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തായി പ്രഖ്യാപിച്ചു
റിപ്പോർട്ട്

പഞ്ചായത്തുദിനാഘോഷം – 2014 ലോഗോ പ്രകാശനം

സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം 2014





ഈ വർഷത്തെ പഞ്ചായത്തു ദിനാഘോഷം ഫെബ്രുവരി 18, 19 തീയതികളിൽ കോട്ടയം മണർകാട് വച്ച് നടക്കുകയാണ്. പഞ്ചായത്തുരാജിന്റെ ഉപജ്ഞാതാവായ ശ്രീ ബൽവന്ത് റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 നെ സ്മരിച്ചുകൊണ്ടാണ് പഞ്ചായത്തുദിനാഘോഷം നടക്കുന്നത്. 2012 ലും, 2013 ലും 73-ാം ഭരണഘടനാഭേദഗതി നിലവിൽ വന്ന ഏപ്രിൽ 24-ാം തീയതിയെ സ്മരിച്ചുകൊണ്ടാണ് പഞ്ചായത്തു ദിനാഘോഷം നടന്നത്. അഖിലേന്ത്യാതലത്തിൽ ഏപ്രിൽ 24 ന് വിവിധ പരിപാടികൾ നടക്കുന്നതിനാലാണ് കേരളത്തിൽ പഞ്ചായത്തുദിനാഘോഷം വീണ്ടും ഫെബ്രുവരി 19 ലേക്ക് മാറ്റിയത്.

1900 ഫെബ്രുവരി 19 ന് ഗുജറാത്തിലെ ഭവ നഗറിലെ ഒരിടത്തരം കുടുംബത്തിൽ ശ്രീ. ഗോപാൽ ജി ത്രിഭുവൻ ദാസിന്റെയും ശ്രീമതി സമീർബന്നിന്റേയും മകനായി ജനിച്ച ബൽവന്ത്റായ്മേത്ത ഗുജറാത്ത് സംസ്ഥാനത്തെ രണ്ടാമത്തെ മുഖ്യമന്ത്രിയായും തുടർന്ന് അഖിലേന്ത്യാതലത്തിൽ വിവിധ കമ്മിറ്റികളുടെ അദ്ധ്യക്ഷനുമായിരുന്നു. 1957 ൽ സാമൂഹ്യവികസന പദ്ധതിയെയും ദേശീയ വികസന പദ്ധതിയെയും കുറിച്ച് പ്ലാനിംഗ് കമ്മിഷൻ നിശ്ചയിച്ച പഠന സംഘത്തിന്റെ അദ്ധ്യക്ഷനായും സേവനമനുഷ്ടിച്ചു. ഈ പഠനറിപ്പോർട്ടാണ് നമ്മുടെ ത്രിതല പഞ്ചായത്ത്രാജ് സംവിധാനത്തിന് ലിഖിത രൂപം നൽകിയത്. വികസന രംഗത്ത് കൂടുതൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ആസൂത്രിതവികസനം ഗ്രാമതലത്തിൽ ത്വരിതപ്പെടുത്തുന്നതിനും അധികാരവികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിനും സഹായകമാകുംവിധം സംസ്ഥാന സർക്കാരുകൾ പഞ്ചായത്തുകൾക്കു കൂടുതൽ അധികാരം നൽകികൊണ്ട് നിയമനിർമ്മാണം നടത്തണമെന്നതായിരുന്നു ഈ പഠനസംഘത്തിന്റെ ഒരു മുഖ്യശുപാർശ. ഈ ശുപാർശയാണ് ഭരണഘടനാഭേദഗതിയ്ക്ക് വഴിയൊരുക്കിയത്. 1965 ൽ അദ്ദേഹം യാത്ര ചെയ്ത വിമാനം ശത്രുസൈന്യം വെടിവച്ച് വീഴ്ത്തിയതിനെ തുടർന്ന് രക്തസാക്ഷിത്വം വരിച്ചു. 65-ാം വയസ്സിൽ സെപ്റ്റംബർ 19-നായിരുന്നു അതു സംഭവിച്ചത്.

കോട്ടയം മണർകാട് പള്ളി ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്ന ഈ വർഷത്തെ പഞ്ചായത്തു ദിനാഘോഷത്തിൽ മുഖ്യമന്ത്രി, പഞ്ചായത്തുവകുപ്പു മന്ത്രി, മറ്റു മന്ത്രിമാർ, പ്രതിപക്ഷനേതാവ്, എം.പിമാർ, എം.എൽ.എമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥപ്രമുഖർ തുടങ്ങിയവർ പങ്കെടുക്കുന്നു. പഞ്ചായത്ത്രാജ് സംവിധാനത്തെക്കുറിച്ചും സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സംബന്ധിച്ചും ചർച്ചകളും സെമിനാറുകളും ആഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തുദിനാഘോഷചടങ്ങിൽ വച്ച് മികച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫികളും, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മികവ് കാട്ടിയ തദ്ദേശസ്ഥാപനങ്ങൾക്കുള്ള മഹാത്മ പുരസ്കാരങ്ങളും, ഐ.എസ്.ഒ അംഗീകാരം നേടിയ സ്ഥാപനങ്ങളെ ആദരിക്കുന്നതുമാണ്. പഞ്ചായത്തു ദിനാഘോഷത്തോടനുബന്ധിച്ച് വിവിധ കലാപരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

പ:ന്യൂ:സർവ്വീസ്

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2014

പുസ്തകം 53

ലക്കം 11

വാർഷിക വരിസംഖ്യ: ₹ 120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

മിത്ര.റ്റി ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
മിത്ര.റ്റി, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം – 695033.

എഡിറ്റോറിയൽ

ജനുവരി 19, 20, 21 തീയതികളിൽ കോവളത്തു വച്ചു നടന്ന ജനാധിപത്യ ശാക്തീകരണം സംബന്ധിച്ച അന്താരാഷ്ട്ര സെമിനാർ കഴിഞ്ഞ് ഒരു മാസം പിന്നിടുമ്പോൾ നാം മറ്റൊരു സമ്മേളനത്തിന് തയ്യാറെടുക്കുകയാണ്. ഫെബ്രുവരി 18, 19 തീയതികളിൽ കോട്ടയത്തു വച്ചു നടക്കാൻ പോകുന്ന പഞ്ചായത്തു ദിനാഘോഷം.

ഭരണ ഘടനയുടെ 73-ഉം 74- ഉം ഭേദഗതികളെ തുടർന്ന് പഞ്ചായത്തു രാജ് സംവിധാനം നിലവിൽ വരികയും പ്രാദേശിക ജനാധിപത്യം ശക്തി പ്രാപിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി മാറുകയും ചെയ്തിട്ട് വർഷങ്ങൾ പിന്നിട്ട സന്ദർഭത്തിൽ നടത്തപ്പെട്ട അന്താരാഷ്ട്ര സമ്മേളനത്തിൽ വിദേശത്തും സ്വദേശത്തും നിന്നും ഗവേഷകർ, വിദ്യാർത്ഥികൾ, പത്രപ്രവർത്തകർ, ഉദ്യോഗസ്ഥ പ്രമുഖർ, ഭരണാധികാരികൾ തുടങ്ങിയവർ പങ്കെടുത്തു. ജനാധിപത്യ ശാക്തീകരണത്തിന്റെ വിവിധ തലങ്ങളെക്കുറിച്ച് ചർച്ച നടത്തി. കേരളം പ്രാദേശിക ജനാധിപത്യ ശാക്തീകരണത്തിനുവേണ്ടി നടത്തിയ നിയമ നിർമ്മാണം ഉൾപ്പടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഗ്രാമസഭ എന്ന താഴെ തട്ടിലുള്ള നിയമ പരമായ സംവിധാനം, സോഷ്യൽ ഓഡിറ്റ് എന്നിവ പൂർണ്ണമായി പ്രാവർത്തികമാക്കാനും വിജിയിപ്പിക്കാനും കഴിയാത്തതിന്റെ കാരണങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. മൂന്നു ദിവസങ്ങളിലായി നടന്ന സമ്മേളനം നല്കുന്ന സന്ദേശം – ജനാധിപത്യ ശാക്തീകരണം പ്രാദേശിക സർക്കാരുകളിലൂടെ കരുത്താർജ്ജിക്കേണ്ടിയിരിക്കുന്നു എന്നതു തന്നെയാണ്. ഈ സന്ദേശം ഉൾക്കൊണ്ട് ഓരോ ഗ്രാമ പഞ്ചായത്തും വികസന ക്ഷേമ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക ജനാധിപത്യ ശാക്തീകരണം നേടേണ്ടതാണ്.

പഞ്ചായത്തുരാജിന്റെ ഉപജ്ഞാതാവായ ശ്രീ.ബൽവന്ത്‌റായ് മേത്തയുടെ ജന്മദിനമാണ് പഞ്ചായത്തുദിനമായി ആഘോഷിക്കുന്നത്. 1957-ൽ വികസന പദ്ധതിയുടെ കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോഗ്രാം, നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് എന്നിവയുടെ പ്രവർത്തനം പഠിക്കാനും മെച്ചപ്പെടുത്താനും ഉള്ള നടപടികൾക്ക് ശുപാർശ നൽകാനും നിയോഗിച്ച കമ്മിറ്റിയുടെ അദ്ധ്യക്ഷൻ ആയിരുന്ന ശ്രീ.ബൽവന്ത്‌റായ്മേത്ത ത്രിതല പഞ്ചായത്തുകളുടെ ആവശ്യകത ചൂണ്ടികാട്ടി. ഇതിനെ തുടർന്നാണ് 1992 ലെ ഭരണ ഘടനാ ഭേദഗതിയും തുടർന്ന് 1994 ലെ പഞ്ചായത്ത് രാജ് നിയമവും ത്രിതല പഞ്ചായത്ത് സംവിധാനവും നിലവിൽ വന്നത്. ഇത്തവണ കോട്ടയം – മണർകാട് വച്ച് ഫെബ്രുവരി 18,19 തീയതികളിലായി നടത്തപ്പെടുന്ന പഞ്ചായത്തു ദിനാഘോഷ പരിപാടിയിൽ മുഖ്യമന്ത്രി, വകുപ്പു മന്ത്രി, മറ്റു മന്ത്രിമാർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്നു. മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അവാർഡുകളും സമ്മേളനത്തിൽ വച്ച് വിതരണം ചെയ്യുന്നു. ഇത്തരം സമ്മേളനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചോദനം നല്കുമെന്ന് പ്രതീക്ഷിക്കുന്നു.

മിത്ര.റ്റി.ഐ.എ.എസ്.
(പഞ്ചായത്ത് ഡയറക്ടർ)



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

ഗ്രാമപഞ്ചായത്തുകൾ

പങ്കാളിത്ത ജനാധിപത്യത്തിന്റെ വേദികൾ

സംസ്ഥാനത്ത് പഞ്ചായത്ത് വകുപ്പ് നിലവിൽ വന്നിട്ട് 52 വർഷം തികയുകയാണ്. ജനങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും, അവരുടെ ദൈനംദിന ജീവിതവുമായി അഭേദ്യബന്ധം പുലർത്തുന്നതുമാണ് പഞ്ചായത്ത് വകുപ്പ്. അധികാര വികേന്ദ്രീകരണം പൂർണ്ണമായതോടെ, പഞ്ചായത്തുകൾ യഥാർത്ഥ പ്രാദേശിക സർക്കാരുകളായി. ജനാധിപത്യശാക്തീകരണത്തിലും വനിതാശാക്തീകരണത്തിലും ചരിത്ര പ്രധാനമായ മുന്നേറ്റമാണ് കേരളത്തിലെ ത്രിതല പഞ്ചായത്ത് സംവിധാനം നടത്തിയത്. ആദ്യമായി സ്ത്രീ പ്രാതിനിധ്യം അമ്പത് ശതമാനമായി ഉയർത്തിയതും സ്ത്രീകൾക്കും കുട്ടികൾക്കുമായി പദ്ധതി വിഹിതത്തിന്റെ നിർദ്ദിഷ്ട ശതമാനം കർശനമായും വിനിയോഗിച്ചിരിക്കണം എന്ന് നിഷ്കർഷിച്ചതും കേരളമാണ്. ഇന്ന് ഇതര ഇന്ത്യൻ സംസ്ഥാനങ്ങൾക്കാകെ മാതൃകയാണ് കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം. പ്രാദേശിക സാമ്പത്തിക വികസനവും ദാരിദ്ര്യനിർമ്മാർജ്ജനവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായി മാറി. യഥാർത്ഥത്തിൽ ഒരു ജനാധിപത്യ സമൂഹത്തിന് സംരംഭകത്വം, പുതിയ പദ്ധതി ആവിഷ്കരണം, വികസനം എന്നിവയിൽ ഭാരിച്ച ഉത്തരവാദിത്തം നിർവഹിക്കാൻ കഴിയും. ഗ്രാമസഭകൾ, സഹകരണ സംഘങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവയ്ക്ക് സാമൂഹിക പരിവർത്തനത്തിൽ ശ്രദ്ധേയമായ പങ്ക് വഹിക്കാൻ കഴിഞ്ഞു. സോഷ്യൽ ക്യാപ്പിറ്റലിന്റെ വളർച്ചയിൽ നിർണ്ണായക സ്വാധീനം ഇന്ന് ത്രിതല പഞ്ചായത്തുകൾക്കുണ്ട്.

പദ്ധതി സമർപ്പിക്കലും അംഗീകാരവും ഓൺലൈനാക്കുന്ന സമ്പ്രദായം നമ്മൾ കഴിഞ്ഞ വർഷം നടപ്പാക്കി. ഇതേപ്പറ്റി ഉയർന്നു വന്ന ആശങ്കകളെല്ലാം പാടേ അസ്ഥാനത്താക്കിക്കൊണ്ട്, ഓൺലൈൻ സമ്പ്രദായം തികച്ചും കാര്യക്ഷമവും വിജയവും ആണെന്ന് നമ്മുടെ ത്രിതല പഞ്ചായത്തുകൾ തെളിയിച്ചു.

ജനതയുടെ ജീവിതത്തിന്റെ സർവതലങ്ങളെയും സ്പർശിക്കുന്നവയാണ് പഞ്ചായത്ത് രാജ് സംവിധാനം. ക്ഷേമ പെൻഷനുകൾ മുതൽ പരിസ്ഥിതി പ്രശ്നം വരെ അവ കൈകാര്യം ചെയ്യുന്നുണ്ട്. സംസ്ഥാന ബജറ്റിന്റെ 30-40% പദ്ധതി വിഹിതമായി ത്രിതല പഞ്ചായത്തുകൾ കൈകാര്യം ചെയ്യുന്നു. വികസന കാര്യവും ക്ഷേമകാര്യവും പദ്ധതി രൂപീകരണവും പദ്ധതി നിർവഹണവും ഒരേ സമയം ചെയ്യേണ്ട ചുമതലകളാണ് പഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ളത്. ജനാധിപത്യശാക്തീകരണ രംഗത്ത് കേരളത്തിന്റെ മുന്നേറ്റം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾ ഉറ്റുനോക്കുന്ന ഒന്നാണ്. ഈ രംഗത്ത് കേരളത്തിന് റോൾ മോഡലാവാൻ കഴിഞ്ഞു. വനിതാശാക്തീകരണ രംഗത്ത് അസാധാരണ നേട്ടമാണ് കുടുംബശ്രീ കൈവരിച്ചത്. 2,54,737 അയൽക്കൂട്ടങ്ങളിലായി 39,55,783 അംഗങ്ങൾ ഇന്ന് കുടുംബശ്രീക്കുണ്ട്. ഇവരിൽ 5,20,027 പേർ എസ്.സി. വിഭാഗത്തിലും 72,755 പേർ എസ്.ടി വിഭാഗത്തിലും പെടുന്നവരാണ്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള അപൂർവം അംഗങ്ങളും ഇനിയും കുടുംബശ്രീയിലേക്ക് വരാൻ കണ്ടേക്കാം എങ്കിലും ഏറെക്കുറെ പൂർണ്ണമായ അംഗത്വം ഈ പ്രസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞു.

പദ്ധതി സമർപ്പിക്കലും അംഗീകാരവും ഓൺലൈനാക്കുന്ന സമ്പ്രദായം നമ്മൾ കഴിഞ്ഞ വർഷം നടപ്പാക്കി. ഇതേപ്പറ്റി ഉയർന്നു വന്ന ആശങ്കകളെല്ലാം പാടേ അസ്ഥാനത്താക്കിക്കൊണ്ട്, ഓൺലൈൻ സമ്പ്രദായം തികച്ചും കാര്യക്ഷമവും വിജയവും ആണെന്ന് നമ്മുടെ ത്രിതല പഞ്ചായത്തുകൾ തെളിയിച്ചു. 2013-14 വർഷത്തെ പദ്ധതി നടത്തിപ്പ് സംബന്ധിച്ച അവസാന കണക്കുകൾ ലഭിക്കാനിരിക്കുന്നതേയുള്ളൂ. എങ്കിലും ലഭ്യമായ കണക്കിൻ പ്രകാരം ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തും ഏറ്റവും കൂടുതൽ തുക വിനിയോഗിച്ചിരിക്കുന്നത് സേവന മേഖലയിലാണ്. ജില്ലാ പഞ്ചായത്തുകൾ 120 കോടി രൂപയും ബ്ലോക്ക് പഞ്ചായത്തുകൾ 198 കോടി രൂപയും ഗ്രാമപഞ്ചായത്തുകൾ 734 കോടി രൂപയുമാണ് ഈ ഇനത്തിൽ ചെലവഴിച്ചത്. ജില്ലാ പഞ്ചായത്തുകളും ഗ്രാമ പഞ്ചായത്തുകളും തുടർന്ന് കൂടുതൽ തുക അടിസ്ഥാന സൗകര്യത്തിനായി ചെലവിട്ടപ്പോൾ ബ്ലോക്ക് പഞ്ചായത്തുകൾ ഉൽപ്പാദന മേഖലയ്ക്കാണ് ഊന്നൽ നൽകിയത്. ഇതുവരെയുള്ള ആകെ പദ്ധതിച്ചെലവ് 1913.76 കോടി രൂപയാണ്. അമ്പത് ശതമാനത്തിന് അടുത്തെത്തിയിരിക്കുന്നു.

സാമൂഹിക നീതി ഉറപ്പാക്കിക്കൊണ്ടു മാത്രമേ ജനാധിപത്യം ശാക്തീകരിക്കാൻ കഴിയുകയുള്ളൂ. പാർശ്വവൽക്കൃത വിഭാഗത്തെ മുൻപന്തിയിൽ എത്തിച്ചുവേണം സാമൂഹ്യനീതി ഉറപ്പാക്കാൻ. നമ്മുടെ പഞ്ചായത്തുകൾ ഈ രംഗത്ത് സ്തുത്യർഹമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. വിവിധ സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഗുണഭോക്താക്കളിൽ എത്തിച്ചുകൊണ്ട് സാമൂഹിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ പഞ്ചായത്തുകൾ പ്രതിജ്ഞാബദ്ധമാണ്. 20,32,903 ആളുകൾ ഇപ്പോൾ എതെങ്കിലും ഒരു ക്ഷേമ പെൻഷൻ കൈപ്പറ്റുന്നവരായി കേരളത്തിലുണ്ട്. മൊത്തം ജനസംഖ്യയിലെ 1/15 ഭാഗമാണിത്. വികലാംഗപെൻഷൻകാരുടെ സംഖ്യയാണ് ഏറ്റവും കൂടുതൽ – 8,38,917 പേർ. പങ്കാളിത്ത ജനാധിപത്യത്തിന്റെയും സാമൂഹ്യ നീതിയുടെയും യഥാർത്ഥ വേദികളാണ് നമ്മുടെ ത്രിതല പഞ്ചായത്തുകൾ, ഓരോ കേരളീയനും ഇതിൽ അഭിമാനിക്കാം. ■

International Conference on Deepening Democracy
ICODD 2014
Thiruvananthapuram Jan. 19-21

ചരിത്ര സംഭവമായി മാറിയ

ജനാധിപത്യ ശാക്തീകരണം പ്രാദേശിക സർക്കാരുകളിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി 2014 ജനുവരി 19 മുതൽ 21 വരെ കോവളത്തു വച്ചു നടത്തപ്പെട്ട അന്താരാഷ്ട്രസമ്മേളനം വൻ വിജയമായി മാറി. കോവളം സമുദ്ര ഹോട്ടൽ, ഉദയ സമുദ്ര എന്നിവിടങ്ങളിലെ മൂന്ന് വേദികളിലായിരുന്നു സമ്മേളനം നടന്നത്. സമുദ്രഹോട്ടലിലെ ആഡിറ്റോറിയത്തിൽ ജനുവരി 19 നു രാവിലെ 10 മണിക്ക് പഞ്ചായത്തു വകുപ്പ് മന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് കേന്ദ്രപ്ലാനിംഗ് കമ്മിഷൻ അംഗം ഡോ. മിഹിർഷാ ഭദ്രദീപം തെളിയച്ചതോടെ മൂന്നു ദിവസം നീണ്ടുനിന്ന അന്താരാഷ്ട്ര സമ്മേളനത്തിന് സമാരംഭമായി. ഉദ്ഘാടന സെഷനു ശേഷം അതേ വേദിയിൽ തന്നെ 11.30 മുതൽ പ്ലീനറിസെഷൻ മന്ത്രി ഡോ. എം.കെ.മുനീറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ജമീല പ്രകാശം എം.എൽ.എ, മേയർ അഡ്വ.കെ. ചന്ദ്രിക, മുൻമന്ത്രിയും MLA യുമായ ഡോ. തോമസ് ഐസക്, ദേശീയ ഗ്രാമവികസന വകുപ്പ് അഡിഷണൽ സെക്രട്ടറി എസ്. എം. വിജയാനന്ദ് IAS, പ്രൊഫ: എം.എ. ഉമ്മൻ, പ്രൊഫ. കെ.സി. ശിവരാമകൃഷ്ണൻ, U.S.A. യിലെ ബ്രൗൺ യൂണിവേഴ്സിറ്റി പ്രൊഫസർ പാട്രിക്ക് ഹെല്ലർ എന്നിവർ പ്ലീനറി സെഷനിൽ പങ്കെടുത്തു സംസാരിച്ചു.

ഉച്ചതിരിഞ്ഞ് 2.30 മുതൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് മൂന്ന് വേദികളിലായി സെമിനാറുകൾ നടന്നു. വേദി 1 ൽ പങ്കാളിത്തജനാധിപത്യം - അനുഭവങ്ങൾ വെല്ലുവിളികൾ എന്നീ വിഷയ



ജനാധിപത്യ ശാക്തീകരണത്തിന്റെ അന്താരാഷ്ട്ര സമ്മേളനം

ത്തെക്കുറിച്ചും വേദി 2-ൽ പങ്കാളിത്ത ആസൂത്രണത്തെ സംബന്ധിച്ചും വേദി -3ൽ പങ്കാളിത്ത ജനാധിപത്യത്തിന്റെ കേരള പാഠങ്ങളെക്കുറിച്ചുമാണ് സെമിനാറുകൾ നടന്നത്. സെമിനാറുകളിൽ വിവിധ യൂണിവേഴ്സിറ്റികളിൽ നിന്നും എത്തിചേർന്ന വിദഗ്ദ്ധരും, ഗവേഷകരും പഠനാർഹമായ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

വൈകുന്നേരം 5 മണി മുതൽ പ്രത്യേക സമ്മേളനം വേദി 1ൽ നടന്നു.

മുൻ പഞ്ചായത്തു വകുപ്പ് മന്ത്രി കെ. കുട്ടി അഹമ്മദ് കൂട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ആന്ധ്രാപ്രദേശ് പഞ്ചായത്തു രാജ് മന്ത്രി ജന്ന റെഡ്ഡി, ബീഹാർ മന്ത്രി - ജയന്തി രാംജി ഭായ്, ജമ്മു കാശ്മീർ മന്ത്രി അലിമുഹമ്മദ് സാഗർ, മഹാരാഷ്ട്ര മന്ത്രി ജയന്ത് രാജാറാം പാട്ടീൽ, ഒറിസാ മന്ത്രി കല്പതരു ദാസ് തുടങ്ങിയവർ പങ്കെടുത്തു. UNO യുടെ റസിഡന്റ് കോ - ഓർഡിനേറ്റർ ലിസി ഗ്രാൻഡെ, ലോകബാങ്ക് അഡ്വൈസർ മൈക്കിൾ ഹാനി തുടങ്ങിയവർ പ്രത്യേക ക്ഷണിതാക്കളായിരുന്നു.

രാത്രി 7.30 മുതൽ നാടൻ കലാ മേള വേദി 1 ൽ അരങ്ങേറി. അതോടെ ആദ്യദിവസ സമ്മേളനം അവസാനിച്ചു.

രണ്ടാം ദിവസം രാവിലെ 9 മണി മുതൽ തന്നെ ടെക്നിക്കൽ സെഷനുകൾ ആരംഭിച്ചു. വേദി 1ൽ സ്ത്രീ ശാക്തീകരണവും പ്രാദേശിക സർക്കാരുകളും എന്ന വിഷയത്തെ സംബന്ധിച്ചായിരുന്നു ചർച്ചകൾ. പ്രൊഫ: ജീമോൾ ഉണ്ണി, ഡോ. എച്ച്. ഗൗഡ തിരുവല്ലയിലെയും, കവിയൂരിലേയും സ്ത്രീ ശാക്തീകരണത്തിന്റെ തെളിവുകൾ

എന്ന വിഷയത്തെ കുറിച്ച് മേരി ഉമ്മൻ, ഡോ. അഞ്ചു അഗർവാൾ, ഡോ. ദീപക് കുമാർസിൽ, ഡോ. സിദ്ധാർത്ഥ ശങ്കർ ലാഹ അഗ്രതി ശ്രീവാസ്തവ എന്നിവരും വിഷയത്തിന്റെ വിവിധ തലങ്ങളെ സ്പർശിച്ചുകൊണ്ട് അവതരണം നടത്തി. വേദി 2 ൽ വനിതാ ശാക്തീകരണത്തെ കുറിച്ച് ടെക്നിക്കൽ സെഷൻ നടന്നു.

വേദി 3 ൽ പ്രാദേശിക ഭരണത്തിൽ ഇലക്ഷൻ കമ്മിഷന്റെ പങ്കിനെ കുറിച്ചുള്ള ടെക്നിക്കൽ സെഷനാണ് നടന്നത്. ഇൻഡ്യയിലെ മിക്കവാറും എല്ലാ സംസ്ഥാനങ്ങിൽ നിന്നുള്ള ഇലക്ഷൻ കമ്മിഷണർമാർ പങ്കെടുത്ത സെമിനാർ പഞ്ചായത്തു സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ ഉദ്ഘാടനം നിർവ്വഹിച്ചു കേരള സംസ്ഥാന ഇലക്ഷൻ കമ്മിഷണർ കെ.ശശിധരൻ നായർ സ്വാഗതം ആശംസിച്ച ചടങ്ങിൽ രമാകാന്ത് റെഡ്ഡി അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൻ IAS, S.M വിജയാനന്ദ് IAS നളിനി നെറ്റൊ IAS, ജയിംസ് വർഗീസ് IAS തുടങ്ങിയ ഉദ്യോഗസ്ഥ പ്രമുഖരും ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർമാരും പ്രസ്തുത സെഷനിൽ പങ്കെടുത്തു. വൈകുന്നേരം 4 മണിവരെ തുടർന്ന സെഷന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ എസ്. ദിവാകരൻ പിള്ള നന്ദി പറഞ്ഞു.

വേദി 1 ൽ 11.30 മുതൽ അരുണാ റോയ് അദ്ധ്യക്ഷയായി Transparancy and Accountability എന്ന വിഷയത്തെകുറിച്ച് ടെക്നിക്കൽ സെഷൻ നടന്നു. പഞ്ചായത്തു ഡയറക്ടർ മിത്ര.റ്റി. ഐ.എ.എസ് സ്വാഗതം പറഞ്ഞ പരിപാടിയിൽ യു.എൻ.ഡി.പി യുടെ ഗ്ലോബൽ അഡ്വൈസർ ജോൺസാമുവൽ മുഖ്യപ്രഭാഷണം നടത്തി. ഉച്ചയ്ക്ക് 2.30 മണി മുതൽ ഈ വേദിയിൽ Inclusion of the excluded'' എന്ന വിഷയത്തെക്കുറിച്ചായിരുന്നു സെമിനാർ നടന്നത്. ഗ്രാമവികസന കമ്മിഷണർ കെ.വി. മോഹൻ കുമാർ IAS സ്വാഗതം ആശംസിച്ച ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ് ന്യൂഡൽഹിയുടെ ചെയർമാൻ ഡോ. ജോർജ്ജ്മാത്യു അദ്ധ്യക്ഷനായിരുന്നു. മുൻ കേന്ദ്രമന്ത്രി മണിശങ്കർ അയ്യർ മുഖ്യ അതിഥിയായി പങ്കെടുത്തു സംസാരിച്ചു. ഹിന്ദു പത്രത്തിന്റെ എഡിറ്റർ പി. സായിനാഥ് മുഖ്യപ്രഭാഷണം നടത്തി.

വേദി 2 –ൽ 11.30 മുതൽ 1.30 വരെ പഞ്ചായത്തുകളും – സാമൂഹ്യ സംഘടനകളും എന്ന വിഷയത്തെകുറിച്ചും 2.30 മുതൽ ഈഗവേണൺസിനെ കുറിച്ചും ടെക്നിക്കൽ സെഷൻ നടന്നു. അതാതു മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ ഗവേഷണ വിദ്യാർത്ഥികൾ തുടങ്ങിയവർ സെഷനുകളിൽ പങ്കെടുത്തു.

ശേഷം 36–ാം പേജിൽ

ഡോ. ജെ.ബി. രാജൻ
(അസി: പ്രൊഫസർ, കില)
&
ബിജു. എസ്.കെ.
(അസി. പ്രൊഫസർ, ഗവ: കോളേജ്, കാഞ്ഞിരംകുളം)

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001 : 2008

ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിക്കുവാൻ?

ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ട, അവരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഭരണകൂടമെന്ന നിലയിൽ പ്രാദേശിക സർക്കാരിന്റെ ഭരണനിർവ്വഹണം ജനകേന്ദ്രീകൃതമാകണം. (പഞ്ചായത്ത് രാജ് ആക്ട് 1994). ജനകീയാസൂത്രണത്തിലൂടെ കേരളത്തിൽ നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണം ജനകേന്ദ്രീകൃത കാഴ്ചപ്പാടിലുള്ളതാണ്. ജനങ്ങളുടെ ആവശ്യങ്ങളും നിയതമായ സേവനങ്ങളും പ്രദാനം ചെയ്യുന്നതിനാകണം പഞ്ചായത്തിന്റെ ഓരോ പ്രവർത്തനത്തിന്റേയും മുൻഗണന.

ഐ.എസ്.ഒ. 9001 : 2008 സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് (TQM) നടപ്പിലാക്കുകയാണ് ആദ്യപടി. TQM നടപ്പിലാക്കുന്നതിനുള്ള വിവിധ ഘട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

1. പൗരസർവ്വേ (Citizen Survey)

ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ട, അവരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഭരണകൂടമെന്ന നിലയിൽ പ്രാദേശിക സർക്കാരിന്റെ ഭരണനിർവ്വഹണം ജനകേന്ദ്രീകൃതമാകണം. (പഞ്ചായത്ത് രാജ് 1994). ജനകീയാസൂത്രണത്തിലൂടെ കേരളത്തിൽ നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണം ജനകേന്ദ്രീകൃത കാഴ്ചപ്പാടിലുള്ളതാണ്. ജനങ്ങളുടെ ആവശ്യങ്ങളും നിയതമായ സേവനങ്ങളും പ്രദാനം ചെയ്യുന്നതിനാകണം പഞ്ചായത്തിന്റെ ഓരോ പ്രവർത്തനത്തിന്റേയും മുൻഗണന. ജനങ്ങളുടെ ആവശ്യങ്ങളും പ്രതീക്ഷകളും കണ്ടെത്താനുള്ള വേദിയാണ് ഗ്രാമസഭ. സേവനങ്ങളും വികസനപ്രവർത്തനങ്ങളും സംബന്ധിച്ച ജനാഭിലാഷം അറിയുന്നതിന് പൗരസമൂഹ സർവ്വേ നടത്താവുന്നതാണ്. പൗരസമൂഹ സർവ്വേ ഫലം പ്രത്യേക ഗ്രാമസഭ വിളിച്ച് അവതരിപ്പിക്കണം. ഗ്രാമസഭയുടെ പ്രതികരണം കൂടി പരിഗണിച്ച് സർവ്വേ റിപ്പോർട്ട് അന്തിമമാക്കാം.

2. ഗുണമേന്മാ നയരൂപീകരണം

പൗരസമൂഹ സർവ്വേയിൽ നിന്നും ലഭിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സേവനങ്ങളിലും വികസന പ്രവർത്തനങ്ങളിലും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള നയം (Quality Policy) രൂപീകരിക്കണം. ഗുണമേന്മാ നയം വിവിധ തലങ്ങളിലൂടെയാണ് രൂപീകരിക്കുന്നത്.

2.1. കാഴ്ചപ്പാട് (Vision)

നയരൂപീകരണത്തിന്റെ ആദ്യഘട്ടമാണ് സ്ഥാപനത്തിന്റെ കാഴ്ചപ്പാട് രൂപീകരണം. സ്ഥാപനത്തിന്റെ സ്ഥായിയായ നിലനില്പിനെ ന്യായീകരിക്കുന്ന ബൃഹദ് സ്വപ്നമാണ് കാഴ്ചപ്പാട്. ഉദാഹരണം : ഒരു പഞ്ചായത്തിനെ സംബന്ധിച്ച് ജനസൗഹൃദ പഞ്ചായത്താക്കുകയെന്ന സ്വപ്നം.

ജനസൗഹൃദ പഞ്ചായത്ത് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ജനസംതൃപ്തി ഉറപ്പുവരുത്തുന്നതരത്തിൽ സമയബന്ധിതമായി ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടുന്നതിനായി ജനാധിപത്യ തത്വങ്ങളിലധിഷ്ഠിതമായും കൂട്ടായ്മയോടെയും സൗഹാർദ്ദപരമായും സുതാര്യമായും ഉത്തരവാദിത്തപരമായും ഉള്ള പ്രവർത്തനങ്ങൾ എല്ലാ തലങ്ങളിലും ഉറപ്പുവരുത്തുകയാണ് ഈ പഞ്ചായത്തിന്റെ നയം.

2.2. ദൗത്യം (Mission)

കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ദൗത്യം നിർണ്ണയിക്കണം. സമയബന്ധിതമായി ഏറ്റെടുക്കാവുന്ന ദൗത്യങ്ങളിലൂടെയാണ് സ്വപ്നം സാക്ഷാത്കരിക്കുന്നത്. ഉദാഹരണം: പഞ്ചായത്തിന്റെ കാര്യത്തിൽ, ഒരു വർഷത്തിനുള്ളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കി ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടുന്നതിലൂടെ ജനസൗഹൃദ പഞ്ചായത്താകുകയെന്ന സ്വപ്നം സാക്ഷാത്കരിക്കുക.

2.3. ഗുണമേന്മാ നയം (Quality Policy)

കാഴ്ചപ്പാടും ദൗത്യവും തീരുമാനിച്ച് കഴിഞ്ഞാൽ അവയുടെ അടിസ്ഥാനത്തിൽ ഗുണമേന്മാ നയം രൂപീകരിക്കണം. പഞ്ചായത്തിന്റെ പശ്ചാത്തലത്തിൽ ഗുണമേന്മാ നയത്തിന് ഒരു ഉദാഹരണം:

ജനസൗഹൃദ പഞ്ചായത്ത് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ജനസംതൃപ്തി ഉറപ്പുവരുത്തുന്നതരത്തിൽ സമയബന്ധിതമായി ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിലാക്കുന്നതിലൂടെ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടുന്നതിനായി ജനാധിപത്യ തത്വങ്ങളിലധിഷ്ഠിതമായും കൂട്ടായ്മയോടെയും സൗഹാർദ്ദപരമായും സുതാര്യമായും ഉത്തരവാദിത്തപരമായും ഉള്ള പ്രവർത്തനങ്ങൾ എല്ലാ തലങ്ങളിലും ഉറപ്പുവരുത്തുകയാണ് ഈ പഞ്ചായത്തിന്റെ നയം.

സ്വപ്നസാക്ഷാത്കാരത്തിനുള്ള ദൗത്യങ്ങൾ നിറവേറ്റുന്നതിന് പ്രവർത്തനങ്ങൾ കരുപിടിപ്പിക്കുന്നതിനുള്ള ദിശാബോധം നൽകും എന്നതാണ് നയത്തിന്റെ പ്രത്യേകത.

2.4. ഗുണമേന്മാ ലക്ഷ്യങ്ങൾ (Quality Objectives)

നയത്തിന്റെ പ്രാവർത്തികതലമാണ് ലക്ഷ്യങ്ങൾ. ലക്ഷ്യനിർണ്ണയത്തിനായി ഗുണമേന്മ, കാഴ്ചപ്പാട്, ദൗത്യം, നയം എന്നിവ പ്രാദേശിക ഭരണസംവിധാനത്തിന്റെ എല്ലാ തലങ്ങളിലും ചർച്ചയ്ക്ക് വിധേയമാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എല്ലാ വിഭാഗങ്ങളിലും എല്ലാ വ്യക്തികളിലും (ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെ) സ്ഥാപനത്തിന്റെ ഗുണമേന്മാ നയം സംബന്ധിച്ച വ്യക്തത വരുത്തണം. നയം ഉൾക്കൊണ്ടുകൊണ്ട് വേണം ലക്ഷ്യങ്ങൾ നിർണ്ണയിക്കുവാൻ. സ്ഥാപനത്തിന്റെ എല്ലാ തലങ്ങളിലും ലക്ഷ്യങ്ങൾ നിർണ്ണയിക്കണം.

ഗുണമേന്മാ ലക്ഷ്യങ്ങൾ – സവിശേഷത

* ഓരോ വിഭാഗം/ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ തലത്തിലുള്ള ലക്ഷ്യങ്ങൾ വിഭിന്നങ്ങളാണെങ്കിലും അനുപൂരകമായിരിക്കണം. ഓരോ ലക്ഷ്യവും സ്ഥാപനത്തിന്റെ സമഗ്രലക്ഷ്യത്തിലേക്ക് നയിക്കുന്നതാവണം. ഉദാഹരണം: ഫ്രണ്ട് ഓഫീസിൽ കുറ്റമറ്റ രീതിയിൽ അപേക്ഷ സ്വീകരിക്കേണ്ടതും മെയിൻ ഓഫീസിൽ കാലതാമസം കൂടാതെ അപേക്ഷ പരിഗണിക്കേണ്ടതും സമയബന്ധിതമായി പൗരന് സേവനം നൽകാൻ സഹായിക്കും.

* പഞ്ചായത്ത് ഓഫീസിലെ ഓരോ വിഭാഗം/ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ തലങ്ങളിൽ ലക്ഷ്യങ്ങൾ ലളിതമായി (Simple) നിർണ്ണയിക്കണം. ഉദാഹരണത്തിന്:

* ഫ്രണ്ട് ഓഫീസ് ക്ലാർക്ക് കൈപ്പറ്റുന്ന അപേക്ഷകളുടെ നിരസിക്കൽ നിരക്ക് പൂജ്യമാക്കുക.

** ഡിമാന്റ് ചെയ്തിട്ടുള്ള വസ്തു നികുതിയുടെ ശേഖരണം 100 ശതമാനമാക്കുക.

* ലക്ഷ്യങ്ങൾ ഗണപരമായിരിക്കണം (Measurable)

ഉദാഹരണം: ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിനെടുക്കുന്ന സമയം 30 ദിവസത്തിൽ നിന്നും 15 ദിവസമായി കുറയ്ക്കുക.

* ലക്ഷ്യങ്ങൾ കൈവരിക്കുവാൻ കഴിയുന്നതാകണം (Attainable)

ഉദാഹരണം: പഞ്ചായത്തിലെ എല്ലാ യുവാക്കൾക്കും പഞ്ചായത്ത് ഓഫീസിൽ ജോലികൊടുക്കുകയെന്നത് പഞ്ചായത്തിന് കൈവരിക്കാൻ കഴിയുന്ന ലക്ഷ്യമല്ല. എന്നാൽ തൊഴിൽരഹിതരായ യുവതീ -യുവാക്കൾക്ക് വരുമാനദായക സംവിധാനമൊരുക്കുകയെന്നത് കൈവരിക്കുവാൻ കഴിയുന്ന ലക്ഷ്യമാണ്.

* ലക്ഷ്യങ്ങൾ യാഥാർത്ഥ്യതയിൽ ഊന്നിയതാകണം (Realistic)

ഉദാഹരണം: പഞ്ചായത്തിലെ സർക്കാർ സ്കൂളിൽ അത്യാവശ്യ സൗകര്യങ്ങളുണ്ട്. പക്ഷേ ആരോഗ്യമേഖല തീരെ അവഗണിക്കപ്പെട്ട നിലയിലാണ്. ഇവിടെ വീണ്ടും സ്കൂളിന്റെ സൗകര്യവർദ്ധനവ് ലക്ഷ്യമായി സ്വീകരിക്കുന്നത് യാഥാർത്ഥ്യതയിൽ ഊന്നിയതല്ല.

* ലക്ഷ്യങ്ങൾ സമയബന്ധിതമാകണം (Time Bound)

ഉദാഹരണം: പെർമിറ്റ് നൽകുന്നതിനെടുക്കുന്ന സമയം 15 ദിവസമായി കുറയ്ക്കുമെന്നുള്ളത് 3 മാസത്തിനുള്ളിൽ നടപ്പിലാക്കുക.

3. ക്വാളിറ്റി മാന്വൽ തയ്യാറാക്കൽ

ക്വാളിറ്റി മാന്വൽ പഞ്ചായത്തിനെക്കുറിച്ചും, ഉത്തരവാദിത്തങ്ങളെക്കുറിച്ചും, പഞ്ചായത്തിന്റെ ഗുണമേന്മാ നയം, ലക്ഷ്യങ്ങൾ, ഗുണമേന്മാ സംവിധാനത്തിന്റെ വ്യാപ്തി, സേവനങ്ങൾ എന്നിവയെക്കുറിച്ചും ഉള്ള ആധികാരിക രേഖയാണ്. ഗുണമേന്മാ നയവും അവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളും ഉൾക്കൊള്ളിച്ചുകൊണ്ട് ക്വാളിറ്റി മാന്വൽ തയ്യാറാക്കണം.

4. വിഭവങ്ങൾ ഉറപ്പുവരുത്തൽ

ഒരു സ്ഥാപനത്തിന്റെ കാര്യക്ഷമവും ഫലപ്രദവുമായ പ്രവർത്തനത്തിന് സുപ്രധാന വിഭവങ്ങളായ മനുഷ്യശേഷി, പശ്ചാത്തല സൗകര്യങ്ങൾ, പ്രവർത്തനോന്മുഖ അന്തരീക്ഷം എന്നിവ ഉറപ്പുവരുത്തണം.

വ്യത്യസ്ത വിഭാഗങ്ങളിലെ/ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ഫലപ്രദമായ പങ്കാളിത്തം അവരുടെ കാര്യശേഷിയെ ആശ്രയിച്ചിരിക്കും. ആയതിനാൽ ഗുണനിലവാര ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും കാര്യശേഷി മെച്ചപ്പെടുത്തേണ്ടതുണ്ട്. കാര്യശേഷി ഉറപ്പുവരുത്തുന്നതിലേക്കായി വ്യത്യസ്ത പ്രവർത്തനങ്ങളിൽ ആവശ്യമായ കാര്യശേഷി – അറിവ്, വൈദഗ്ധ്യം– നിർണ്ണയിക്കുക; കാര്യശേഷിയിലുള്ള വിടവുകൾ നിർണ്ണയിക്കുക; ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക; പരിശീലന പരിപാടികളുടെ ഫലപ്രാപ്തി വിലയിരുത്തുക; ഗുണമേന്മാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഓരോ വ്യക്തിയുടേയും പ്രവർത്തനത്തിന് പ്രാധാന്യമുണ്ടെന്നും ആയതിലേക്ക് അവരുടെ അറിവും വൈദഗ്ദ്ധ്യവും പ്രയോജനപ്പെടുത്തുന്നു എന്നും ഉറപ്പുവരുത്തുക.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് ഏർപ്പെടുത്തുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളായ കെട്ടിടം, ജോലി സ്ഥലം, അനുബന്ധ സൗകര്യങ്ങൾ എന്നിവ കണക്കിലെടുക്കുമ്പോൾ അടുത്ത 20 വർഷത്തിലെങ്കിലും സംഭവിക്കാവുന്ന മാറ്റങ്ങൾ മുൻകൂട്ടി കണ്ട് തയ്യാറാക്കണം. കൂടാതെ ഭിന്നശേഷിയുള്ളവർ, പ്രത്യേക പരിഗണന അർഹിക്കുന്നവർ, വയോജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ എന്നിവരുടെ ആവശ്യങ്ങൾ, പ്രത്യേകതകൾ എന്നിവയും പരിഗണിക്കണം. സേവനപ്രദാനത്തോടൊപ്പം, ബൗദ്ധികവികാസവും, മാനസികോല്ലാസവും കണ്ടുവേണം സാഹചര്യങ്ങൾ ഒരുക്കേണ്ടത്. ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് സംബന്ധിച്ച സർക്കാർ ഉത്തരവ് (123/09/തസ്വഭ, തീയതി 2.7.2009) പ്രകാരം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ടിട്ടുള്ള സൗകര്യങ്ങൾ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഒരുക്കേണ്ടതുണ്ട്. അതിന്റെ ഫലപ്രാപ്തി നിരന്തരം വിലയിരുത്തേണ്ടതാണ്.

കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കാവശ്യമായ കമ്പ്യൂട്ടർ സൗകര്യങ്ങൾ കൂടാതെ ഐ.കെ.എം. വികസിപ്പിച്ചിട്ടുള്ള എല്ലാ സോഫ്റ്റ് വെയറുകളും പഞ്ചായത്തിൽ ഒരുക്കുകയും അതിന്റെ പ്രവർത്തനക്ഷമത, കാലാനുസൃതമായ മാറ്റം വരുത്തൽ എന്നിവ ഉറപ്പുവരുത്തുകയും വേണം.

കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതാണ്. ഫയലുകൾ കൂട്ടിയിട്ടിരിക്കുന്നതും, വൃത്തിഹീനവുമായ ഓഫീസുകൾക്കു പകരം വൃത്തിയുള്ളതും, നല്ല വെളിച്ചമുള്ളതുമായ അന്തരീക്ഷം ഉറപ്പുവരുത്തുകയും വേണം. പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക എന്നതിലുപരി അത് പ്രവർത്തനാനുകൂല സാഹചര്യം സൃഷ്ടിക്കുന്നതാണെന്ന് ഉറപ്പുവരുത്തണം (അന്തരീക്ഷ വെളിച്ചം, വായു, ശബ്ദം എന്നിവ പ്രവർത്തന സൗഹൃദമാകണം).

5. റെക്കോർഡ് മാനേജ്മെന്റ്

ശരിയായ സമയത്ത് ശരിയായ തീരുമാനങ്ങൾ എടുത്തില്ലെങ്കിൽ പ്രവർത്തനത്തെ സാരമായി ബാധിക്കും. അവ ഒഴിവാക്കുന്നതിന് പ്രമാണങ്ങളും രേഖകളും സഹായകരമാകും. ഒരു പ്രവൃത്തി/ജോലി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ, ഫോറങ്ങൾ, പ്രക്രിയ വിവരണങ്ങൾ, നടപടിക്രമങ്ങൾ എന്നിവയാണ് പ്രമാണങ്ങൾ. ഉദാഹരണം : പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, ക്വാളിറ്റി മാന്വൽ. നിർവ്വഹിച്ച പ്രവർത്തികളുടെ തെളിവായുള്ള ഫയലുകളും റിപ്പോർട്ടുകളുമാണ് രേഖകൾ എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്.

ജോലി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരസ്പര സഹകരണത്തോടെയുള്ള ഉത്തരവാദിത്ത നിർവ്വഹണം ഉറപ്പുവരുത്തുന്നതിനും ഉള്ള ജീവനക്കാരുടെ കൂട്ടായ്മയാണ് ക്വാളിറ്റി സർക്കിൾ.

ഉദാഹരണത്തിന്: വാർഷിക ധനകാര്യ പത്രിക, ആസ്തി രജിസ്റ്റർ. പ്രമാണങ്ങളും രേഖകളും തയ്യാറാക്കി ആവശ്യാനുസരണം ഉപയുക്തമാകുന്ന തരത്തിൽ പരിപാലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം. പ്രമാണങ്ങളുടെയും രേഖകളുടെയും സൂക്ഷിപ്പിനായി റെക്കോർഡ് റൂം (ഡിജിറ്റൽ രൂപത്തിലാക്കാൻ കഴിയുന്നവ അങ്ങനെയും) സജ്ജീകരിക്കണം. അവ സൂക്ഷിക്കുകയും വിതരണം ചെയ്യുകയും തിരിച്ചുവരുന്ന റെക്കോർഡ് എടുത്ത സ്ഥലത്തുതന്നെ സൂക്ഷിക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം നിശ്ചയിക്കണം. ഒപ്പം നിരന്തര നിരീക്ഷണ വിലയിരുത്തലുകൾ നടത്തുകയും ചെയ്യണം.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിന്റെ കാര്യക്ഷമത റെക്കോർഡ് മാനേജ്മെന്റിനെ ആശ്രയിച്ചിരിക്കും. പല പഞ്ചായത്തിലും മുൻ രേഖകൾ തിരഞ്ഞ് കണ്ടെത്തുന്നതിനാണ് ഏറ്റവും കൂടുതൽ സമയം ചെലവിടുന്നത്. വേഗത്തിൽ അവ ലഭിക്കുന്ന സാഹചര്യം സൃഷ്ടിച്ചാൽ ജോലിഭാരത്തിന് ഒരു അളവു വരെ കുറവുണ്ടാകും. റെക്കോർഡ് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിലൂടെ അതു സാധിക്കും.

കഴിഞ്ഞലക്കം (2014 ജനുവരി) പഞ്ചായത്ത്‌രാജ് മാസികയിൽ ഗ്രാമപഞ്ചായത്തുകളിലൂടെ എന്ന പംക്തിയിൽ പത്തനാപുരം ഗ്രാമ പഞ്ചായത്ത് പത്തനംതിട്ട ജില്ല എന്ന് രേഖപ്പെടുത്തിയിരുന്നത് കൊല്ലം ജില്ല എന്ന് തിരുത്തി വായിക്കേണ്ടതാണ്.

എഡിറ്റർ

6. ക്വാളിറ്റി സർക്കിൾ (Quality Circle)

ജോലി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പരസ്പര സഹകരണത്തോടെയുള്ള ഉത്തരവാദിത്ത നിർവ്വഹണം ഉറപ്പുവരുത്തുന്നതിനുംഉള്ള ജീവനക്കാരുടെ കൂട്ടായ്മയാണ് ക്വാളിറ്റി സർക്കിൾ. ഉത്തരവാദിത്തബോധം വളർത്തുക, സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക, നിരന്തര വിശകലനം നടത്തുക, പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, നൂതന ആശയങ്ങൾ രൂപീകരിക്കുക എന്നീ തലങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി സർക്കിളുകൾ പ്രശ്നപരിഹാരത്തിനുള്ള ജനാധിപത്യ വേദിയാണ്. ക്വാളിറ്റി സർക്കിൾ അജണ്ട, മിനിറ്റ്സ്, അതിന്റെ പ്രവർത്തനങ്ങൾ എന്നിവയുടെ മേൽനോട്ടത്തിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്താവുന്നതാണ്. കുടിശ്ശിക ജോലികൾ ചെയ്തുതീർക്കുകയല്ല, മറിച്ച് പഞ്ചായത്ത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, പ്രശ്നങ്ങൾ, പ്രതിബന്ധങ്ങൾ, കുറവുകൾ പരിഹരിക്കാൻ ശ്രമിക്കുക; ജീവനക്കാരുടെ തലത്തിൽ കഴിയാത്ത കാര്യങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലൂടെ പഞ്ചായത്ത് സമിതിയിൽ അവതരിപ്പിച്ച് പരിഹാരം കാണുക എന്നിവയാണ് ക്വാളിറ്റി സർക്കിളിന്റെ ഉത്തരവാദിത്തങ്ങൾ.

ക്വാളിറ്റി സർക്കിളും ജീവനക്കാരുടെ യോഗവും തമ്മിൽ വ്യത്യാസമുണ്ട്. ജീവനക്കാരുടെ യോഗം (Staff Meeting) എല്ലാ ജീവനക്കാരും മാസത്തിലൊരിക്കൽ ഒത്തുകൂടുന്നതും ഔദ്യോഗികവുമാണ്. സെക്രട്ടറിയുടെ മേൽനോട്ടത്തിൽ കാര്യങ്ങൾ ചർച്ച ചെയ്യും. എന്നാൽ ക്വാളിറ്റി സർക്കിൾ ജീവനക്കാരുടെ പ്രതിനിധികളായ കുറച്ചു ജീവനക്കാരുടെ ഗുണമേന്മക്കുള്ള സൗഹൃദ കൂട്ടായ്മയാണ്. ഓഫീസ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക, സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുക, ഓഫീസിലെ പ്രശ്ന പരിഹാര വേദിയാക്കുക എന്നിവയാണ് ക്വാളിറ്റി സർക്കിളിന്റെ ഉത്തരവാദിത്തം.

ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് പഞ്ചായത്തിൽ സാധ്യമോ ?

അടുത്തലക്കം കാണുക

■

തുടരും

നിയമദൃഷ്ടി

ജോൺ എസ്. ജെയിംസ്

തദ്ദേശ ഭരണ കമ്മീഷൻ വരവായി!

വരവായി ഒരു ദിശാബോധം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഷയത്തിൽ നിലവിലുള്ള എല്ലാ നിയമങ്ങളും, ബന്ധപ്പെട്ട ചട്ടങ്ങളും ബൈലാകളും പുന:പരിശോധിക്കുകയും ആവശ്യമായ ഭേദഗതികളും പുതിയ വ്യവസ്ഥകളും നിർദ്ദേശിക്കുകയും കരടുകൾ തയ്യാറാക്കുകയും ചെയ്യുക എന്നതാണ് ഈ കമ്മീഷന്റെ പ്രഥമവും പ്രധാനവുമായ പരിഗണനാ വിഷയം അഥവാ ടേംസ് ഓഫ് റഫറൻസ്.

വികേന്ദ്രീകൃത ആസൂത്രണവും അധികാര വികേന്ദ്രീകരണവും ലക്ഷ്യമാക്കിയുള്ള 1992-ലെ 73-ാം 74-ാം ഭരണഘടനാ ഭേദഗതികൾക്കു ശേഷം, അനിവാര്യമായ 1994-ലെ സംസ്ഥാന നിയമനിർമ്മാണവും പൂർത്തിയായശേഷം, ധനസ്രോതസ്സുകളും ഉത്തരവാദിത്തങ്ങളും അധികാരങ്ങളും, കുറച്ച് കാലത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പകർന്നു കൊടുത്തു. 1999ൽ വരെ നീണ്ടുപോയ പ്രാരംഭ പരീക്ഷണ നിരീക്ഷണങ്ങൾക്ക് ശേഷം സ്ഥാപനവൽക്കരണത്തിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി കൂടുതൽ നിയമ നിർമ്മാണങ്ങൾക്കായി 1996-ലെ സെൻ കമ്മിറ്റി രൂപീകരിക്കപ്പെടുകയും കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി ആക്ടുകളിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുന്ന 1999-ലെ നിയമ ഭേദഗതികൾ വരുത്തുകയും ചെയ്തു.

ഇതിനിടെ, തൊണ്ണൂറുകളുടെ ഒടുവിൽ ഒരു വഴിക്ക്, ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ജനകീയാസൂത്രണ പരിപാടിയുമായി മുന്നോട്ടു പോയി. ഇതൊരു അഡ്ഹോക് പരിപാടിയായിരുന്നു; മാർഗനിർദ്ദേശങ്ങളുടേയും സർക്കുലറുകളുടേയും പിന്നീട് മാർഗ രേഖകളായി സർക്കാർ ഉത്തരവുകളുടേയും പിൻബലത്തോടെ. 1994-ലെ നിയമഭേദഗതികൾ നിർദ്ദേശിച്ചിരുന്ന ചട്ടങ്ങൾക്ക് പകരമായിരുന്നു ഇത്. എങ്കിലും കേരളത്തിൽ നടത്തിയ ജനകീയാസൂത്രണ പരീക്ഷണം ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ഉത്തമം എന്ന് ശ്ലാഘിക്കപ്പെട്ടു.

"ഉപ്പോളം വരുമോ ഉപ്പിലിട്ടത്" എന്ന പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ജനകീയ ആസൂത്രണം ചട്ടങ്ങളിലൂടേയും ബൈലാകളിലൂടേയും സ്ഥാപനവൽക്കരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ജനകീയാസൂത്രണത്തിന്റെ സംഘാടകർക്കും സർക്കാരിനും പദ്ധതി നടത്തിപ്പ്കാരായ ഉദ്യോഗസ്ഥർക്കും ക്രമേണ ബോദ്ധ്യമായി. ജനകീയാസൂത്രണത്തിലൂടെ ഉരുത്തിരിഞ്ഞ അനുഭവ സമ്പത്ത് നിയമത്തിലൂടേയും ചട്ടങ്ങളിലൂടേയും സ്ഥാപനവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങളും ആരംഭിച്ചു. ഇതിന്റെ ഒക്കെ ഫലമായി പ്രധാനമായി വികേന്ദ്രീകൃത ആസൂത്രണവും അധികാര വികേന്ദ്രീകരണവും ദീർഘകാലാടിസ്ഥാനത്തിൽ സ്ഥാപനവൽക്കരിക്കപ്പെടുന്നതിലേക്ക് തദ്ദേശ ഭരണ കമ്മീഷൻ രൂപീകരിക്കുന്നതിനായി 22-10-2012 ജി.ഒ.(എം.എസ്).273/12/ത.സ്വ.ഭ.വ ഉത്തരവ് പുറപ്പെടുവിച്ചു. **കേരള സംസ്ഥാനത്തിൽ അധികാര വികേന്ദ്രീകരണമെന്ന പ്രക്രിയ സ്ഥാപനവൽക്കരിക്കുന്നതിന് മാർഗ നിർദേശം നൽകുന്നതിലേക്ക്** എന്നാണ് ഉത്തരവിന്റെ സംഗ്രഹത്തിൽ തന്നെ ഉദ്ദേശ്യ ലക്ഷ്യമായി പറയുന്നത്.

മുൻ തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി കുട്ടി അഹമ്മദ് കുട്ടി ചെയർമാനും, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മെമ്പർ സെക്രട്ടറിയും കൺവീനറുമായ ഈ ഉന്നതാധികാര സമിതിയിൽ 1994-ലെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി ആക്ടുകളുടെ ശിൽപിയായിരുന്ന മുൻ നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, കേന്ദ്ര സർക്കാർ മുൻജോയിന്റ് സെക്രട്ടറി തുടങ്ങിയ വിദഗ്ധരും അംഗങ്ങളാണ്. അനുഭവസമ്പത്തുള്ള ജനപ്രതിനിധികളും ഇതിൽപെടും.

"ഉപ്പോളം വരുമോ ഉപ്പിലിട്ടത്" എന്ന പ്രമാണത്തിന്റെ അടിസ്ഥാനത്തിൽ ജനകീയ ആസൂത്രണം ചട്ടങ്ങളിലൂടേയും ബൈലാകളിലൂടേയും സ്ഥാപനവൽക്കരിക്കപ്പെടേണ്ടതിന്റെ ആവശ്യകത ജനകീയാസൂത്രണത്തിന്റെ സംഘാടകർക്കും സർക്കാരിനും പദ്ധതി നടത്തിപ്പ്കാരായ ഉദ്യോഗസ്ഥർക്കും ക്രമേണ ബോദ്ധ്യമായി. ജനകീയാസൂത്രണത്തിലൂടെ ഉരുത്തിരിഞ്ഞ അനുഭവ സമ്പത്ത് നിയമത്തിലൂടേയും ചട്ടങ്ങളിലൂടേയും സ്ഥാപനവൽക്കരിക്കുന്നതിനുള്ള ശ്രമങ്ങളും ആരംഭിച്ചു. ഇതിന്റെ ഒക്കെ ഫലമായി പ്രധാനമായി വികേന്ദ്രീകൃത ആസൂത്രണവും അധികാര വികേന്ദ്രീകരണവും ദീർഘകാലാടിസ്ഥാനത്തിൽ സ്ഥാപനവൽക്കരിക്കപ്പെടുന്നതിലേക്ക് തദ്ദേശ ഭരണ കമ്മീഷൻ രൂപീകരിക്കുന്നതിനായി 22-10-2012 ജി.ഒ.(എം.എസ്).273/12/ത.സ്വ.ഭ.വ ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഷയത്തിൽ നിലവിലുള്ള എല്ലാ നിയമങ്ങളും, ബന്ധപ്പെട്ട ചട്ടങ്ങളും ബൈലാകളും പുന:പരിശോധിക്കുകയും ആവശ്യമായ ഭേദഗതികളും പുതിയ വ്യവസ്ഥകളും നിർദ്ദേശിക്കുകയും കരടുകൾ തയ്യാറാക്കുകയും ചെയ്യുക എന്നതാണ് ഈ കമ്മീഷന്റെ പ്രഥമവും പ്രധാനവുമായ പരിഗണനാ വിഷയം അഥവാ ടേംസ് ഓഫ് റഫറൻസ്. ഇതിൽ വികേന്ദ്രീകൃത ആസൂത്രണവും അധികാര വികേന്ദ്രീകരണവും സ്ഥാപനവൽക്കരിക്കപ്പെടുന്നതിനുള്ള എല്ലാ നിയമ-ചട്ടഭേദഗതികളും ഉൾപ്പെടും. കൂടാതെ ഭരണഘടനാ ഭേദഗതികൾ നിർദേശിക്കുന്നതും, എന്നാൽ വിട്ടുപോയതുമായ എല്ലാ നിയമ നിർമ്മാണ നിർദേശങ്ങളും ഇതിൽ ഉൾപ്പെടുന്നതും ഉൾപ്പെടുത്താവുന്നതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന നിയമ നിർമ്മാണപരവും ഭരണപരിഷ്കാരവുമായ നിരവധി പ്രശ്നങ്ങൾ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തസ്തികളുടെ രൂപം, ഘടന പ്രതീക്ഷിക്കുന്ന ജോലിയുടെ ഗുണനിലവാരം, കാര്യക്ഷമത എന്നിവയ്ക്ക് അനുരൂപമായി പുന:സംഘടിപ്പിക്കുന്നതിനുള്ള പഠനം നടത്തുന്നതും ശുപാർശകൾ സമർപ്പിക്കുന്നതും കമ്മീഷന്റെ ഒരു ചുമതലയാണ്. അടുത്ത കാലത്ത് പഞ്ചായത്തുകളിൽ തനത് വരുമാനം വർദ്ധിപ്പിക്കുക, നികുതി പിരിവ് കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോട, തസ്തികകൾ വർദ്ധിപ്പിച്ചത് ഫലം കണ്ടിട്ടുണ്ട്. സ്ഥാപനങ്ങളുടെ ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കപ്പെടുന്നതിന് ചുമതലപ്പെട്ടവർക്ക് പരിശീലനം നൽകുന്നതും കഴിവ് വർദ്ധിപ്പിക്കുന്നതും അതിനു വേണ്ടി നടപടികളെപ്പറ്റി ശുപാർശകൾ നൽകുന്നതും സംബന്ധിച്ച് കമ്മീഷന് സർക്കാരിലേക്ക് റിപ്പോർട്ട് നൽകാവുന്നതാണ്. പദ്ധതി രൂപീകരണം, നടപ്പാക്കൽ, മോണിറ്ററിംഗ് തുടങ്ങി വികേന്ദ്രീകൃത ആസൂത്രണത്തിന് ആവശ്യമായ എല്ലാ വിധ നടപടികളും ശുപാർശ ചെയ്യുന്നത് കമ്മീഷന്റെ ചുമതലയാണ്. വിവിധ വകുപ്പുകളിൽ നിന്നും കൈമാറ്റം ചെയ്തു കിട്ടിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ ബന്ധങ്ങൾ മെച്ചപ്പെടുത്താനുള്ള ശുപാർശയും നിർദേശങ്ങളും കമ്മീഷന് സർക്കാരിലേക്ക് നൽകാവുന്നതാണ്. ധനപരിപാലനം, സ്ഥാപനവൽക്കരണം തുടങ്ങി എല്ലാ മേഖലകളിലും നടപടിക്രമങ്ങൾ മെച്ചപ്പെടുത്താനും ശുപാർശ നൽകാവുന്നതാണ്. കമ്മീഷന്റെ പ്രവർത്തന ശൈലി, തുടർനടപടിക്രമങ്ങൾ, അധികാരങ്ങൾ തുടങ്ങിയ എല്ലാ കാര്യങ്ങളും കമ്മീഷൻ രൂപീകരിച്ചു കൊണ്ടുള്ള ഉത്തരവിൽ പരാമർശിക്കപ്പെട്ടിരിക്കുന്നു.

1996-ലെ സെൻ കമ്മിറ്റിയുടെ തുടർച്ചയായി പ്രവർത്തിച്ചുകൊണ്ടിരുന്ന അധികാര വികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ ഒരു തുടർച്ചയെന്നോണമാണ് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ എന്ന സംവിധാനം രൂപീകരിച്ചതും ഇപ്പോൾ പ്രവർത്തിച്ച് വരുന്നതും. അതു കൊണ്ട് തന്നെ കൺസൾട്ടേറ്റീവ് കമ്മിറ്റി ഇപ്പോൾ പ്രവർത്തിച്ച് വരുന്ന ഇടവും, അതിലെ സപ്പോർട്ടിംഗ് സിസ്റ്റവും കമ്മീഷന്റേതായി തുടരുമെന്നും പുതിയ തസ്തികകൾ അനുവദിക്കേണ്ടതില്ലായെന്നും ആവശ്യമായ അധിക തസ്തികകളിലേക്ക് പുനർ വിന്യാസത്തിലൂടെ നിയമനം നടത്തണം എന്നും ഈ ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിരിക്കുന്നു. അതനുസരിച്ച് കൺസൾട്ടേറ്റീവ് കമ്മിറ്റിയിലെ തസ്തികകളിൽപ്പെട്ടവർ കമ്മീഷന്റെ സ്റ്റാഫായി കമ്മീഷൻ രൂപീകരിച്ചതു മുതൽ തുടർന്നു വരികയും ചെയ്യുന്നു.

ടേംസ് ഓഫ് റഫറൻസ് അനുസരിച്ച് സർക്കാർ വിവിധ പ്രശ്നങ്ങൾ കമ്മീഷനെ ഇപ്പോൾ ചുമതലപ്പെടുത്തി വരികയാണ്. അതനുസരിച്ച് പദ്ധതി രൂപീകരണം - നടപ്പാക്കൽ - മോണിറ്ററിംഗ് - ചട്ടങ്ങൾക്ക് കരട് തയ്യാറാക്കുന്നതിനുള്ള ഫയൽ ബഹുമാനപ്പെട്ട വകുപ്പ് മന്ത്രി ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ഏൽപ്പിച്ചു കഴിഞ്ഞു. നിയമ നിർമ്മാണ കാര്യങ്ങളിൽ പഞ്ചായത്ത് - നഗരകാര്യ മന്ത്രിമാർ കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞു വരുന്നു. നിയമോപദേശം ആവശ്യമായ ഫയലുകളിലും ടേംസ് ഓഫ് റഫറൻസ് പ്രകാരം അഭിപ്രായം ആരാഞ്ഞുവരികയും അവ നൽകി വരികയും ചെയ്ത് വരുന്നുണ്ട്.

വികേന്ദ്രീകൃത ആസൂത്രണത്തിനും അധികാര വികേന്ദ്രീകരണത്തിനും പൊതുവെ ഒരു ദിശാബോധം ഇപ്പോൾ ഈ കമ്മീഷനിലൂടെ ലഭ്യമാകുന്നുണ്ട്. ഇവയുടെ ചക്രവാളങ്ങൾ അനുദിനം വികസിക്കുകയും, നാൾക്കു നാൾ ഉയരങ്ങൾ കൈവരിക്കുകയും ചെയ്യുമെന്ന് ന്യായമായി പ്രതീക്ഷിക്കാം.

വാൽകഷ്ണം

ശിഷ്യൻ :- ത്രിതല പഞ്ചായത്ത് ഒരു വശത്ത്, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വേറെ, അതോറിറ്റികൾ വേറൊരു കൂട്ടം - ഇതിനെയെല്ലാം സർക്കാർ എങ്ങനെ കൊണ്ട് പോകും, എന്റെ ആശാനെ!

ആശാൻ:- ഇതിനല്ലേ അധികാര വികേന്ദ്രീകരണം ഭരണഘടനാ ഭേദഗതികളിലൂടെ 92 കൊണ്ട് വന്നത്. ഓരോന്നിനും ഓരോ തലം ഉണ്ട്. അവിടെ നിന്ന് കളിക്കണം. അതിനാണ് നിയമവും ചട്ടവും ഒക്കെ. ആരും ആരുടെ മേക്കിട്ട് കേറാൻ ചെല്ലാതിരുന്നാൽ മതി.

ശിഷ്യൻ :- എല്ലാ കാലത്തേക്കും ആവശ്യമായ നിയമവും ചട്ടവും എഴുതി റെഡിയാക്കി വച്ചിട്ടില്ലേ ആശാനെ

ആശാൻ :- നിയമം ഇരുമ്പുലക്കയല്ലായെന്ന് കേട്ടിട്ടില്ലേടേയ്. സാഹചര്യം മാറി മാറി വരുന്നതനുസരിച്ച്, അധികാരം വികേന്ദ്രീകരിച്ച് വരുന്നതനുസരിച്ച്, ആസൂത്രണം വികേന്ദ്രീകരിച്ച് വരുന്നതനുസരിച്ച് നിയമവും ഭേദഗതി ചെയ്യപ്പെടണം, പരിഷ്കരണം വരുത്താനും നിയമ ഭേദഗതി വേണം.

ശിഷ്യൻ :- അപ്പോൾ എല്ലാകാലത്തേക്കും ആവശ്യമായ നിയമം നേരത്തേ എഴുതി വച്ചിട്ടില്ല അല്ലേ.

ആശാൻ :- അതിനല്ലേ കമ്മിറ്റികളും കമ്മീഷനുകളും വരുന്നത്. നിയമഭേദഗതികൾ നിർദ്ദേശിക്കാനും കരട് നിയമങ്ങൾ രൂപീകരിക്കാനുമായി. ഇപ്പോൾ വന്നല്ലോ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ ! അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും നേരെ ചൊവ്വേ നടപ്പാക്കുന്നതിന് ആവശ്യമായ കരട് നിയമങ്ങൾ ചമയ്ക്കാനും ഭരണഘടനാ ഭേദഗതി നിഷ്കർഷിക്കുന്ന തുടർ നിയമ നിർമ്മാണങ്ങൾക്ക് നിർദേശങ്ങൾ വയ്ക്കാനും ആയിട്ടാണല്ലോ ലോക്കൽ ഗവൺമെന്റ് കമ്മീഷൻ രൂപീകരിച്ചിരിക്കുന്നത്. കൂട്ടത്തിൽ ഒട്ടേറെ ചുമതലകളും അധികാരങ്ങളും ഈ കമ്മീഷനുണ്ട്.

ശിഷ്യൻ:- കത്തി തേച്ചുതേച്ചല്ലേ ആശാനെ മൂർച്ച കൂട്ടുന്നത്. അതുപോലെ നിയമവും ഉപയോഗത്തിനനുസരിച്ച് തേച്ചു മൂർച്ച കൂട്ടിക്കൊണ്ടിരിക്കണം. അല്ലേ.

ആശാൻ:- അതേയതേ. നിനക്ക് വിവരമുണ്ട്. ■

ലേഖകൻ: സെക്രട്ടറിയേറ്റ് ലാ ഡിപ്പാർട്ട്മെന്റിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ചതാണ്.

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തസ്തികളുടെ രൂപം, ഘടന പ്രതീക്ഷിക്കുന്ന ജോലിയുടെ ഗുണനിലവാരം, കാര്യക്ഷമത എന്നിവയ്ക്ക് അനുരൂപമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള പഠനം നടത്തുന്നതും ശുപാർശകൾ സമർപ്പിക്കുന്നതും കമ്മീഷന്റെ ഒരു ചുമതലയാണ്. അടുത്ത കാലത്ത് പഞ്ചായത്തുകളിൽ തനത് വരുമാനം വർദ്ധിപ്പിക്കുക, നികുതി പിരിവ് കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ, തസ്തികകൾ വർദ്ധിപ്പിച്ചത് ഫലം കണ്ടിട്ടുണ്ട്.

സമഗ്ര നീർത്തട വികസന പദ്ധതിയിലൂടെ പ്രകൃതി സംരക്ഷണം

ഭൂമിയുടെ വൻതോതിലുള്ള ദുരുപയോഗവും ഭൂഗർഭ ജലശോഷണവും മൂലം രാജ്യം ഗുരുതരമായ വെല്ലുവിളി നേരിടുന്ന കാലഘട്ടമാണിത്. ഇതിന്റെ കണക്കുകളുടെ കാര്യത്തിൽ അഭിപ്രായാന്തരം കണ്ടേക്കാമെങ്കിലും ഒരു കാര്യം സത്യമാണ്, രാജ്യത്തിന്റെ പകുതി പ്രദേശങ്ങളിലും അതികഠിനമായ മണ്ണൊലിപ്പും ജലസ്രോതസുകളുടെ അപചയവും സംഭവിച്ചുകൊണ്ടിരിക്കുന്നു. മഴയെ ആശ്രയിക്കുന്ന പ്രദേശങ്ങളിലെ പ്രശ്നങ്ങൾ അതീവ ഗുരുതരമാണ്. ജലസേചനസൗകര്യമുള്ള കാർഷിക മേഖലകളിൽ ഉത്പാദന സ്ഥിരത ഉണ്ടെങ്കിലും, മറ്റൊരു വഴിക്കു ചിന്തിക്കുമ്പോൾ മഴയെ ആശ്രയിക്കുന്ന മേഖലകൾക്കാണ് കൂടുതൽ പ്രാമുഖ്യം. കാരണം നീർത്തട വികസന പദ്ധതി വിജയകരമായി നടപ്പാക്കിയാൽ ഉത്പാദന വർധനവിനു അനന്തമായ സാധ്യതകളുള്ള മേഖലയാണിവ.

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ ഒരു ജനക്ഷേമ പരിപാടിയാണ് സമഗ്ര നീർത്തട വികസന പദ്ധതി. മരുഭൂമി വികസന പദ്ധതി, വരൾച്ച പ്രദേശ വികസന പദ്ധതി, സമഗ്ര പാഴ്ഭൂമി വികസന പദ്ധതി എന്നീ മൂന്നു പദ്ധതികൾ സംയോജിപ്പിച്ചാണ് മഴയെ ആശ്രയിക്കുന്ന പ്രദേശങ്ങളുടെയും ഉത്പാദന ക്ഷമമല്ലാത്ത ഭൂമിയുടെയും വികസനത്തിനായി 2009 -10 മുതൽ ഭൂവിഭവ വകുപ്പ് ഇത് നടപ്പാക്കി വരുന്നത്. ഉപയോഗ യോഗ്യമല്ലാതായിപ്പോയ പ്രകൃതി വിഭവങ്ങൾ - മണ്ണ്, ജൈവ ആവരണം, വെള്ളം - തുടങ്ങിയവയുടെ പുനരുജ്ജീവനവും

സംരക്ഷണവും, മണ്ണൊലിപ്പു തടയൽ, മഴവെള്ള കൊയ്ത്തും ഭൂഗർഭ ജലനിരപ്പ് വീണ്ടെടുക്കലും, വിളകളുടെ ഉത്പാദന വർധന, വിളവൈവിധ്യവത്ക്കരണം നടപ്പാക്കൽ, സുസ്ഥിര ഉപജീവനം പ്രോത്സാഹിപ്പിക്കൽ, ഗാർഹിക വരുമാനം വർധിപ്പിക്കൽ തുടങ്ങിയവയാണ് സമഗ്ര നീർത്തട വികസന പദ്ധതിയുടെ ലക്ഷ്യം. കുന്നിൻ പ്രദേശങ്ങളുടെയും, ജലനിർഗമന പാതകളുടെയും സംരക്ഷണം, മണ്ണിലെ ഈർപ്പം നിലനിർത്തൽ, മഴവെള്ള കൊയ്ത്ത്, നഴ്സറികളുടെ നിർമാണം, വനവത്ക്കരണം, തോട്ട കൃഷി, പുൽകൃഷി വികസനം, ആസ്തികളില്ലാത്തവർക്ക് ഉപജീവനം നൽകൽ തുടങ്ങിയവയാണ് സമഗ്ര നീർത്തട വികസന പദ്ധതിവഴിയായി ഏറ്റെടുത്തു നടപ്പാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ. ഇതിനായി ഭൂവിഭവ വകുപ്പ് 31.29 ദശലക്ഷം ഹെക്ടറിലേയ്ക്ക് 6622 പദ്ധതികൾ അംഗീകരിക്കുകയും 8240.61 കോടിയുടെ കേന്ദ്ര സഹായം ലഭ്യമാക്കി വിവിധ സംസ്ഥാനങ്ങളിൽ 2009-10 മുതൽ 2013-14 വരെ നടപ്പാക്കി വരികയും ചെയ്യുന്നു.



നീർത്തട വികസന പദ്ധതികളുടെ കാലാവധി നാലു മുതൽ ഏഴു വരെ വർഷങ്ങളാണ്. പദ്ധതികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലെങ്കിലും ഇതിന്റെ സത്ഫലങ്ങൾ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ദൃശ്യമാണ്. നീർത്തട വികസന പദ്ധതിയുടെ കീഴിൽ നടക്കുന്ന മഴവെള്ള സംഭരണികളുടെ നിർമ്മാണം ജലലഭ്യത വർധിപ്പിക്കുകയും പദ്ധതി പ്രദേശങ്ങളിൽ

ജീവിക്കുന്ന കർഷകർക്ക് ഇതു വഴി അധിക വരുമാനം ലഭിക്കുകയും ചെയ്യുന്നു. സമഗ്ര നീർത്തട വികസന പദ്ധതി ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവരുടെ ജീവിതത്തിൽ വരുത്തിയ മാറ്റവും, അതു വഴി അവരുടെ വരുമാനം വർധിച്ചതും സംബന്ധിച്ച ഏതാനും വിജയകഥകൾ:

മധ്യപ്രദേശിലെ ദാടിയ ജില്ലയിലെ ദാടിയ താലൂക്കിൽ 2009 –10 വർഷത്തിലാണ് 5,527 ഹെക്ടർ കൃഷിഭൂമിയുടെ വികസനത്തിനായി ഒരു പദ്ധതി അനുവദിച്ചത്. രാജീവ് ഗാന്ധി മിഷൻ ഫോർ വാട്ടർഷെഡ് മാനേജ്മെന്റായിരുന്നു പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസി. 1515 ഹെക്ടർ വിസ്തൃതിയുള്ള സലായാപാമർ എന്ന ഗ്രാമത്തിൽ 86 ശതമാനവും കൃഷി ഭൂമിയായിരുന്നു. ജനസംഖ്യ ഏകദേശം 1500 വരും. ഒരു കൃഷിക്കാരന് ശരാശരി 2.5 ഹെക്ടർ ഭൂമിയും കന്നുകാലികളും ഉണ്ടായിരുന്നു. 2012 ൽ സലായപാമർ ഗ്രാമത്തിലെ നീർത്തട കമ്മിറ്റി ഒരു ചെക് ഡാം നിർമ്മിച്ചു. 350 ക്യുബിക് മീറ്റർ സംഭരണശേഷിയുള്ള ഡാമിന് 2.22 ലക്ഷം രൂപ നിർമ്മാണ ചെലവായി. എന്തായാലും ഡാമിലെ വെള്ളം ഉപയോഗിച്ച് 70 ഏക്കർ കൃഷിയിടം നനയ്ക്കാനും 30 ശതമാനം കണ്ട് ഉത്പാദനം. വർധിപ്പിക്കാനും ഗ്രാമീണർക്കു സാധിച്ചു. ഡാമിന്റെ താഴെയുള്ള ഭാഗങ്ങളിൽ ആദ്യമായി നെല്ല് കൃഷി ചെയ്തു. ഡാം ഉണ്ടായതിന്റെ മെച്ചം അടുത്തുള്ള കിണറുകളിലും ദൃശ്യമായി. 27 കിണറുകളിലെ ജലനിരപ്പ് എഴ്എട്ട് അടി ഉയർന്നു. വിളവർധയിലൂടെ ഗ്രാമത്തിലെ 17 കർഷകരുടെ സാമ്പത്തിക വരുമാനം ഇരട്ടിയായി.

ചത്തീസ്ഗഡിലെ ബലോഡ് ജില്ലയിലുള്ള ദോണ്ടി – ലോറ ബ്ലോക്ക് 2009–10 വർഷത്തിലാണ് ഒരു നീർത്തട വികസന പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയത്. ഇവിടെ കാശി എന്ന ഗ്രാമത്തിലാണ് 2.92 ലക്ഷം രൂപ മുടക്കി 2012–13 ൽ ചെക്ഡാം നിർമ്മിച്ചത്. വേനലിൽ കടുത്ത വരൾച്ചയും മഴക്കാലത്ത് രൂക്ഷമായ മണ്ണൊലിപ്പും ഉണ്ടായിക്കൊണ്ടിരുന്ന പ്രദേശമായിരുന്നു ഇത്. എന്നാൽ ചെക് ഡാം വന്നതോടെ മണ്ണൊലിപ്പു കുറയുകയും 25 ഏക്കർ തരിശുഭൂമി കൂടി കൃഷിക്ക് അനുയോജ്യമാവുകയും ചെയ്തു. ജലസേചനം വഴി നെല്ലിന്റെ ഉത്പാദനം ഒരു ഏക്കറിൽ നിന്ന് 17 ക്വിന്റലായി വർധിച്ചു. നേരത്തെ ഇത് 12 ക്വിന്റൽ ആയിരുന്നു.

ഒഡീഷയിലെ നുവാപാഡ ജില്ലയിലുള്ള കൊംന ബ്ലോക്കിൽ 2009 –10 ലാണ് നീർത്തട പദ്ധതിക്ക് അനുമതി ലഭിച്ചത്. ഒഡീഷയുടെ കിഴക്കൻ മേഖലയിൽ സ്ഥിതിചെയ്യുന്ന നുവാപാഡ ഗ്രാമത്തിന്റെ സ്ഥിതി വളരെ ശോചനീയമായിരുന്നു. പരിസ്ഥിതി ശോഷണം, കുറഞ്ഞ വിളയുല്പാദനം, നഗരങ്ങളിലേക്കുള്ള പാലായനം, ഉയർന്ന കടബാധ്യത, ഗ്രാമീണരിൽ സമ്പാദ്യശീലമേ ഇല്ല, കാർഷിക വായ്പ നല്കാൻ ബാങ്കുകൾ ഇല്ല, വിപണി, വിജ്ഞാന വ്യാപനം എന്നിവയും ഇല്ല എന്ന അവസ്ഥയായിരുന്നു ഗ്രാമത്തിൽ.

കനത്ത മഴയാണ്, പക്ഷെ ജൈവ ആവരണം വളരെ നേരിയതു മാത്രം. അതിനാൽ മണ്ണൊലിപ്പ് രൂക്ഷമായിരുന്നു. മേൽമണ്ണ് ഒലിച്ചു പോകുന്നതു മൂലം ഉല്പാദനം വളരെ കുറവും. മഴക്കാലത്ത് മാത്രം ഒരു കൃഷി. അത്രയേ എല്ലാ കർഷകരും നടത്തിയിരുന്നുള്ളു. സാധ്യതാ പഠനത്തിൽ ഉള്ളി കൃഷിയിലൂടെ മികച്ച വരുമാനം ഉണ്ടാക്കാമെന്നു കണ്ടെത്തി. ഇതിന് നീർത്തട വികസന പദ്ധതിയുടെയും ഉല്പാദക സഹകരണ സംഘങ്ങളുടെയും പിന്തുണയും തേടി. ഉള്ളി കൃഷി വ്യാവസായികാടിസ്ഥാനത്തിലാക്കി. മൂല്യവർധനവ്, സംഭരണം, വിപണനം തുടങ്ങിയവ ശാസ്ത്രീയമാക്കി.

കനത്ത മഴയാണ്, പക്ഷെ ജൈവ ആവരണം വളരെ നേരിയതു മാത്രം. അതിനാൽ മണ്ണൊലിപ്പ് രൂക്ഷമായിരുന്നു. മേൽമണ്ണ് ഒലിച്ചു പോകുന്നതു മൂലം ഉത്പാദനം വളരെ കുറവും. മഴക്കാലത്ത് മാത്രം ഒരു കൃഷി. അത്രയേ എല്ലാ കർഷകരും നടത്തിയിരുന്നുള്ളു. സാധ്യതാ പഠനത്തിൽ ഉള്ളി കൃഷിയിലൂടെ മികച്ച വരുമാനം ഉണ്ടാക്കാമെന്നു കണ്ടെത്തി. ഇതിന് നീർത്തട വികസന പദ്ധതിയുടെയും ഉത്പാദക സഹകരണ സംഘങ്ങളുടെയും പിന്തുണയും തേടി. ഉള്ളി കൃഷി വ്യാവസായികാടിസ്ഥാനത്തിലാക്കി.

ഗ്രാമത്തിൽ വളരെ കുറച്ചു കൃഷിക്കാർ മാത്രം ചെറിയ തോതിൽ നടത്തിയിരുന്ന വിളയായിരുന്നു ഉള്ളി കൃഷി. കാലാവസ്ഥയും ഇതര സാഹചര്യങ്ങളും അനുകൂലമായിരുന്നിട്ടും ഉല്പാദനം വളരെ കുറവായിരുന്നു. വിളവെടുക്കുന്ന സമയത്ത് കർഷകർക്ക് കിട്ടിയിരുന്നത് വളരെ തുഛമായ വിലയും. എന്നാൽ റായ്പൂർ പോലുള്ള മേഖലകളിൽ കച്ചവടക്കാർ വലിയ സംഭരണ കേന്ദ്രങ്ങളിൽ ഉള്ളി ശേഖരിച്ച് വില ഉയർന്നു നില്ക്കുന്ന ഓഗസ്റ്റ് മാസത്തിൽ വിപണിയിൽ ഇറക്കി വൻ ലാഭം നേടുകയും ചെയ്തിരുന്നു. ഗ്രാമീണർ കൃഷി ചെയ്തിരുന്ന ഉള്ളിയുടെ പ്രാദേശിക ഇനവും, എൻ – 53 വിഭാഗം ഉള്ളിയും പരമാവധി രണ്ടു മാസം മാത്രം സൂക്ഷിപ്പുകാലമുള്ളവയുമായിരുന്നു. ഗ്രാമത്തിൽ കർഷകർക്ക് മെച്ചപ്പെട്ട സംഭരണ സൗകര്യങ്ങൾ ഇല്ലായിരുന്നു. അവർ പണത്തിന് അത്യാവശ്യക്കാരും ആയിരുന്നു. ഈ കാരണങ്ങളാലൊക്കെ ഉല്പ്പന്നം കൂടുതൽ നാൾ സൂക്ഷിക്കാൻ അവർക്ക് സാധിച്ചിരുന്നുമില്ല. ഇതിനിടെ ഉള്ളിയിലെ പിങ്ക് നിറമുള്ള ഇനം ആറുമാസം വരെ വലിയ കേടില്ലാതെ സൂക്ഷിക്കാമെന്ന് കണ്ടെത്തി. അതു കർഷകർക്ക് വലിയ അനുഗ്രഹമായി മാറി. ഉള്ളിക്ക് മികച്ച വില അവർക്കു ലഭ്യമാകാനും ഇത് കാരണമായി.

നീർത്തട ഭരണ പദ്ധതിയുടെ ഭാഗമായി നടന്ന ഉല്പാദക സഹകരണ സംഘം രൂപീകരണം കർഷർക്ക് വരുമാനം വർധിപ്പിക്കാനും, കൂടുതൽ ലാഭം നേടാനും, ഉല്പാദനനിരക്ക് ഉയർത്താനും, ഉള്ളി കൂടുതൽ നാൾ സംഭരിച്ചു വച്ച് വിപണിയിൽ നല്ല വിലയുള്ളപ്പോൾ വില്പന നടത്താനും സഹായകമായി. ചെലവു കുറഞ്ഞ സംഭരണ കേന്ദ്രങ്ങളുടെ നിർമ്മാണം, ഗുണമേന്മയുള്ള വിത്തുകളുടെ ഉപയോഗം, ശാസ്ത്രീയമായ കൃഷി രീതികൾ എന്നിവയാണ് കർഷകരെ രക്ഷപ്പെടുത്തിയത്.

ആദ്യഘട്ടത്തിൽ 70 കൃഷിക്കാർക്കാണ് പദ്ധതിയിലൂടെ സഹായം ലഭ്യമാക്കിയത്. 50 ഏക്കർ സ്ഥലത്ത് നല്ല ഇനം ഉള്ളി കൃഷി ചെയ്തു. ഏതാനും കൃഷിക്കാരെ നാസിക്കിലേയ്ക്കും മറ്റും കൊണ്ടുപോയി അവിടെ കൃഷിക്കാർ നടത്തുന്ന മുന്നേറ്റം നേരിട്ട് കാണിച്ചു. നാസിക്കിലെ കർഷകരിൽ നിന്ന് കൊംനയിലെ കർഷകർ ആവേശം ഉൾക്കൊണ്ടു. നുവാപാഡയിലെ കൃഷിക്കാരും പുതിയ കൃഷി രീതികൾ അനുവർത്തിച്ചു. നല്ല സംഭരണ കേന്ദ്രങ്ങൾ നിർമ്മിച്ചു. നല്ല വിപണന തന്ത്രങ്ങളും അവർ കണ്ടെത്തി. ഇതിലൊക്കെ പ്രധാനം നാസിക് സന്ദർശനത്തിലൂടെ രണ്ടു മേഖലകളിലെയും കർഷകർ തമ്മിൽ നല്ല സൗഹൃദങ്ങൾ ഉണ്ടാവുകയും, പരസ്പരം മുന്തിയ ഉള്ളി വിത്തുകളുടെ കൈമാറ്റം നടക്കുകയും ചെയ്തു എന്നതാണ്.

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ ഒരു ജനക്ഷേമ പരിപാടിയാണ് സമഗ്ര നീർത്തട വികസന പദ്ധതി. മരുഭൂമി വികസന പദ്ധതി, വരൾച്ച പ്രദേശ വികസന പദ്ധതി, സമഗ്ര പാഴ്ഭൂമി വികസന പദ്ധതി എന്നീ മൂന്നു പദ്ധതികൾ സംയോജിപ്പിച്ചാണ് മഴയെ ആശ്രയിക്കുന്ന പ്രദേശങ്ങളുടെയും ഉല്പാദനക്ഷമമല്ലാത്ത ഭൂമിയുടെയും വികസനത്തിനായി 2009 -10 മുതൽ ഭൂവിഭവ വകുപ്പ് ഇത് നടപ്പാക്കി വരുന്നത്.

2009–ൽ വെറും 92 ഏക്കറിൽ മാത്രം ഒതുങ്ങി നിന്ന ഉള്ളി കൃഷി കർഷക കൂട്ടായ്മയുടെ ഈ പ്രവർത്തനം മൂലം 2012 –ൽ 298 ഏക്കറിലേയ്ക്ക് വ്യാപിച്ചു. നാസിക്കിൽ നിന്നു ലഭിച്ച പരിശീലനം നല്ല വിത്തിനങ്ങൾ, കാർഷിക രീതികൾ ഇതൊക്കെ മൂലം നുവാപാഡയിലെ ഉള്ളിയുടെ ഉല്പാദനം കുത്തനെ ഉയർന്നു. ഒരു ഏക്കറിൽ നിന്ന് 50 ക്വിന്റൽ എന്ന അളവിൽ നിന്ന് 70 ക്വിന്റൽ എന്ന അളവിലേക്ക് ഉല്പാദനം കുതിച്ചു. ഇതിന്റെ മറ്റൊരു കാരണം 272 ഉള്ളി കർഷകർ അംഗങ്ങളായി രൂപീകരിച്ച സഹകരണ സംഘമാണ്. ഇത് ആദ്യം 2009–10–ൽ കൊംന ബ്ലോക്കിലും തുടർന്ന് നുവാപാഡ, ഖാരിയർ ബ്ലോക്കുകളിലേയ്ക്കും അതിന്റെ പ്രവർത്തനം വ്യാപിപ്പിച്ചു. ചെലവു കുറഞ്ഞ സംഭരണ കേന്ദ്രങ്ങളാണ് കർഷകർക്ക് അവരുടെ വിളവിന് നല്ല വില ലഭിക്കാൻ സഹായകരമായത്. 10 അടി നീളം 10 അടി വീതി 13 അടി ഉയരം വീതമുള്ള സംഭരണ ശാലകളാണ് കർഷകരോട് നിർമ്മിക്കാൻ ആവശ്യപ്പെട്ടത്. ഇതിൽ മൂന്നു തട്ടുകളിലായി ഉള്ളി സംഭരിക്കാം. നിർമ്മാണ ചെലവ് ഓരോന്നിനും 16000 രൂപ. ഗുണഭോക്താക്കളെ ഹോർട്ടിക്കൾച്ചർ ഡിപ്പാർട്ടുമെന്റുമായി ബന്ധിപ്പിച്ചു വേണ്ട മാർഗ നിർദ്ദേശങ്ങൾ ലഭ്യമാക്കി. സംഭരണ കേന്ദ്രങ്ങളുടെ നിർമ്മാണം മുളയും ഓലയും പോലുള്ള പ്രാദേശിക അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചായിരുന്നു. ഒരു ഷെഡ്ഡിൽ 20 ക്വിന്റൽ വരെ സംഭരിക്കാം. മുമ്പ് കൃഷിക്കാർ കിലോഗ്രാമിന് നാലു രൂപ നിരക്കിലാണ് ഉള്ളി വില്പന നടത്തിയരുന്നത്. അപ്പോൾ 20 ക്വിന്റലിന് 8000 രൂപ ലഭിച്ചിരുന്നു. ഇപ്പോൾ അത് നാലു മാസത്തേയക്ക് സൂക്ഷിക്കാനുള്ള സംവിധാനം ഉണ്ട് എന്നതിനാൽ കിലോഗ്രാമിന് 12 രൂപയ്ക്ക് വിറ്റ് അവർ 19200 രൂപ ഒരു ഏക്കർ ഉള്ളി കൃഷിയിൽ നിന്നു നേടുന്നു. എട്ടു വർഷംകൊണ്ട് വിലനിലവാരത്തിലെ ഉയർച്ച 1:2:4 എന്ന നിരക്കിലാണ്.

നീർത്തട പദ്ധതിയുടെ ഇടപെടലിലൂടെ കർഷകരുടെ ലാഭം പതിന്മടങ്ങായി ഉയർന്ന കാഴ്ച്ചയാണ് നാം കണ്ടത്. പല കൃഷിക്കാർക്കും അവരുടെ ഗാർഹിക വരുമാനത്തിന്റെ പകുതിയിലേറെ ഉള്ളി കൃഷിയിൽ നിന്ന് ലഭ്യമാകുന്ന നിലയിലേയക്ക് മാറി കാര്യങ്ങൾ. വിജയിച്ച കർഷകർ മറ്റുള്ളവരെയും പുതിയ കൃഷി രീതികളിലേയ്ക്കും വിത്തിനങ്ങളിലേയ്ക്കും ക്ഷണിച്ചു. സംഭരണ ശാലകൾ നിർമ്മിച്ച് ഉല്പ്പന്നം നല്ല വിലയ്ക്ക് വില്ക്കാൻ അവരെയും പ്രേരിപ്പിച്ചു. സഹകരണ സംഘത്തിന്റെ പ്രവർത്തനം കർഷകരിൽ നല്ല ആത്മവിശ്വാസം പകർന്നു നല്കുന്നു. വിപണിയിലെ നീക്കങ്ങളെ കുറിച്ച് കർഷകർ ഇപ്പോൾ ബോധവാന്മാരാണ്. ■

തയ്യാറാക്കിയത്: പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം.

ഷാജഹാൻ

ഓർമ്മകളിലെ കല്ലമ്പലം

അത്യാവശ്യം വേണ്ട കുറെ പല ചരക്ക് കടകളും ചായക്കടകളും ഉണ്ടെന്നതൊഴിച്ചാൽ ഇന്നത്തെ ആധുനിക സൗകര്യങ്ങളൊന്നും അന്നില്ലായിരുന്നു. പെട്രോൾ പമ്പ്, പൊലീസ് സ്റ്റേഷൻ, നിരവധി ബാങ്കുകൾ ഇതൊന്നും അന്ന് സ്ഥാപിക്കപ്പെട്ടിട്ടില്ല. കല്ലമ്പലം പബ്ളിക് മാർക്കറ്റിന്റെ പ്രതാപകാലമായിരുന്നു അന്ന്. രാവിലെയും, വൈകുന്നേരവും ചന്ത ജനനിബിഡമാവും.

ഇന്നു തിരുവനന്തപുരം - കൊല്ലം ജില്ലകളുടെ അതിർത്തിയിൽ അറിയപ്പെടുന്ന വ്യാപാര കേന്ദ്രമായി കല്ലമ്പലം പട്ടണം വളർന്ന് വികസിച്ചുകൊണ്ടിരിക്കുകയാണ്. കല്ലമ്പലത്ത് നിന്ന് അഞ്ച് കിലോമാറ്റർ യാത്ര ചെയ്താൽ കൊല്ലം ജില്ലാതിർത്തി ആയ കടമ്പാട്ട് കോണത്ത് എത്താം. ദേശീയ പാതയിൽ തിരുവനന്തപുരത്ത് നിന്നും കൊല്ലത്തേക്ക് യാത്ര ചെയ്ത് വരുമ്പോൾ ആറ്റിങ്ങൽ പിന്നിട്ടാൽ ഏറ്റവും വലിയ പട്ടണം കല്ലമ്പലം തന്നെയാണ്. കല്ലമ്പലത്ത് നിന്ന് ഇടത്തോട്ട് തിരിയുമ്പോൾ ദക്ഷിണ കാശിയെന്നറിയപ്പെടുന്ന വർക്കലയുടെയും തീർത്ഥാടന കേന്ദ്രമായ ശിവഗിരിയുടെയും കവാടങ്ങൾ. വലത്തോട്ട് തിരിഞ്ഞാൽ നഗരൂർ, കിളിമാനൂർ പട്ടണങ്ങളിലേക്കുള്ള പ്രവേശന കവാടം. ഏത് സമയവും ജനനിബിഡമായ പട്ടണം. നാവായിക്കുളം, കരവാരം, ഒറ്റൂർ പഞ്ചായത്തുകളുടെ ത്രിവേണി സംഗമം കൂടിയാണ് ഈ പട്ടണം.

ഓർമ്മകളിലെ ചാരം തട്ടിക്കളഞ്ഞ് പഴയ കല്ലമ്പലത്തെ സ്മരണയിൽ കൊണ്ടുവരാൻ ശ്രമിച്ച് നോക്കുകയാണ്. അപ്പോൾ ഓർമ്മയിൽ വരുന്നത് ആകാശത്തേക്ക് ഉയർന്ന് ജംഗ്ഷനിലാകെ തണൽ പടർത്തി നിൽക്കുന്ന ഒരു പടുകൂറ്റൻ ആൽമരം. ഓർമ്മകളിലെ കല്ലമ്പലത്തിന് തണലും നിഴലുമായി നിന്ന ആലിന് താഴെ ബസ്സ്റ്റാന്റ് എന്നെഴുതിയ കെട്ടിടവും, ഒരു പഞ്ചായത്ത് കിണറും വർക്കല റോഡിനിരുവശവും ചന്തവരെ നീണ്ടുപോകുന്ന കടകളുടെ നിര. നഗരൂർ റോഡിലും കുറെ കടകൾ.

അത്യാവശ്യം വേണ്ട കുറെ പല ചരക്ക് കടകളും ചായക്കടകളും ഉണ്ടെന്നതൊഴിച്ചാൽ ഇന്നത്തെ ആധുനിക സൗകര്യങ്ങളൊന്നും അന്നില്ലായിരുന്നു. പെട്രോൾ പമ്പ്, പൊലീസ് സ്റ്റേഷൻ, നിരവധി ബാങ്കുകൾ ഇതൊന്നും അന്ന് സ്ഥാപിക്കപ്പെട്ടിട്ടില്ല. കല്ലമ്പലം പബ്ളിക് മാർക്കറ്റിന്റെ പ്രതാപകാലമായിരുന്നു അന്ന്. രാവിലെയും, വൈകുന്നേരവും ചന്ത ജനനിബിഡമാവും. കർഷകർ അവരുടെ ഉല്പന്നങ്ങൾ വിൽക്കാൻ തലച്ചുമടായി എത്തുന്നു. സൈക്കിൾ ചവിട്ടി എത്തുന്ന മീൻകച്ചവടക്കാരുടെ വാഗ്ധോരണിയും അരി-പച്ചക്കറിക്കച്ചവടക്കാരികളുടെ സാന്നിധ്യവും ചന്തയെ സജീവമാക്കിയിരുന്നു. കൊല്ലത്തെ പ്രമുഖ വ്യവസായിയായ തങ്ങൾകുഞ്ഞ് മുസലിയാർ കല്ലമ്പലത്ത് സ്ഥാപിച്ച കശുവണ്ടി ഫാക്ടറി ഞായറാഴ്ച ഒഴിച്ച് എല്ലാ ദിവസവും പ്രവർത്തിച്ചിരുന്നു. അഞ്ഞൂറിലധികം തൊഴിലാളികൾ ജോലി ചെയ്തിരുന്ന കല്ലമ്പലത്തെ പുരാതനമായ ഈ തൊഴിൽ കേന്ദ്രം ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

പണ്ട് കല്ലമ്പലം ഉൾനാടുകാർക്ക് വന്ന് സിനിമ കണ്ട് പോകാനുള്ള ഒരു വിനോദകേന്ദ്രവുമായിരുന്നു. ആദ്യത്തെ സിനിമ, തിയേറ്റർ കല്ലമ്പലം - ശ്യാമള അത് കഴിഞ്ഞ് കല്ലമ്പലം - ബാബു, സ്റ്റാർ തിയേറ്ററുകൾ. അവസാനമുണ്ടായിരുന്ന കവിതാ തിയേറ്ററും ഇപ്പോൾ പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. സ്റ്റാർ തിയേറ്ററിലെ മാറ്റിനി, ഫസ്റ്റ് ഷോ, സെക്കന്റ്ഷോ സിനിമ കണ്ട് കാൽനടയായി കൂട്ടുകാരോടൊപ്പം തമാശയും കഥകളും പറഞ്ഞ് നടന്ന എത്രയോ രാപകലുകൾ. രുചികരമായ ഭക്ഷണം ലഭിക്കുമായിരുന്ന ഹോട്ടലുകളും, ചായക്കടകളും കല്ലമ്പലത്തെക്കുറിച്ചുള്ള പഴയ ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്നു. സെൻട്രൽ കഫേ, എ-വൺ ഹോട്ടൽ എന്നിവിടങ്ങളിൽ നിന്ന് കൂട്ടുകാരോടൊപ്പം കഴിച്ച ഇറച്ചിയും അപ്പവും - അതിന്റെ സ്വാദും രുചികരമായ ഓർമ്മകളായി തെളിഞ്ഞുവരുന്നു.

ഇന്ന് കല്ലമ്പലത്ത് റെഡിമെയ്ഡ് ഷോപ്പുകൾ ഉൾപ്പെടെ നിരവധി ടെക്സ്റ്റയിൽസുകൾ നിലവിലുണ്ട്. ആദ്യമായി വലിയ തുണിക്കടയായി രംഗത്ത് വന്നത് നൂർജഹാൻ ടെക്സ്റ്റയിൽസാണ്. ആ സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത് മലയാള സിനിമയിലെ നിത്യവസന്തമായിരുന്ന പ്രേംനസീറും, ഇന്ന് പത്തോളം ബാങ്കുകൾ പ്രവർത്തിക്കുന്ന കല്ലമ്പലത്തിൽ അന്ന് എസ്.ബി.ടി.യുടെ ഒരു ബ്രാഞ്ച് മാത്രമാണ് ഉണ്ടായിരുന്നത്.

ജംഗ്ഷനിലെ ആലിൻചുവട്ടിൽ പഞ്ചായത്ത് കിണറിനോട് ചേർന്ന് ടാക്സി സ്റ്റാന്റായിരുന്നു. ഇരുപതോളം ടാക്സി കാറുകൾ നിരനിരയായി പാർക്ക് ചെയ്തിരിക്കും - യാത്രക്കാരെ പ്രതീക്ഷിച്ച് കൊണ്ട്. ഓട്ടോറിക്ഷാ രംഗപ്രവേശം ചെയ്യുന്നതിന് മുമ്പ് ടാക്സി ഓടിക്കുന്നവർക്ക് കല്ലമ്പലം ടൗൺ മാന്യമായ വരുമാനം നൽകിയിരുന്നു. പിന്നീട് യു.എ.ഇ, സൗദി അറേബ്യ തുടങ്ങിയ ഗൾഫ് രാജ്യങ്ങളിലേക്ക് തൊഴിൽതേടി യുവാക്കൾ കുടിയേറിതോട് കൂടി കല്ലമ്പലം ഗൾഫിൽനിന്ന് കൊണ്ടുവരുന്ന സാധനങ്ങളുടെയും, വിദേശ കറൻസിയുടെയും കച്ചവടകേന്ദ്രമായി മാറി. നിരവധി പേർ ഈ തൊഴിലിലൂടെ ജീവിതമാർഗ്ഗം കണ്ടെത്തുകയും ചെയ്തു.

കല്ലമ്പലം ഒരു വ്യാപാര കേന്ദ്രമായി വളർന്നുവരാൻ തുടങ്ങിയതോടുകൂടി കല്ലമ്പലം കേന്ദ്രീകരിച്ച് ഒരു ടൗൺ പഞ്ചായത്ത് രൂപീകരിക്കാൻ ശ്രമം നടന്നുകൊണ്ടിരിക്കുന്നു. കാൽനൂറ്റാണ്ടായി ആരംഭിച്ച ഈ പരിശ്രമം ഇപ്പോഴും സഫലമായിട്ടില്ല. വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർ അര നൂറ്റാണ്ടിലധികമായി വളരെ സൗഹാർദ്ദത്തോടെയും സ്നേഹത്തോടെയും കല്ലമ്പലത്തിന്റെ വികസനത്തിനായി ഒത്തൊരുമിച്ച് പ്രവർത്തിച്ചുവരുന്നു. ■

ലേഖകൻ: നാവായിക്കുളം ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റാണ്.

അഴിക്കോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)

ശുചിത്വോത്സവം 2013 സംഘടിപ്പിച്ചു

അഴീക്കോട് ഗ്രാമപഞ്ചായത്ത് ശുചിത്വോത്സവം 2013 സമാപന സമ്മേളനവും, പുരസ്കാര സമർപ്പണവും വായിപ്പറമ്പ് വെസ്റ്റ് യുപി. സ്കൂളിൽ വെച്ച് നടന്നു. അഴീക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. പവിത്രന്റെ അദ്ധ്യക്ഷതയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ. കെ. എ. സരള ഉദ്ഘാടനം ചെയ്തു.

ശുചിത്വോത്സവത്തിൽ പങ്കെടുത്ത് വിജയികളായവർക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉപഹാരങ്ങൾ വിതരണം ചെയ്തു. ശുചിത്വോത്സവത്തിൽ പങ്കെടുത്ത സ്കൂളുകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ എ. അരുണ നിർവ്വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.വി. നിഷ റിപ്പോർട്ട് അവതരിപ്പിച്ചു. പഞ്ചായത്ത് മെമ്പർ എ.കെ. രവീന്ദ്രൻ, സ്കൂൾ പ്രധാനധ്യാപിക സി. ശോഭന എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. അഴീക്കോട് ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.എം. സുധാകരൻ സ്വാഗതവും, പഞ്ചായത്ത് മെമ്പർ പി. പ്രസീത നന്ദിയും പറഞ്ഞു.

പുല്ലൂർ – പെരിയ ഗ്രാമപഞ്ചായത്ത് (കാസർകോട് ജില്ല)

പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ മൂന്നാം വാർഷികത്തിന്റെ ഭാഗമായി കേരളപ്പിറവി ദിനത്തിൽ ജീവ കാരുണ്യ പ്രവർത്തനത്തിന് തുടക്കം. അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങൾ അത്യാഹിതങ്ങൾ, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ദുരിതാശ്വാസ നിധി സമാഹരണത്തിന് തുടക്കം കുറിച്ചു കൊണ്ടാണ് പദ്ധതി ആരംഭിക്കുന്നത്. വ്യക്തികളിൽ നിന്നും സ്ഥാപനങ്ങൾ സംഘടനകൾ സ്വമേധയാ നൽകുന്ന സംഭാവനകൾ സ്വീകരിച്ചു കൊണ്ടാണ് ദുരിതാശ്വാസ നിധിയിൽ സമാഹരണം. ആദ്യ ദിവസം തന്നെ 1 ലക്ഷം രൂപ ദുരിതാസ്വാസനിധിയിൽ സമാഹരിക്കാൻ സാധിച്ചു. പെരിയ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾ അവരുടെ ചെറു സമ്പാദ്യത്തിന്റെ വിഹിതം ദുരിതാശ്വാസനിധിയിലേക്ക് നിക്ഷേപിച്ചുകൊണ്ടാണ് സമാഹരണത്തിന് തുടക്കമിട്ടത്. പെരിയ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി. ഗംഗാധരൻ നായർ 25,000/- രൂപയുടെ ചെക്ക് ചടങ്ങിൽ വെച്ച് പഞ്ചായത്തിന് കൈമാറി. ചാലിംഗാൽ വനിതാ സർവ്വീസ് സഹകരണ സംഘം, ചാലിംഗാൽ അയ്യപ്പ ഭജന മന്ദിരം, പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ സി.ഡി.എസ്, കോൺഗ്രസ്സ് മീങ്ങോത്ത് യൂണിറ്റ്, കൂടാതെ നിരവധി വ്യക്തികളും തങ്ങളുടെ സംഭാവനകൾ പഞ്ചായത്തിന് കൈമാറി. ദുരിതാശ്വാസനിധിക്കായി പെരിയ സർവ്വീസ് സഹകരണ ബാങ്കിൽ 4015 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് സി.കെ. അരവിന്ദാക്ഷൻ അധ്യക്ഷത വഹിച്ചു. പെരിയ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പി. ഗംഗാധരൻ നായർ, ചാലിംഗാൽ വനിതാ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് പത്മിനി, അയ്യപ്പ ഭജന മന്ദിരം പ്രസിഡന്റ് ഭാസ്കരൻ, കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ പി. രാജേശ്വരി എന്നിവർ പ്രസംഗിച്ചു. ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ കരീം കുണിയ, ഷൈലജ, ടി.വി. കരിയൻ, ലയൺസ് ക്ലബ് പ്രസിഡന്റ് പ്രമോദ് പെരിയ, ഗ്രാമപഞ്ചായത്ത് മെമ്പർമാർ എന്നിവർ സംബന്ധിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി എൻ.വി. ചന്ദ്രൻ സ്വാഗതവും ഗ്രാമപഞ്ചായത്ത് അംഗം വിനോദ് കുമാർ നന്ദിയും പറഞ്ഞു. ■

(പ:ന്യൂ:സർവ്വീസ്)

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്ത് അക്കൗണ്ട്
സംശയങ്ങളും മറുപടികളും

? 2011-12 ലേയും 2012-13 ലേയും ഓഡിറ്റ് കഴിഞ്ഞു. ക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റാണ് ലഭിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് ചില സംശയങ്ങളുണ്ട്. മറുപടി നൽകാമോ?

(i) ഇപ്പോൾ ലഭിച്ച ക്വാളിഫൈഡ് സർട്ടിഫിക്കറ്റിനുപകരം അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിക്കാൻ എന്തു ചെയ്യണം?

(ii) 2011-12-ൽ ഒരു രസീത് കൂടുതലായി സാംഖ്യയിൽ രേഖപ്പെടുത്തി. അതിനാൽ അന്നുമുതൽ ഇപ്പോൾ വരെ ക്യാഷ് ബാലൻസ് കൂടുതലായിട്ടാണ് സാംഖ്യയിൽ കാണുന്നത്. ഈ രസീത് 2011-12 ലെ കണക്കിൽ സാംഖ്യയിൽ കുറവു ചെയ്യാൻ എന്തു ചെയ്യണം?

(iii) 2012-13-ൽ ഒരു പേയ്മെന്റ് സാംഖ്യയിൽ കൂടുതലായി രേഖപ്പെടുത്തി. അതിനാൽ അന്നുമുതൽ ക്യാഷ്ബാലൻസ് കുറവായിട്ടാണ് സാംഖ്യയിൽ കാണുന്നത്. ഇത് 2012-13ലെ കണക്കിൽ ക്യാൻസൽ ചെയ്യാൻ എന്തു ചെയ്യണം?

(iv) 2011-12 ലേയും 2012-13 ലേയും ഓഡിറ്റ് സർട്ടിഫിക്കറ്റുകളിൽ ഇപ്രകാരം പറയുന്നു: 'വസ്തുനികുതിയുടെ അക്രൂവൽവരുമാനം രേഖപ്പെടുത്തിയിരിക്കുന്നത് ഡിമാൻഡ് രജിസ്റ്ററിൽ കാണുന്നതിനേക്കാൾ കുറഞ്ഞ തുകയ്ക്കാണ്". ഈ അപാകത 2011-12 ലേയും 2012-13 ലേയും കണക്കുകളിൽ തിരുത്തൽവരുത്താൻ എന്തു ചെയ്യണം?

***** ഒരു വർഷത്തെ കണക്ക് ക്ലോസ് ചെയ്ത് ഓഡിറ്റിന് സമർപ്പിച്ചുകഴിഞ്ഞാൽ പിന്നീട് അതിൽ തിരുത്തൽ വരുത്താൻ പാടില്ലെന്നത് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്വമാണ്. ലഭിച്ച ഉടനെ, പെട്ടെന്നുതന്നെ കാണാവുന്ന, ചിലതെറ്റുകൾ ചൂണ്ടിക്കാട്ടി തിരുത്തിത്തരാൻ ഓഡിറ്റർക്ക് ആവശ്യപ്പെടാൻ കഴിയും. അങ്ങനെ ചെയ്താൽ, തെറ്റു തിരുത്തി സമർപ്പിക്കുന്ന തീയതിക്ക് അക്കൗണ്ട് സമർപ്പിച്ചതായാണ് കണക്കാക്കുക.



ഈ പശ്ചാത്തലത്തിൽ പരിശോധിച്ചാൽ, കണക്ക് സമർപ്പിച്ച് ദീർഘകാലം കഴിഞ്ഞ്, ഓഡിറ്റ് കഴിഞ്ഞ്, ഓഡിറ്റ് സർട്ടിഫിക്കറ്റും ലഭിച്ചു കഴിഞ്ഞശേഷം, മുൻവർഷങ്ങളിലെ കണക്കുകളിൽ തിരുത്തൽ വരുത്തുന്നത് ലോകമാകെ അംഗീകരിച്ചിട്ടുള്ള അക്കൗണ്ടിംഗ് തത്വങ്ങൾക്ക് വിരുദ്ധമാണെന്ന് കാണാമല്ലോ.

കണക്കിൽ തെറ്റുകൾ വരുന്നതും, ചില ഇടപാടുകൾ രേഖപ്പെടുത്താതെ വിട്ടുപോകുന്നതുമായ സംഭവങ്ങൾ ഏതുസ്ഥാപനത്തിലും എപ്പോഴും പ്രതീക്ഷിക്കാം. ഇപ്രകാരം മുൻ വർഷങ്ങളിലെ തെറ്റുകൾ കണ്ടുപിടിക്കപ്പെട്ടാൽ, കണ്ടുപിടിച്ച ദിവസമോ അതിനു ശേഷമോ തന്നാണ്ടിലെ കണക്കിൽ ആവശ്യമായ എൻട്രികൾ വരുത്തുക എന്നതാണ് സ്വീകരിക്കേണ്ട നടപടി. തന്നാണ്ടിലെ കണക്കിനോടൊപ്പം NOTE ON ACCOUNTS ആയി ഈ തിരുത്തൽ ചൂണ്ടിക്കാണിക്കണം.

അക്കൗണ്ടന്റ് ജനറലാണ് കേരള സർക്കാരിന്റെ പ്രതിമാസക്കണക്കുകളും വാർഷികക്കണക്കുകളും തയ്യാറാക്കി സർക്കാരിനും നിയമസഭയ്ക്കും സമർപ്പിക്കുന്നത്. മുൻമാസങ്ങളിലെ കണക്കിൽ തിരുത്തലുകൾ ഉണ്ടെങ്കിൽ തന്മാസത്തെ കണക്കിൽ ആവശ്യമായ എൻട്രികൾ രേഖപ്പെടുത്തുന്നു. മുൻവർഷങ്ങളിലെ കണക്കിൽ തെറ്റുകളുണ്ടെങ്കിൽ തന്നാണ്ടിലെ കണക്കിൽ ആവശ്യമായ എൻട്രി വരുത്തുന്നു. വിവരം തന്നാണ്ടിലെ കണക്കിനോടൊപ്പം Note on Accounts ആയി ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു.

1997 -ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ 11-ാം ചട്ടത്തിന്റെ 3-ാം ഉപചട്ടപ്രകാരം ഒരു പഞ്ചായത്തിന്റെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് കിട്ടിയ തീയതിമുതൽ 15 ദിവസം കഴിഞ്ഞാൽ, ഓഡിറ്റർ ആ ധനകാര്യസ്റ്റേറ്റ്മെന്റ് തിരിച്ചയയ്ക്കാൻ പാടില്ലാത്തതും, ആവശ്യമായ വിവരങ്ങൾ എഴുതി അറിയിച്ച് വരുത്തേണ്ടതുമാണ്.

ക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചു കഴിഞ്ഞാൽ, അതിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള അപാകതകൾ തിരുത്താൻ എന്താണ് ചെയ്യേണ്ടത് എന്ന് 11-ാം ചട്ടത്തിന്റെ 3-ാം ഉപചട്ടത്തിൽനിന്നു വ്യക്തമാണ്. അത് താഴെപറയുന്നരീതിയിൽ ഒന്നുകൂടി വ്യക്തമാക്കാം.

(i) ഒരു വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റിന് ക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചു കഴിഞ്ഞാൽ, പിന്നീട് പ്രസ്തുത വർഷത്തെ വാർഷികധനകാര്യ സ്റ്റേറ്റ്മെന്റ് തിരുത്താൻ പാടില്ല.

(ii) ഒരു വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിനു ക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുകയും, പ്രസ്തുത

സർട്ടിഫിക്കറ്റിനോടനുബന്ധിച്ചുള്ള കുറിപ്പിൽ ചില അപാകതകൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിരിക്കാം. ഏതു ദിവസമാണോ ക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചത്, ആ ദിവസത്തേയോ അതിനു ശേഷമുള്ള ഏതെങ്കിലും ഒരു ദിവസത്തേയോ കണക്കിൽ ആവശ്യമായ എൻട്രി വരുത്തി, ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിക്കണം. ഇപ്രകാരം പരിഹരിച്ച വിവരം മറുപടിയായി ലോക്കൽഫണ്ട് ഓഡിറ്റിനെ അറിയിക്കണം. അപാകതകൾ പരിഹരിക്കാൻ കൈക്കൊണ്ട നടപടി തന്നാണ്ടിലെ കണക്കിനോടൊപ്പം Note on Accounts ആയി ഓഡിറ്റ് സമർപ്പിക്കുകയും വേണം.

മേൽപ്രസ്താവിച്ച കാര്യങ്ങളുടെ അടിസ്ഥാനത്തിൽ 2013-14 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പഞ്ചായത്ത് അംഗീകരിച്ച ശേഷം ഓഡിറ്റിനു സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ കൂടി ചൂണ്ടിക്കാണിക്കാം.

1. ഒരു സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പഞ്ചായത്തിന്റെ അംഗീകാരത്തോടെ ഓഡിറ്റിന് സമർപ്പിക്കേണ്ടത് മേയ് 15-ാം തീയതിക്കകമാണ്
2. രേഖപ്പെടുത്തിയതെല്ലാം ശരിയാണെന്ന് അക്കൗണ്ടന്റും സെക്രട്ടറിയും പരിശോധിച്ച് ഉറപ്പുവരുത്തണം. ഇൻഫർമേഷൻ കേരളമിഷൻ ബ്ലോക്ക് തലത്തിൽ നിയമിച്ചിട്ടുള്ള അക്കൗണ്ടന്റ് - കം - ഐ ടി എക്സ്പർട്ടിന്റെ വിദഗ്ദ്ധപരിശോധയ്ക്കു ശേഷം ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുമാത്രമേ വാർഷികധനകാര്യ സ്റ്റേറ്റ്മെന്റ്സ് പഞ്ചായത്തിന്റെ അംഗീകാരത്തിനു സമർപ്പിക്കാവൂ.
3. കൃത്യമായി തീയതി പാലിക്കുന്നതിനുവേണ്ടി തെറ്റായതോ, അപൂർണ്ണമായതോ ആയ വിവരങ്ങൾ ഉൾപ്പെടുത്തി വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് സമർപ്പിക്കരുത്.
4. സമർപ്പിച്ചുകഴിഞ്ഞ വാർഷികധനകാര്യ സ്റ്റേറ്റ്മെന്റ് പിന്നീട് തിരുത്താൻ കഴിയില്ല. അൺക്വാളിഫൈഡ് സർട്ടിഫിക്കറ്റ് ലഭിക്കണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ, ഉൾപ്പെടുത്തിയ വിവരങ്ങളിൽ തെറ്റില്ലെന്നും ആവശ്യമായ വിവരങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പു വരുത്തണം.
5. ക്വാളിഫൈഡ് ഓഡിറ്റ് സർട്ടിഫിക്കറ്റു ലഭിച്ചു കഴിഞ്ഞാൽ, ലഭിച്ചതീയതിയിലൊ അതിനുശേഷമുള്ള ഒരു തീയതിയിലൊ തന്നാണ്ടിലെ കണക്കിൽ എൻട്രി രേഖപ്പെടുത്തി തിരുത്തൽ വരുത്തുക, വിവരം ലോക്കൽ ഫണ്ട് ഓഡിറ്റിനെ കത്തുമുഖേന അറിയിക്കുക. തന്നാണ്ടിലെ വാർഷികധനകാര്യ സ്റ്റേറ്റ്മെന്റിനോടൊപ്പം Note on accounts ആയി ഉൾപ്പെടുത്തുക.
6. 2013-14 ലെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് ഓഡിറ്റിനു സമർപ്പിച്ച് 15 ദിവസം കഴിഞ്ഞാൽ, പ്രസ്തുത സ്റ്റേറ്റ്മന്റിൽ ഒരു തിരുത്തലും വരുത്താൻ കഴിയില്ല എന്ന വസ്തുത ഓർക്കുക. എന്തെങ്കിലും തിരുത്തലുകളുണ്ടെങ്കിൽ അത് 2014-15 വർഷത്തെ കണക്കിൽ മാത്രമേ സാധ്യമാകൂ.

? സംയുക്ത പ്രോജക്ടുകൾക്കായി മറ്റു പഞ്ചായത്തുകളുടെ വികസനഫണ്ടിൽ നിന്നോ, മെയിന്റനൻസ് ഫണ്ടിൽ നിന്നോ ഡിമാൻഡ് ഡ്രാഫ്റ്റായി ലഭിക്കുന്ന തുക നിക്ഷേപിക്കേണ്ടത് ട്രഷറിയിലെ അക്കൗണ്ടിലാണോ, അതോ ബാങ്ക് അക്കൗണ്ടിലാണോ? ഇത്തരം ഡിമാൻഡ് ഡ്രാഫ്റ്റുൾ VPF Accout II (a)/(b)/(c) യിൽ നിക്ഷേപിക്കാൻ ചില ട്രഷറികൾ അനുവദിക്കുന്നില്ല. VPF Accout II (a)/(b)/(c) അക്കൗണ്ടുകളിൽ ലെറ്റർ ഓഫ് അതോറിറ്റി പ്രകാരം ലഭിക്കുന്ന തുക മാത്രമേ ഉൾപ്പെടുത്തുകയുള്ളു എന്ന് ചില ട്രഷറികൾ നിഷ്കർഷിക്കുന്നു. പ്രസ്തുത തുകകൾ എവിടെയാണ് നിക്ഷേപിക്കേണ്ടത് എന്നു വ്യക്തമാക്കാമോ?

***** സംയുക്ത പ്രോജക്ടുകളെക്കുറിച്ചാണ് 12-4-2006 ലെ ജിഒ(പി)177/2006/ഫിൻ. നമ്പർ സർക്കാർ ഉത്തരവിന്റെ 11-ാം ഖണ്ഡികയിൽ പ്രതിപാദിക്കുന്നത്.

ഇതേ വിഷയത്തെപ്പറ്റി, വികേന്ദ്രീകൃതാസൂത്രണത്തിനുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി അംഗീകരിച്ച് 16/11/2013 ന് സ.ഉ.(എം.എസ്)362/2013/തസ്വഭവ നമ്പരിൽ പ്രസിദ്ധീകരിച്ച പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സംബന്ധിച്ച മാർഗരേഖയുടെ 2 (3ഉം) ഖണ്ഡികയിലും പ്രതിപാദിച്ചിട്ടുണ്ട്. ഉന്നയിച്ച ചോദ്യത്തിനു മറുപടിയായി, പ്രസ്തുത വിവരങ്ങൾ താഴെ കൊടുക്കുന്നു.

i) സംയുക്ത പ്രോജക്ടുകൾക്കുള്ള തുകകൾ ട്രഷറിയിൽ നിന്നു പിൻവലിച്ച് ഡിമാൻഡ് ഡ്രാഫ്റ്റായി നിർവഹണം നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുക, സെക്രട്ടറി ട്രഷറിയിലുള്ള പബ്ലിക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ് (12-4-2006 ലെ ജിഒ(പി)177/2006/ഫിൻ നമ്പർ ഉത്തരവിന്റെ 11.1-ാം ഖണ്ഡിക

ii) സംയുക്ത പ്രോജക്ടുകൾക്കായി തുക സ്വീകരിക്കുന്ന സ്ഥാപനം, സ്വീകരിക്കുന്ന തുക ട്രഷറിയിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ (I/IIa/IIb/IIc/III/IV/V) നിക്ഷേപിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന വികസന ഫണ്ടും മെയിന്റനൻസ് ഫണ്ടും VPFA/BPFA/DPFA 1ലോ ബാങ്ക് അക്കൗണ്ടുകളിലോ നിക്ഷേപിക്കാൻ പാടില്ല. (16-11-2013 ലെ സ.ഉ.(എം.എസ്) 362/2013/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ).

ഒരു വർഷത്തെ കണക്ക് ക്ലോസ് ചെയ്ത് ഓഡിറ്റിന് സമർപ്പിച്ചുകഴിഞ്ഞാൽ പിന്നീട് അതിൽ തിരുത്തൽ വരുത്താൻ പാടില്ലെന്നത് അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് തത്വമാണ്. ലഭിച്ച ഉടനെ, പെട്ടെന്നുതന്നെ കാണാവുന്ന, ചിലതെറ്റുകൾ ചൂണ്ടിക്കാട്ടി തിരുത്തിത്തരാൻ ഓഡിറ്റർക്ക് ആവശ്യപ്പെടാൻ കഴിയും. അങ്ങനെ ചെയ്താൽ, തെറ്റു തിരുത്തി സമർപ്പിക്കുന്ന തീയതിക്ക് അക്കൗണ്ട് സമർപ്പിച്ചതായാണ് കണക്കാക്കുക.

iii) IAY, Total Sanitation, SSA എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു വേണ്ടി, മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഡിമാൻഡ് ഡ്രാഫ്റ്റായി ലഭിക്കുന്ന തുക, നിർവഹണം നടത്തുന്ന പഞ്ചായത്തിന്റെ സെക്രട്ടറി നിക്ഷേപിക്കേണ്ടത് കേന്ദ്രാവിഷ്കൃത പദ്ധതിക്കുള്ള ഫണ്ടുകൾ നിക്ഷേപിക്കേണ്ട ബാങ്ക് അക്കൗണ്ടിലാണ്. (12-4-2006 ലെ ഉത്തരവിന്റെ 11.3-ാം ഖണ്ഡിക).

മേൽപറഞ്ഞ കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

* വികസനഫണ്ടിൽ നിന്നോ മെയിന്റനൻസ് ഫണ്ടിൽ നിന്നോ ലഭിക്കുന്ന തുകകൾ നിക്ഷേപിക്കേണ്ടത് ട്രഷറിയിലാണ്, ബാങ്കിലല്ല.

* എന്നാൽ തുക ലഭിച്ചത് കേന്ദ്രാവിഷ്കൃത പദ്ധതി ഉൾപ്പെടുന്ന സംയുക്ത പ്രോജക്ടിനാണെങ്കിൽ ബാങ്കിലാണ് നിക്ഷേപിക്കേണ്ടത്. കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ടിൽ കേന്ദ്ര-സംസ്ഥാന വിഹിതം മാത്രമേ നിക്ഷേപിക്കാവൂ എന്ന നിഷ്കർഷമുണ്ട്. അതിനാൽ ബന്ധപ്പെട്ട മറ്റൊരു ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കാം.

* വികസനഫണ്ടിൽനിന്നു ലഭിച്ച തുക നിക്ഷേപിക്കേണ്ടത് VPF/BPF/DPF IIa/IIb/IIc എന്നിവയിലെ ബന്ധപ്പെട്ട അക്കൗണ്ടിലാണ്.

മെയിന്റനൻസ് ഫണ്ടിൽ നിന്നു ലഭിച്ച തുക നിക്ഷേപിക്കേണ്ടത് VPFA/BPF III അക്കൗണ്ടിലാണ്.

സംയുക്ത പ്രോജക്ടുകൾക്കുവേണ്ടി മറ്റു പഞ്ചായത്തിൽ നിന്നു ഡിമാൻഡ് ഡ്രാഫ്റ്റായി ലഭിച്ച തുക മേൽപറഞ്ഞ ട്രഷറി അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിന് സാധാരണ ഗതിയിൽ ഒരു ട്രഷറിയിൽ നിന്നും തടസ്സമുണ്ടാവുകയില്ല. അഥവാ തടസ്സമുണ്ടായാൽ മേൽപറഞ്ഞ സർക്കാർ ഉത്തരവുകൾ ട്രഷറി ഓഫീസറുടെ ശ്രദ്ധയിൽകൊണ്ടുവരിക. ആവശ്യമെങ്കിൽ ട്രഷറി ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവന്നാൽ പ്രശ്നം പരിഹരിക്കപ്പെടും.

? ഇക്കാലമത്രയും സംയുക്ത പോജക്ടുകൾക്കായി ലഭിച്ച ഡിമാൻഡ് ഡ്രാഫ്റ്റുകൾ തനതു ഫണ്ടിന്റെ ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിച്ചിരുന്നത്. ഇനിയും അപ്രകാരം തന്നെ തുടർന്നാൽ പോരേ?

***** പോര. ഇക്കാലമത്രയും മേൽചൂണ്ടിക്കാണിച്ച സർക്കാർ ഉത്തരവുകളെ ലംഘിച്ചത്, തുടർന്നും ലംഘിക്കുന്നതിന് ന്യായീകരണമാവുകയില്ല. മേൽ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ സ്വയം ബോധ്യപ്പെടുന്ന പഞ്ചായത്തുകൾ സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ചതിൽ ബാക്കിയുള്ള തുകകൾ ബാങ്കിൽ നിന്നും പിൻവലിച്ച് VPFA/BPFA/DPFA IIa/IIb/IIc/III എന്നിവയിലെ ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിക്കുന്നതായിരിക്കും ശരിയായ നടപടി. ഇപ്രകാരം ഒരു ബാങ്ക് അക്കൗണ്ടിൽ നിന്നു മാറ്റി മറ്റൊരു ബാങ്ക് അക്കൗണ്ടിനു തുല്യമായ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് സാംഖ്യയിൽ കോൺട്രാ എൻട്രി രേഖപ്പെടുത്തുക.

? മുൻവർഷങ്ങളിൽ പിൻവലിച്ച് നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചടച്ച തുകകൾ, ശിശുവികസന പ്രോജക്ട് ഓഫീസർ (CDPO) ശുചിത്വമിഷൻ, സർക്കാർവകുപ്പുകൾ എന്നിവയിൽ നിന്നു ഡിമാൻഡ് ഡ്രാഫ്റ്റായി ലഭിച്ച തുകകൾ എന്നിവ കൂടി VPF II(a) അക്കൗണ്ടിൽ ഉൾപ്പെട്ടുകിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഈ തുക കൂടി വികസനഫണ്ടി (ജനറൽ)ൽ ഉൾപ്പെടുത്തിയാണ് 2013-14 ലെ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇനി ഇവയൊക്കെ വികസഫണ്ട് (ജനറൽ) എന്ന സ്രോതസ്സിൽ നിന്നു പിൻവലിച്ച് മറ്റ് ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചാൽ പദ്ധതിയുടെ വാലിഡേഷൻ തകരുകയില്ലേ?

***** കണ്ടെത്തിയ തെറ്റ് തിരുത്തിയാൽ, ആ തെറ്റിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കാര്യങ്ങളും മാറ്റേണ്ടിവരും; അതിനാൽ തെറ്റ് തുടരട്ടെ എന്ന സമീപനം ശരിയല്ല. തെറ്റ് കണ്ടെത്തിയാൽ, അത് എവിടെയാണെങ്കിലും എന്നാണെങ്കിലും നിയമാനുസൃതരീതിയിൽ തിരുത്തിയേ മതിയാവൂ. ചോദ്യത്തിൽ സൂചിപ്പിച്ചതരം തുകകൾ VPF II അക്കൗണ്ടിൽ കിടപ്പുണ്ടെന്ന കാര്യം തെളിവുസഹിതം സർക്കാരിന് റിപ്പോർട്ട് ചെയ്യുക. സർക്കാർ അനുമതിയോടെ, GO പ്രോജക്ടായി പ്രസ്തുത തുകകൾ VPFA II (a) യിൽ നിന്നു ബിൽ മുഖേന പിൻവലിച്ച് ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുക. വികസന ഫണ്ട് എന്ന സ്രോതസ്സിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതും മറ്റു സ്രോതസ്സുകളിൽ ഉൾപ്പെടേണ്ടവയുമായ തുകകൾ വികസന ഫണ്ടിൽ ഉൾപ്പെടുത്തിയാണ് വാർഷിക പദ്ധതിക്ക് അംഗീകാരം നേടിയത് എന്ന കാര്യം സർക്കാരിന് റിപ്പോർട്ടു ചെയ്യുക. വിഭവങ്ങൾ ശരിയായ സ്രോതസ്സുകളിൽ ഉൾപ്പെടുത്തി പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ അനുമതിക്കായി അഭ്യർത്ഥിക്കുക. അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് ഭേദഗതി ചെയ്യുക.

? അച്ചടിച്ചു കിട്ടിയ TR-59A, TR59 ആ ബില്ലുകളാണ് ട്രഷറിയിൽ സമർപ്പിച്ചിരുന്നത്. ഈ ബില്ലുകളിൽ "DPC Approval No. & Date" എന്ന ഒരു കോളം ഉണ്ട്. എന്നാൽ സാംഖ്യയിലെ ബില്ലുകളിൽ "Designation of the Officer who approved the project and No. & Date of sanction order" എന്നാണ് കാണുന്നത്. ഏത് സർക്കാർ ഉത്തരവിന്റെ പിൻബലത്തിലാണ് സാംഖ്യയിൽ ഈ മാറ്റം വരുത്തിയത് എന്ന് ട്രഷറിയിൽ നിന്നു ചോദിക്കുന്നു.

***** 12-4-2006 ലെ ജിഒ(പി)177/2006/ഫിൻ നമ്പരിന്റെ Annexure C-V ആയിട്ടാണ് TR-59 A Bill ഉൾപ്പെടുത്തിയിട്ടുള്ളത്. Annexure C-VI ആയി TR-59 B Bill ഉം ഉൾപ്പെടുത്തിയിരിക്കുന്നു. അതുപ്രകാരം "DPC Approval No. & Date" എന്നാണ് ഉണ്ടായിരുന്നത്. എന്നാൽ 12-ാം പദ്ധതി രൂപീകരണത്തിനായി 18-8-2012 ലെ സഉ(എംഎസ്)225/2012/തസ്വഭവ-നമ്പരിൽ പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം പദ്ധതി പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതി അംഗീകാരം ആവശ്യമില്ല. ഈ തീരുമാനത്തെ തുടർന്ന് പുറപ്പെടുവിച്ച 23-11-2013 -ലെ ജിഒ(പി) 649/2012/ഫിൻ നമ്പർ ഉത്തരവിലൂടെ TR59-A, TR 59 B ബില്ലുകളിലെ "DPC Approval No. & Date" എന്നഭാഗം ഭേദഗതി ചെയ്തു. പകരം Designation of the Officer who approved the project and No. & Date of sanction order" എന്ന ഭാഗം ഉൾപ്പെടുത്തി. ഇതാണ് ഇപ്പോൾ സാംഖ്യയിലെ ബില്ലുകളിൽ കാണുന്നത്.

? VPFA II എന്ന അക്കൗണ്ടിനെ ഇപ്പോൾ VPFA IIa, IIb, IIc എന്നിങ്ങനെ മൂന്നായി വിഭജിച്ചിട്ടുണ്ടല്ലോ. എന്നാൽ ചില ട്രഷറികളിൽ VPFA IIb എന്ന അക്കൗണ്ടിന് VPFA II 6 എന്നും VPFA IIc എന്ന അക്കൗണ്ടിന് VPFA 9 എന്നും പേരു നൽകി കാണുന്നു.

***** 9-10-2012 -ലെ ജിഒ(പി) 547/2012/ഫിൻ നമ്പർ സർക്കാർ ഉത്തരവിലൂടെയാണ് നേരത്തേ ഉണ്ടായിരുന്ന VPFA/BPFA/DPFA/MFA/MCFA II അക്കൗണ്ടിനെ IIa, IIb, IIc എന്നിങ്ങനെ മൂന്നായി വിഭജിച്ചത്. ജനറൽ, എസ്‌സിപി, ടിഎസ്‌പി എന്നിവ പ്രത്യേകം അക്കൗണ്ടുകളിലായി നിലനിർത്തുന്നതിനുവേണ്ടിയാണ് ഈ വിഭജനം നിലവിൽ വരുത്തിയത്. പൊതുവെ എല്ലാ ട്രഷറികളും IIa, IIb, IIc എന്ന പേരു തന്നെയാണ് ഉപയോഗിക്കുന്നത്. ഈ മാറ്റം ശരിയായ രീതിയിൽ നടപ്പിൽ വരുത്തുന്നുവെന്ന് ഉറപ്പു വരുത്താനായി ട്രഷറി ഉദ്യോഗസ്ഥർക്കായി ദ്വിദിന കോൺഫറൻസ് ട്രഷറി ഡയറക്ടർ വിളിച്ചുചേർക്കുകയും ചെയ്തു. ധനകാര്യവകുപ്പു പുറപ്പെടുവിച്ച 9-10-2012-ലെ ജിഒ(പി) 547/2012/ഫിൻ നമ്പർ സർക്കാർ ഉത്തരവ് ബന്ധപ്പെട്ട ട്രഷറിയുടെ ശ്രദ്ധയിൽ കൊണ്ടുവരിക. www.lsgkerla.gov.in എന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ഈ സർക്കാർ ഉത്തരവ് ലഭ്യമാണ്. പിശക് ചൂണ്ടിക്കാണിച്ചാൽ ട്രഷറി ആവശ്യമായ നടപടി സ്വീകരിക്കുമെന്ന കാര്യം ഉറപ്പാണ്.

? മുൻവർഷങ്ങളിൽ പിൻവലിച്ച വികസന ഫണ്ട്/മെയിന്റനൻസ് ഫണ്ട് തുകകൾ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നോ നിർവഹണ ഏജൻസിയിൽ നിന്നോ തിരിച്ചു കിട്ടിയാൽ ട്രഷറിയിൽ ഏത് അക്കൗണ്ടിലാണ് അടയ്ക്കേണ്ടത്? VPF IIa, b, c ഇവയിൽ ഏതെങ്കിലും ഒരു അക്കൗണ്ടിൽ അടയ്ക്കാമോ?

***** കൺസോളിഡേറ്റഡ് ഫണ്ടിലെ ബന്ധപ്പെട്ട മേജർ ഹെഡിനു കീഴിലുള്ള 911 എന്ന മൈനർ ഹെഡിനു കീഴിലാണ് മുൻവർഷങ്ങളിൽ പിൻവലിച്ചതും ഇപ്പോൾ തിരിച്ചുകിട്ടിയതുമായ തുകകൾ അടക്കേണ്ടത് എന്ന് 12-4-2006 ലെ ജിഒ(പി)177/2006/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ 10-3-ാം ഖണ്ഡികയിൽ നിർദ്ദേശിക്കുന്നു. മേൽപറഞ്ഞ തുകകൾ 3604-00-911-99 Recoveries & overpayments എന്ന ഹെഡിലാണ് ട്രഷറിയിൽ അടയ്ക്കേണ്ടത്. ■

എം. എ. സുധീർബാബു പട്ടാമ്പി

കായ്ക്കറി വിശേഷം വീട്ടുപറമ്പൊരു കായ്ക്കറി തോട്ടം

കേരളം പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തതനേടാനുള്ള ഓട്ടത്തിലാണ്. എന്നാൽ ശാസ്ത്രീയമായി പച്ചക്കറി കൃഷി നടത്താൻ തയ്യാറായി ഇനിയും ധാരാളം പേർ കടന്നുവരേണ്ടതാണ്. ഇതിന് ഗ്രാമപഞ്ചായത്തുകൾക്കും കൃഷിഭവൻ എന്നിവയ്ക്കും ഏറെ പങ്ക് വഹിക്കാനാവും.

കമ്പോളത്തിൽ ചെന്ന് കായ്ക്കറികളുടെ വില ചോദിച്ചാൽ നമ്മുക്ക് കണ്ണ് മഞ്ഞളിക്കും. കാരണം പച്ചക്കറിയുടെ വില അനുദിനമെന്നോണം കൂടി വരികയാണ്. ഉപ്പുതൊട്ട് കർപ്പൂരം വരെ വാങ്ങി കഴിച്ചു ശീലമുള്ള മലയാളികൾക്ക്, ഇനിയെങ്കിലും കുറച്ചു പച്ചക്കറികൾ സ്വന്തമായി വീട്ടുപറമ്പിലും ചെടിച്ചട്ടികളിലും ഗ്രോബാഗുകളിലും നട്ടു വളർത്തിക്കൂടേ? വേണം, വേണ്ടിവരും എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല.

സംസ്ഥാന കൃഷിവകുപ്പ് കേരള കാർഷികസർവ്വകലാശാല, വി.എഫ്.പി.സി.കെ. (VFPCK) എന്നിവിടങ്ങളിൽനിന്ന് നല്ല പച്ചക്കറി വിത്തുകളും, നടീൽ തൈകളും ലഭ്യമാണ്. ഇവ വാങ്ങി ശാസ്ത്രീയമാനദണ്ഡങ്ങൾ പുലർത്തി. കായ്ക്കറി കൃഷിക്ക് ഹരിശ്രീ കുറിക്കുന്നതാണ് നല്ലത്. തമിഴ്നാട്ടിൽ, നിന്നും വരുന്ന എല്ലാ പച്ചക്കറികളിലും രാസകീടനാശിനിയവശിഷ്ടം വലുതായി കാണും ഇതിനാൽ നാം കഴിക്കുന്ന എല്ലാ പച്ചക്കറികളിലും കീടനാശിനിയുള്ളതിനാൽ, ആരോഗ്യ മാനസിക നിലതകരാറിലാവും, മാരകമായ അർബുദബാധയും മറ്റു പ്രശ്നങ്ങളും ഉടലെടുക്കും. ഇതിന് പ്രതിവിധിയാണ്, സ്വന്തമായി വീട്ടുവളപ്പിൽ കുടുംബാംഗങ്ങൾ ചേർന്ന് പച്ചക്കറി വിളകൾ നടുന്നത്. ഈ രീതി ഇന്ന് നഗരത്തിൽപ്പോലും പ്രചാരം നേടിക്കഴിഞ്ഞു. ഗ്രോബാഗുകൾ നൽകി വ്യതസ്ത പച്ചക്കറി വിളകൾ നടുന്ന പരിപാടിയും കേരളത്തിൽ വ്യാപിച്ചുവരികയാണ്. വീട്ടുപറമ്പിൽ നന്നായി സ്ഥലസൗകര്യമുള്ളവർക്ക്, എല്ലാപച്ചക്കറികളും കൂടുതലായി നടാം. എന്നാൽ സ്ഥലമില്ലാത്തവർക്ക് മട്ടുപാവിലും വീട്ടിനുമുന്നിൽ ചട്ടിയിലും പച്ചക്കറികൾ നടാം. ഇതിനാവശ്യമായ പരിശീലനവും നല്ല വിത്തും ആവശ്യകാർക്ക് നൽകാൻ എത്രയോ സ്ഥാപനങ്ങളുമുണ്ട്.

കേരളകാർഷിക സർവ്വകലാശാല യുടെ വിവിധ കേന്ദ്രങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസി ലിന്റെ ആലത്തുരിലെ വിത്ത് ശാല, കാക്കനാട്ടെ കൃഷി ബിസിനസ് കേന്ദ്രം വിവിധ ജില്ലാതല ഓഫീസുകൾ, സ്വാശ്രയവിപണികളിലെ ഇൻപുട്ട് വിതരണ കേന്ദ്രങ്ങൾ, സംസ്ഥാന സീഡ് അതോറിറ്റി സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷന്റെ വിത്തിനായിട്ടുള്ള മെഷീൻ എന്നിവയിലൂടെ നല്ല പച്ച ക്കറി വിത്ത് ലഭിക്കും.

ഗ്രോബാഗിൽ മണ്ണിനുപകരം കോക്കോ പിത്ത് ഉപയോഗിച്ചും തൈകൾ നടാം. പച്ചക്കറി തൈകൾ തയ്യാറാക്കി പ്രോട്രേ കളിൽ നട്ടു പരിപാലിച്ച് തൈകൾ അനാ യാസം നടാം. കൃഷിവിജ്ഞാന കേന്ദ്ര ങ്ങൾ, ചില സന്നദ്ധ സംഘങ്ങൾ, കൃഷി രംഗത്തെ ട്രസ്റ്റുകൾ, കുടുംബശ്രീകൾ വി. എഫ്.പി.സി.കെ.യുടെ സ്വയം സഹായ സംഘങ്ങൾ എന്നിവയിലൂടെയും പച്ച ക്കറി കൃഷി വ്യാപകമായി പ്രചരിച്ചുവരു ന്നതായി കാണാം.

കേരളം പച്ചക്കറിയുടെ കാര്യത്തിൽ സ്വയം പര്യാപ്തതനേടാനുള്ള ഓട്ടത്തി ലാണ്. എന്നാൽ ശാസ്ത്രീയമായി പച്ച ക്കറി കൃഷി നടത്താൻ തയ്യാറായി ഇനി യും ധാരാളം പേർ കടന്നുവരേണ്ടതാണ്. ഇതിന് ഗ്രാമപഞ്ചായത്തുകൾക്കും കൃഷി ഭവൻ എന്നിവയ്ക്കും ഏറെ പങ്ക് വഹി ക്കാനാവും.

ഗ്രാമപഞ്ചായത്തിൽ എല്ലാ വീട്ടുപറ മ്പിലും വ്യതസ്ത പച്ചക്കറി വിളകൾ നടാൻ കൃഷി ഭവൻ, വഴി പ്രചാരണ വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തണം. ഒരു പഞ്ചായത്തിൽ വ്യതസ്ത വാർഡിൽ വ്യതസ്ത തരം പച്ചക്കറികൾ നട്ടാൽ ഒരു പഞ്ചായത്തിൽ തന്നെ വിറ്റഴിക്കാനും സാധിക്കും. ഇതിനായി പഞ്ചായത്ത് തല ത്തിൽ വെജിറ്റബിൾ മാർക്കറ്റുകൾ വി. എഫ്.പി.സി.കെ. വിപണികൾ എന്നിവ തുടങ്ങാം. നമ്മുടെ നിത്യ ജീവിതത്തിൽ ആരോഗ്യ സംരക്ഷണത്തിന് പഴം പച്ച ക്കറികൾക്കുള്ള സ്ഥാനം മുന്നിലാണ്. ലോക ആരോഗ്യ സംഘടനയുടെ ശുപാർശ പ്രകാരം, ഒരു വ്യക്തി ദിവസ വും ശരാശരി 300 ഗ്രാം പച്ചക്കറികൾ കഴിക്കണം. എന്നാൽ നാം ഉപയോഗിക്കു ന്നത് 30 ഗ്രാം മുതൽ 50 ഗ്രാം വരെയാണ് എന്നത് വലിയ ആശങ്കയുണർത്തുന്ന യാഥാർത്ഥ്യമാണ്.

ഇതിന് അറുതി വരുത്താൻ, ലഭ്യമായ സ്ഥലങ്ങളിലെല്ലാം പച്ചക്കറികൾ കൃഷി യിറക്കണം. പഞ്ചായത്തു തലത്തിൽ എല്ലാവാർഡിലും, എല്ലാ വീട്ടിലും പച്ച ക്കറി നിർബന്ധമായി നടാൻ ശ്രമമാവശ്യ മാണ്. ഒഴിഞ്ഞുകിടക്കുന്ന പല സ്ഥാപന ങ്ങളിലെയും നിലം പഴം-പച്ചക്കറി വിള കൾ നട്ടാൽ നല്ല ഗുണം കിട്ടും. തൃശൂർ വിയ്യൂർ ജയിലിനകത്തെ പഴം പച്ചക്കറി കൃഷി ഇക്കാര്യത്തിൽ മാതൃകയാണ്. ഇതിനുപുറമെ മറ്റിടങ്ങളിലും ജയിലിന കത്ത് കൃഷിയിറക്കിവരുന്നുണ്ട്.

വി.എഫ്. പി.സി.കെ പഴം പച്ചക്കറി കൃഷിയിൽ വലിയ വിപ്ലവം തന്നെ നൽകിയ സ്ഥാപനമാണല്ലോ. ഇതിന്റെ പ്രവർത്തനങ്ങൾ എല്ലാ പഞ്ചയത്തുക ളിലും തുടങ്ങിയാൽ, വിപണനം നട ത്താൻ സാധിക്കും. ഏതൊരു കൃഷിയേ യും പോലെ തന്നെ പച്ചക്കറി വിളകളുടെ കൃഷിയിലും നല്ല വിത്താണാവശ്യം. പലർക്കും വിത്താണ് തലവേദന എന്നാൽ നല്ല വിശ്വസനീയമായ സ്ഥാപനങ്ങളിലെ വിത്ത് വാങ്ങി, നട്ടാൽ നല്ല വിളവും ഉറ പ്പാക്കാം. കേരളകാർഷിക സർവ്വകലാ ശാലയുടെ വിവിധ കേന്ദ്രങ്ങൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലി ന്റെ ആലത്തുരിലെ വിത്ത് ശാല, കാക്ക നാട്ടെ കൃഷി ബിസിനസ് കേന്ദ്രം വിവിധ ജില്ലാതല ഓഫീസുകൾ, സ്വാശ്രയവി പണികളിലെ ഇൻപുട്ട് വിതരണ കേന്ദ്ര ങ്ങൾ, സംസ്ഥാന സീഡ് അതോറിറ്റി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ വിത്തി നായിട്ടുള്ള മെഷീൻ എന്നിവയിലൂടെ നല്ല പച്ചക്കറി വിത്ത് ലഭിക്കും. ഇതിനുപുറമെ നിരവധി സ്ഥാപനങ്ങൾ പച്ചക്കറി വിത്തു കൾ വില്പന നടത്തിവരുന്നു.

നമ്മുടെ നാട്ടിൽ കാബേജ്, കോളി ഫ്ളവർ, റാഡിഷ്, കാരറ്റ്, ഇവയെല്ലാം. ഇപ്പോൾ നട്ടുപിടിപ്പിച്ചാൽ വിളവ് ലഭി ക്കും. ഇതിനിണങ്ങിയ ഇനങ്ങൾ ലഭ്യ വുമാണ്. നല്ല വിത്ത് ലഭിക്കുന്ന എ. ടി. എഫുകൾ തൃശൂർ കെ.എസ്.ആർ. ടി.സി. സ്റ്റാൻഡിലും തിരുവനന്തപുര ത്തെ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ

ഓഫീസിനു സമീപവും വെച്ചിട്ടുള്ളത് ജനശ്രദ്ധ പിടിച്ചു പറ്റിയിരിക്കുന്നു. അതിനാൽ, നല്ല കായ്ക്കറിതോട്ടം നിർമ്മിക്കുന്നതിന് തുടക്കം മുതലേ നല്ല ശ്രദ്ധയാവശ്യമാണ്. പച്ചക്കറികൃഷിയിൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ചുരുക്കിപറയട്ടെ.

കൃഷിക്കായിട്ടുള്ള സ്ഥലത്തെ മണ്ണ് ആദ്യമേ പരിശോധിക്കുക.

നല്ല പച്ചക്കറി വിത്ത് വാങ്ങിവെക്കുക.

നാടൻ പച്ചക്കറി വിത്തുകൾക്കു പുറമെ, നല്ല മികച്ച സങ്കരയിനങ്ങളുടെ വിത്തുകളും വാങ്ങി വെക്കുക.

കൃഷി ചെയ്യാനുള്ള ഭാഗത്തെ പുല്ലും കളയും നീക്കി തീയിടണം.

തീയിട്ടുകരിച്ച ഭാഗത്ത് കുമ്മായം ചേർത്ത് നന്നായി താഴ്ത്തി മണ്ണിളക്കണം

തവാരണയിലോ, വാരങ്ങളിലോ കൂനയിലോ, കുഴിയിലോ ഒക്കെവിത്തിടാം.

മണ്ണിലാദ്യം പയർവിളകൾ നടുന്നത് മണ്ണ് കൂടുതൽ ഫലപുഷ്ടിയുള്ളതാകും.

വിളകൾ എല്ലാ പ്രാവശ്യവും മാറ്റിമാറ്റി നടണം.

നമ്മുടെ നിത്യ ജീവിതത്തിൽ ആരോഗ്യ സംരക്ഷണത്തിന് പഴം പച്ചക്കറികൾക്കുള്ള സ്ഥാനം മുന്നിലാണ്. ലോക ആരോഗ്യ സംഘടനയുടെ ശുപാർശ പ്രകാരം, ഒരു വ്യക്തി ദിവസവും ശരാശരി 300 ഗ്രാം പച്ചക്കറികൾ കഴിക്കണം. എന്നാൽ നാം ഉപയോഗിക്കുന്നത് 30 ഗ്രാം മുതൽ 50 ഗ്രാം വരെയാണ് എന്നത് വലിയ ആശങ്കയുണർത്തുന്ന യാഥാർത്ഥ്യമാണ്.

ജൈവ- ജീവാണുവളങ്ങൾക്ക് പ്രാധാന്യം നൽകി. കൃഷിയിറക്കുക. അല്ലെങ്കിൽ സമീകൃതമായ തോതിൽ രാസവളങ്ങൾ ചേർക്കുന്നത് നല്ലതാണ്.

മണ്ണും ജലവും നിലനിർത്താൻ, ശാസ്ത്രീയമായ സംരക്ഷണമാർഗ്ഗങ്ങൾ ചെയ്യുക.

കാർഷിക രംഗത്തെ വിദഗ്ധർ കൃഷിഭവനിലെ ഓഫീസർമാർ എന്നിവരെ നേരിൽ കണ്ട് കാര്യങ്ങൾ ചോദിച്ചറിയാം.

പച്ചക്കറി കൃഷി സംബന്ധമായി വരുന്ന വിവരങ്ങൾ പത്രമാസികകൾ വഴിയും വ്യത്യസ്ത ടെലിവിഷൻ ചാനലുകളിലെ പരിപാടികൾ വഴിയും കാണുക. ഇവ പച്ചക്കറി കൃഷിയിൽ താൽപ്പര്യം ജനിപ്പിക്കുന്നവയാണ്.

സ്യൂഡോമോണാസ്, വെർട്ടിസീലിയം, ബിവേറിയ, റൈസോബിയം, മണ്ണിരവളം, ചാണകം, എന്നിവയുടെ ഉപയോഗം കൂട്ടണം.

കീടനാശിനികൾ ഒഴിവാക്കി, നാട്ടിൽ ലഭ്യമായ പച്ചിലകളിൽ നിന്നുണ്ടാക്കുന്ന മരുന്നുകൾ മാത്രം തളിക്കുക.

തുളസിക്കെണി, പഴക്കെണി എന്നിവ വഴി പഴയീച്ചശല്യം നിയന്ത്രിക്കാം.

ഫെറമോൺക്കെണികൾ പച്ചക്കറി കൃഷിയിൽ വ്യാപകമായി പ്രചരിപ്പിക്കാൻ ശ്രമിക്കുക.

തൃശൂർ ജില്ലയിൽ പഴം പച്ചക്കറി കൃഷിയിൽ ആവശ്യമായ പരിശീലനപരിപാടികൾക്ക് കൃഷിവകുപ്പുവഴിയും കേരള കാർഷികസർവ്വകലാശാല V.F.P.C.K എന്നിവ വഴിയും ബന്ധപ്പെടാം. ചില സന്നദ്ധസംഘടനകൾ, കാർഷിക ട്രസ്റ്റുകൾ എന്നിവവഴിയും പരിശീലനം ലഭ്യമാണ്.

അത്താണിയിലെ പെരിങ്ങൂർ ഗ്രീൻ ആർമി നബാർഡിന്റെ നേതൃത്വത്തിലുള്ള ക്ലബുകൾ കേരള അഗ്രീകൾച്ചറൽ ആൻഡ് റൂറൽ എം പവർമെന്റ് ട്രസ്റ്റ് അഥവാ KARET, എന്നിവ വഴിയും പച്ചക്കറികൃഷിയിൽ പരിശീലനം നടത്തിവരുന്നുണ്ട്.

ഉപ്പുതൊട്ട് കർപ്പൂരം വരെ വാങ്ങി കഴിച്ചു ശീലമുള്ള മലയാളികൾക്ക്, ഇനിയെങ്കിലും കുറച്ചു പച്ചക്കറികൾ സ്വന്തമായി വീട്ടുപറമ്പിലും ചെടിച്ചട്ടികളിലും ഗ്രോബാഗുകളിലും നട്ടു വളർത്തിക്കൂടേ? വേണം, വേണ്ടിവരും എന്ന കാര്യത്തിൽ ആർക്കും തർക്കമില്ല.

നല്ല പച്ചക്കറി വിത്തിന് വിളിക്കാവുന്ന ചില ഫോൺ നമ്പറുകൾ ശ്രദ്ധിക്കുക. 9946105337, 0471-2381915, 0487-2374332, 2371340. കേരളത്തിലെ പ്രധാന കൃഷി വിജ്ഞാന കേന്ദ്രങ്ങളിലെ നമ്പരുകൾ ശ്രദ്ധിക്കുക.

മണ്ണുത്തി (തൃശൂർ) 0487- 2375855, തവനൂർ (മലപ്പുറം) 0494-2686329, കണ്ണൂർ - 0460 2226087, പട്ടാമ്പി (പാലക്കാട്) - 0466 2212279, കുമരകം (കോട്ടയം) 0481-2529631, കൊട്ടാരക്കര - 0474-2459388, വയനാട് - 04936 260411

വി.എഫ്.പി.സി. കെ. ആലത്തൂർ വിത്ത് സംസ്ക്കരണ ശാല - 0492-2222706.

കൃഷി ബിസിനസ് കേന്ദ്രം - വി.എഫ്. പി.സി. കെ. കാക്കനാട്, 0484-2427455

വിവിധ പച്ചക്കറി വിളകളുടെ കൃഷി രീതി, ഇനങ്ങൾ രോഗകീടനിയന്ത്രണം, എന്നീ കാര്യങ്ങൾ വരും മാസങ്ങളിൽ പ്രതിപാദിക്കാം.

■

നഗര ദാരിദ്ര്യത്തിന്റെ മാറാപ്പ് മാറ്റുവാൻ

ദേശീയ നഗര ഉപജീവനമിഷൻ

ടി. ഷാഹുൽ ഹമീദ്

ദരിദ്രമക്കളെ സ്വന്തം കാലിൽ നിൽപ്പിക്കാനാവശ്യമായ ഒരു സംവിധാനം ഉണ്ടാക്കി വിവിധങ്ങളായ സ്വയംതൊഴിൽ പദ്ധതികളിലേക്ക് അവരെ കൈപിടിച്ച് ഉയർത്തി, പുതിയ വൈദഗ്ധ്യങ്ങളും നൈപുണ്യങ്ങളും പഠിപ്പിച്ച്, പരിപൂർണ്ണമായി തൊഴിൽ ചെയ്യാൻ പര്യാപ്തമാക്കുകയും, നാമമാത്ര പലിശയ്ക്ക് ബാങ്കുകളിൽ നിന്ന് ലോൺ ലഭ്യമാക്കി, ദാരിദ്ര്യത്തിന്റെ പ്രകടിത രൂപങ്ങളെ ഇല്ലാതാക്കുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

നഗരങ്ങളിൽ ജീവിക്കുന്നവരുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നു. 2011 ലെ സെൻസസ് പ്രകാരം ഇന്ത്യയിലെ നഗരജനസംഖ്യ 31.2% ആണ്, 1951 ൽ 17.3% ആയിരുന്നു ഇത്. അടുത്ത 20 വർഷം കൊണ്ട് 250 മില്യൻ ജനങ്ങൾ നഗരങ്ങളിലേക്ക് ചേക്കേറും. ഗ്രാമീണ മേഖലയിലെ 50% പുരുഷന്മാരും വിവിധ ജോലിയിലേക്കായി നഗരങ്ങളിലേക്ക് പാലായനം ചെയ്യും. ദാരിദ്ര്യ നിർമ്മാർജ്ജനം സർക്കാരുകളുടെ ഒഴിച്ച് കൂടാനാവാത്ത ഉത്തരവാദിത്തവും കടമയുമാണ്. ജനങ്ങൾതുല്യ അവസരങ്ങൾ നൽകി ദാരിദ്ര്യത്തിന്റെ വ്യത്യസ്ത ഘടകങ്ങളെ ഇല്ലാതാക്കുക എന്നത് 12–ാം പഞ്ചവത്സര പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. സാമ്പത്തിക പുരോഗതിയും നഗരവത്ക്കരണവും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ട്. സാമ്പത്തിക പുരോഗതിയുടെ തലപ്പത്ത് ഇന്ത്യൻ നഗരങ്ങളാണ് ഉള്ളത്. രാജ്യവരുമാനത്തിന്റെ സിംഹഭാഗവും കടന്ന് വരുന്നത് നഗരപ്രദേശങ്ങളിൽ നിന്നാണ്. വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയും തൊഴിൽ വൈദഗ്ധ്യമില്ലായ്മയും നഗരങ്ങളിലെ ജനങ്ങളെ കൂടുതൽ ജീവിതോപാദി മാർഗ്ഗങ്ങളിലേക്ക് തിരിയുന്നതിൽ നിന്ന് പിറകോട്ടടിപ്പിക്കുന്നു. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്നവരായത് കൊണ്ട് സാമൂഹ്യസുരക്ഷിതമില്ലായ്മ നഗരപ്രദേശങ്ങളിൽ ഒരു ഭീഷണിയായി നിൽക്കുന്നു. ഈ സാഹചര്യത്തിൽ നിന്നാണ് നഗരപ്രദേശങ്ങളിലെ ദാരിദ്ര്യം തുടച്ച് നീക്കുന്നതിന് ബഹുമുഖ സമീപനവുമായി ദേശീയ നഗര ഉപജീവനമിഷൻ കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ളത്.

നഗരപ്രദേശങ്ങളിലെ ദാരിദ്ര്യത്തെ, അതിജീവനങ്ങൾക്ക് സൗകര്യമില്ലാത്തവർ, സാമൂഹ്യമായി പിന്തള്ളപ്പെട്ട് ദാരിദ്ര്യാവസ്ഥയിൽ എത്തിയവർ, പൂർണ്ണ അർത്ഥത്തിലും ഭാഗീകമായും ജോലിയില്ലാത്തവർ എന്നിങ്ങനെയായി തരം തിരിക്കാം, കൂടാതെ വനിതകൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ, കുട്ടികൾ,

ദരിദ്രരുടെ പങ്കാളിത്തത്തോടെ മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനം പൂർണ്ണമാകുകയുള്ളൂ എന്ന് പദ്ധതി പ്രഘോഷണം ചെയ്യുന്നു. 74-ാം ഭരണഘടന ഭേദഗതി പ്രകാരം നഗര ദാരിദ്ര്യം നിർമ്മാർജ്ജനം നഗരസഭയുടെ നിയമപരമായ കടമയാണ്. ദരിദ്രർ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് നല്ല വിപണി സൗകര്യം ഒരുക്കുവാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്.

വൃദ്ധർ, ന്യൂനപക്ഷങ്ങൾ, വിഭിന്ന ശേഷിയുള്ളവർ എന്നിവരുടെ പ്രശ്നങ്ങളും ഗ്രാമപ്രദേശങ്ങളെക്കാൾ കൂടുതൽ നഗരപ്രദേശങ്ങളിൽ ദൃശ്യമാണ്. ഒരു നേരം തലചായ്ക്കാൻ ഇടമില്ലാത്ത ഹതഭാഗ്യരെയും നമുക്ക് ഇവിടെ കാണാൻ സാധിക്കും. നഗരദാരിദ്ര്യം ഇല്ലാതാക്കുന്നതിന് വേണ്ടിയുള്ള നിരവധി പദ്ധതികളിൽ നിന്ന് വിഭിന്നമായി എല്ലാ പഴുതുകളുമടച്ച് നഗരദാരിദ്ര്യത്തെ പൂർണ്ണ അർത്ഥത്തിൽ ഇല്ലാതാക്കുവാനുള്ള മിഷനാണ് (NULM).

ദരിദ്രമക്കളെ സ്വന്തം കാലിൽ നിൽപ്പിക്കാനാവശ്യമായ ഒരു സംവിധാനം ഉണ്ടാക്കി വിവിധങ്ങളായ സ്വയംതൊഴിൽ പദ്ധതികളിലേക്ക് അവരെ കൈപിടിച്ച് ഉയർത്തി, പുതിയ വൈദഗ്ധ്യങ്ങളും നൈപുണ്യങ്ങളും പഠിപ്പിച്ച്, പരിപൂർണ്ണമായി തൊഴിൽ ചെയ്യാൻ പര്യാപ്തമാക്കുകയും, നാമമാത്ര പലിശയ്ക്ക് ബാങ്കുകളിൽ നിന്ന് ലോൺ ലഭ്യമാക്കി, ദാരിദ്ര്യത്തിന്റെ പ്രകടിത രൂപങ്ങളെ ഇല്ലാതാക്കുവാനാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. പാർപ്പിടമില്ലാത്തവരെയും, തെരുവ് കച്ചവടക്കാരെയും ഈ പദ്ധതിയിൽ പൂർണ്ണ അർത്ഥത്തിൽ സഹായിക്കുന്നുണ്ട്. ദരിദ്രരെ പ്രചോദിതരാക്കി, ദാരിദ്ര്യത്തിൽ നിന്ന് രക്ഷപ്പെടാനുള്ള ആഗ്രഹം ജനിപ്പിച്ച് വിവിധങ്ങളായ ജീവിതോപാദികൾ നൽകി ദരിദ്രരുടെ സാമൂഹിക സംഘടനകൾക്ക് ഊർജ്ജം നൽകി, അടിത്തറ വികസിപ്പിച്ച് സാമ്പത്തിക പിന്തുണ നൽകുക എന്നതാണ് ഈ പദ്ധതിയുടെ കാതൽ.

ദരിദ്രരുടെ പങ്കാളിത്തത്തോടെ മാത്രമേ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനം പൂർണ്ണമാകുകയുള്ളൂ എന്ന് പദ്ധതി പ്രഘോഷണം ചെയ്യുന്നു. 74-ാം ഭരണഘടന ഭേദഗതി പ്രകാരം നഗരദാരിദ്ര്യം നിർമ്മാർജ്ജനം നഗരസഭയുടെ നിയമപരമായ കടമയാണ്. ദരിദ്രർ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് നല്ല വിപണി സൗകര്യം ഒരുക്കുവാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്. ദരിദ്രരുടെ സംഘടന സംവിധാനത്തിൽ സുതാര്യതയും, കാര്യക്ഷമതയും ഉത്തരവാദിത്ത ബോധവും ഉണ്ടാക്കുവാൻ NULM വ്യത്യസ്തങ്ങളായ പരിശീലനം നൽകുന്നതാണ്. 7 സുപ്രധാന ഘടകങ്ങൾ അടങ്ങിയതാണ് നഗരദാരിദ്ര്യ മിഷന്റെ പ്രവർത്തനം 1. നഗരദരിദ്രർക്കായി ഒരു സാമൂഹ്യാധിഷ്ടിത സംഘടന (കേരളത്തിൽ ജാതിമത പരിഗണനകൾക്കതീതമായി കുടുംബശ്രീ പ്രസ്ഥാനത്തെയാണ് ഈ സാമൂഹ്യ സംഘടനയായി തെരഞ്ഞെടുത്തിട്ടുള്ളത്.) 2. നിലവിലുള്ള ദാരിദ്ര്യ പദ്ധതികളുടെ ഗുണനിലവാരം ഉയർത്തി വിപുലപ്പെടുത്തി പരിശീലനങ്ങളും ശാക്തീകരണ പ്രവർത്തനവും സംഘടിപ്പിക്കൽ. 3. വൈദഗ്ധ്യ പരിശീലനം. 4. വളർന്നുവരുന്ന മാർക്കറ്റിന് അനുസരിച്ച് ദരിദ്രർക്ക് ഇടപെടാനുള്ള സ്വയംതൊഴിൽ പദ്ധതികൾ 5. പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടം 6. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സമുദ്ധാരണത്തിന് പ്രത്യേക പരിഗണന നൽകി വഴിയോരക്കച്ചവടക്കാരെ സഹായിക്കൽ. 7. നൂതന പദ്ധതികൾ ഉണ്ടാക്കി പുതുമയാർന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ തയ്യാറാക്കുക എന്നിവയാണ് ഘടകങ്ങൾ.

12-ാം പദ്ധതിക്കാലത്ത് രാജ്യത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലെ മുൻസിപ്പാലിറ്റിയിലും ഒരു ലക്ഷം ജനസംഖ്യയുള്ള മുൻസിപ്പാലിറ്റികളിലുമാണ്. NULM പദ്ധതി ആദ്യമായി ആരംഭിക്കുന്നത്. കേരളത്തിൽ 15 തദ്ദേശഭരണ സ്ഥാപനങ്ങളെയാണ് ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്തിരിക്കുന്നത്. പദ്ധതി നടപ്പിൽ വരുത്തുന്നതിന്റെ മുമ്പായി മുഴുവൻ ദരിദ്രരെയും സാമൂഹ്യ സംവിധാനത്തിന്റെ കീഴിൽ കൊണ്ട് വരേണ്ടതായിട്ടുണ്ട്. പ്രത്യേക പരിഗണന നൽകേണ്ടവരായ പട്ടികജാതി പട്ടിക വർഗ്ഗക്കാർ, അംഗവൈകല്യമുള്ളവർ, വിധവകൾ, ആരോരുമില്ലാത്തവർ കുടിയേറിപ്പാർത്തവർ, വഴിയോര കച്ചവടക്കാർ, വിവിധ തൊഴിലിൽ ഏർപ്പെടുന്നവർ എന്നിവരെ കണ്ടെത്തി സാമൂഹ്യ സംവിധാനത്തിൽ അംഗങ്ങൾ ആക്കണം ഇങ്ങിനെ സംഘടനയുണ്ടാക്കുന്നതിന് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായവും പരിശീലനവും നൽകുന്നതാണ്. 2 ലക്ഷം രൂപ വരെ ഈ കാര്യത്തിൽ സഹായം ലഭിക്കുന്നതാണ്. വാർഡ്തല സംവിധാനത്തിന് 50000/- രൂപ വരെ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതാണ്. 10 ലക്ഷം രൂപ വരെ ചെലവഴിച്ച് നഗര ജീവിതോപാദി സെന്റർ നഗരങ്ങളിൽ ഉണ്ടാക്കുന്നതാണ്. ദാരിദ്ര്യം അനുഭവിക്കുന്നവരുടെ അത്താണിയായി ഈ കേന്ദ്രം പ്രവർത്തിക്കേണ്ടതാണ്. വിദഗ്ധന്മാർ അടങ്ങുന്ന സിറ്റിമിഷൻ മാനേജ്മെന്റ് യൂനിറ്റ് ഉണ്ടാക്കുന്നതാണ്. വൈദഗ്ധ്യ പരിശീലനത്തിന് ഒരാൾക്ക് പരമാവധി 15,000 രൂപ വിനിയോഗിക്കുന്നതാണ്. ബാങ്കുകളിൽ നിന്ന് 10 ലക്ഷം രൂപ വരെ 7% പലിശ നിരക്കിൽ വായ്പകൾ NULM പദ്ധതി പ്രകാരം ദരിദ്രർക്ക് ലഭിക്കുന്നതാണ്. ബാങ്കുകളുടെ കരാളഹസ്തത്തിൽ നിന്ന് മോചിതമാക്കി വിവിധ ജീവിതോപാദി മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നഗരങ്ങളിലെ ദരിദ്രരെ ഈ പദ്ധതി പര്യാപ്തമാക്കുന്നതാണ്. സ്ത്രീകൾക്ക് മാത്രം ഉള്ള അയൽക്കൂട്ടങ്ങൾ ലോണെടുത്ത് കൃത്യമായി വായ്പ തിരിച്ചടച്ചാൽ 3% പലിശ ഇളവ് ലഭിക്കുന്നതാണ്. ഉല്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കുവാൻ പ്രത്യേക സഹായം ലഭ്യമാണ്. NULM ന്റെ 5% തുക തെരുവ് കച്ചവടക്കാരുടെ അഭിവൃദ്ധിക്കായി നീക്കിവെക്കുന്നതാണ്. 75% കേന്ദ്രഫണ്ടും 25% സംസ്ഥാന വിഹിതവുമാണ് NULM ന്റെ സാമ്പത്തിക ഘടന രാത്രികാലങ്ങളിൽ രാപാർക്കുന്നതിന് ഷെൽട്ടർ ഹോം സൗകര്യം പദ്ധതി പ്രകാരം ഒരുക്കുന്നതാണ്.

പുതിയ ആശയങ്ങളോട് കൂടിയ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളെ ഈ പദ്ധതിയിൽ പ്രത്യേകം സഹായിക്കുന്നതാണ്. മുഖ്യമന്ത്രി ചെയർമാനും ധനകാര്യ വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായി മറ്റ് പഞ്ചായത്ത് നഗരകാര്യ വകുപ്പ് മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന ഒരു സമിതിയാണ് സംസ്ഥാനത്ത് NULM ന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. അതിവേഗം നഗരവൽകൃത സ്വഭാവത്തിലേക്ക് നടന്ന് നീങ്ങുന്ന കേരളത്തിലെ നഗരദാരിദ്ര്യ പ്രവർത്തനങ്ങൾക്ക് ഒരു പുത്തൻ അധ്യായമാണ്. NULM പദ്ധതിയിലൂടെ കുറിക്കാൻ പോകുന്നത്. ■

ലേഖകൻ: കണ്ണൂർ ജില്ല കുടുംബശ്രീ അസി: കോർഡിനേറ്ററാണ്.

സരിത ബ്രാറ

ഗ്രാമീണ സ്ത്രീകളെ ശാക്തീകരിച്ച് മാറ്റത്തിന്റെ സന്ദേശ വാഹകരാക്കുന്നു

പിയാരി പറയുന്നു: ഗ്രാമത്തിലെ സമ്പന്ന കുടുംബങ്ങൾ അവജ്ഞയോടെയാണ് ഞങ്ങളെ കാണുന്നത്. അവരുടെ കയറ്റുകട്ടിലിലെങ്ങാനും ഞങ്ങൾ ഇരുന്നിട്ടുണ്ടെങ്കിൽ അവർ അത് കഴുകിയതിനു ശേഷമേ ഉപയോഗിക്കു. ടാപ്പിൽ നിന്നു വെള്ളം എടുത്താൽ അതും വൃത്തിയായി കഴുകും. സമ്പന്ന ഗൃഹങ്ങളിൽ ഞങ്ങൾക്കു പ്രവേശനമേ ഇല്ല.

പതിനാലു വയസ് മാത്രമുള്ള പിയാരി പൂർത്തി ഝാർക്കണ്ഡിലെ ഗദ്വാര ഗ്രാമത്തിലെ കൂലി തൊഴിലാളിയാണ്. അവൾക്ക് എട്ടോ ഒൻപതോ വയസ് പ്രായമുള്ളപ്പോൾ തുടങ്ങിയതാണീ കൂലി വേല. പകലന്തിയോളം പണിയെടുത്താൽ കിട്ടിയിരുന്നത് 60 രൂപയാണ്. പതിനൊന്നു വയസ് മുതൽ പിയാരി ഒരു ഇഷ്ടികക്കളത്തിൽ ജോലി ചെയ്യാനാരംഭിച്ചു. ഇവിടുത്തെ കൂലി ദിവസം 80 രൂപ. എന്നും പുലർച്ചെ ആറു മണിക്ക് അവൾ വീട്ടിൽനിന്ന് ഇറങ്ങും. തിരിച്ചെത്തുന്നത് വൈകിട്ട് 6.30 ന്. വീട്ടിലെത്തിയാൽ അവൾ അമ്മയെ സഹായിക്കും, ഇളയ കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കും. അതി ദരിദ്രമായ ജീവിത സാഹചര്യമാണ് പിയാരിയുടേത്. ചില ദിവസങ്ങളിൽ ഒരു നേരത്തെ ആഹാരം പോലും ഉണ്ടാവില്ല.

പിയാരി പറയുന്നു: ഗ്രാമത്തിലെ സമ്പന്ന കുടുംബങ്ങൾ അവജ്ഞയോടെയാണ് ഞങ്ങളെ കാണുന്നത്. അവരുടെ കയറ്റുകട്ടിലിലെങ്ങാനും ഞങ്ങൾ ഇരുന്നിട്ടുണ്ടെങ്കിൽ അവർ അത് കഴുകിയതിനു ശേഷമേ ഉപയോഗിക്കൂ. ടാപ്പിൽ നിന്നു വെള്ളം എടുത്താൽ അതും വൃത്തിയായി കഴുകും. സമ്പന്ന ഗൃഹങ്ങളിൽ ഞങ്ങൾക്കു പ്രവേശനമേ ഇല്ല.

പെൺകുട്ടികളോട് ഇരട്ടി വിവേചനമാണ്. – അവൾ പറയുന്നു.

ഞങ്ങളുടെ ഗ്രാമത്തിൽ സ്വന്തം വീട്ടിലും ആൺകുട്ടികൾക്കാണ് പെൺകുട്ടികളെക്കാൾ പരിഗണന. അവരെ സ്കൂളിൽ ചേർക്കും. ഈ മഹിളാ ശിക്ഷൺ കേന്ദ്രത്തിൽ വരാൻ ഇടയായി എന്നത് എന്റെ ഭാഗ്യം – പിയാരി വെളിപ്പെടുത്തി. കഴിഞ്ഞ ഏപ്രിൽ മാസത്തിലാണ്

ജാംഷഡ്പൂരിലെ മഹിളാ ശിക്ഷൺ കേന്ദ്രത്തിൽ പിയാരിക്ക് പ്രവേശനം ലഭിച്ചത്. അതുവരെ പിയാരി ഒരു സ്കൂൾ കണ്ടിട്ടു പോലുമില്ലായിരുന്നു. സ്കൂൾ അവളുടെ വിദൂരസ്വപ്നത്തിൽ പോലും ഉണ്ടായിരുന്നില്ല.

പതിനൊന്നു മാസത്തെ തീവ്ര പരിശീലനമാണ് ഇപ്പോൾ അവൾക്കു ലഭിക്കുന്നത്. ഇപ്പോൾ അവൾ അഞ്ചാം ക്ലാസിലെ പാഠങ്ങളാണ് പഠിക്കുന്നത്. അതുകഴിഞ്ഞാൽ അവളെ ഗാന്ധി ബാലിക വിദ്യാലയത്തിലേയ്ക്ക് അയക്കും. എനിക്ക് പഠിച്ച് ഒരു എൻജിനിയറാകണം – പിയാരിയുടെ സ്വപ്നങ്ങൾക്ക് ചിറകു മുളയ്ക്കുകയാണ്.

കേന്ദ്ര ഗവൺമെന്റിന്റെ മാനവവിഭവ ശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള മഹിളാ സമഖ്യ പദ്ധതിയുടെ മേൽനോട്ടത്തിലാണ് മഹിളാ ശിക്ഷൺ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. വിദ്യാഭ്യാസത്തിലൂടെ മാത്രമെ ഫലപ്രദമായ സ്ത്രീ ശാക്തീകരണം സാധിക്കുകയുള്ളു എന്ന തിരിച്ചറിവിൽ നിന്നാണ് മഹിളാ ശിക്ഷൺ കേന്ദ്ര പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ 1988-ൽ കർണാടക, ഗുജറാത്ത്, ഉത്തർ പ്രദേശ് എന്നീ മൂന്നു സംസ്ഥാനങ്ങളിൽ ആരംഭിച്ചത്. ഇന്ന് രാജ്യത്തെ ഒൻപതു സംസ്ഥാനങ്ങളിൽ ഈ പദ്ധതി വിജയകരമായി മുന്നേറുന്നു.

ഓരോ മഹിളാ ശിക്ഷൺ കേന്ദ്രത്തിലും 15-35 പ്രായപരിധിയിലുള്ള 30 യുവതികളും പെൺകുട്ടികളും ഉണ്ടായിരിക്കും. ഒരു വർഷം ദൈർഘ്യമുള്ള പരിശീലനത്തിൽ അഞ്ചാം ക്ലാസ് വരെയുള്ള പാഠഭാഗങ്ങൾ ഇവരെ പരിശീലിപ്പിക്കും. കമ്പ്യൂട്ടർ പരിജ്ഞാനം ഉൾപ്പെടെയുള്ള വിവിധ തൊഴിൽ പരിശീലനമാണ് ഇവർക്ക് തുടർന്ന് നൽകുന്നത്. ജീവിതത്തിൽ അവരെ സ്വയം പര്യാപ്തരാക്കുക എന്നതാണ് ഈ വിദ്യാഭ്യാസ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

കാര്യങ്ങളെ വ്യക്തമായ ലിംഗവൈവിധ്യമുള്ള കാഴ്ച്ചപ്പാടിലൂടെ കാണാനും, ആത്മവിശ്വാസം വളർത്താനും, നേതൃത്വവാസന ആർജ്ജിക്കാനും ഈ പരിശീലനത്തിലൂടെ മഹിളാ ശിക്ഷൺ കേന്ദ്രങ്ങൾ ശ്രമിക്കുന്നു. നല്ല പരിശീലനം സിദ്ധിച്ച, വിദ്യാസമ്പന്നരായ, ലക്ഷ്യബോധമുള്ള സ്ത്രീകളുടെ ഒരു നിരയെ വാർത്തെടുക്കുകയും, അവർ വഴി അവരുടെ ഗ്രാമങ്ങളിൽ വലിയ പരിവർത്തനങ്ങൾ സൃഷ്ടിക്കുകയുമാണ് ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. ഝാർഖണ്ഡിലെ മഹിളാസമഖ്യ സൊസൈറ്റിയുടെ സ്റ്റേറ്റ് പ്രോഗ്രാം ഡയറക്ടർ ഡോ. സുമിത ഗുപ്തയുടെ അഭിപ്രായത്തിൽ, പ്രത്യേകം തയാറാക്കിയിരിക്കുന്ന ഈ പാഠ്യപദ്ധതിയ്ക്കു തുടർച്ചയായി നേതൃത്വ പരിശീലനമാണ് നല്കുക.

കാര്യങ്ങളെ വ്യക്തമായ ലിംഗവൈവിധ്യമുള്ള കാഴ്ച്ചപ്പാടിലൂടെ കാണാനും, ആത്മവിശ്വാസം വളർത്താനും, നേതൃത്വവാസന ആർജ്ജിക്കാനും ഈ പരിശീലനത്തിലൂടെ മഹിളാ ശിക്ഷൺ കേന്ദ്രങ്ങൾ ശ്രമിക്കുന്നു. നല്ല പരിശീലനം സിദ്ധിച്ച, വിദ്യാസമ്പന്നരായ, ലക്ഷ്യബോധമുള്ള സ്ത്രീകളുടെ ഒരു നിരയെ വാർത്തെടുക്കുകയും, അവർ വഴി അവരുടെ ഗ്രാമങ്ങളിൽ വലിയ പരിവർത്തനങ്ങൾ സൃഷ്ടിക്കുകയുമാണ് ഈ പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

ദൃശ്യ-ശ്രാവ്യ സാങ്കേതങ്ങൾ, കമ്പ്യൂട്ടർ, ടെലിവിഷൻ തുടങ്ങിയ ആധുനിക മാധ്യമങ്ങളും ഇതിനായി പ്രയോജനപ്പെടുത്തും. ഈ ചെറുപ്പക്കാരികൾക്ക് വിവിധ വിനോദങ്ങൾ, സ്പോർട്സ്, കരാട്ടെ എന്നിവയിലും പരിശീലനം നൽകും. അധ്യാപക ദിനം പോലുള്ള അവസരങ്ങളും പരിശീലനത്തിനിടയിൽ ആചരിക്കും. ഈ ചെറുപ്പക്കാരികളെ ബാങ്ക്, പോസ്റ്റ് ഓഫീസ്, റെയിൽവെ സ്റ്റേഷൻ മുതലായ പൊതു സ്ഥാപനങ്ങളിൽ കൊണ്ടുപോയി അവയുടെ പ്രവർത്തനങ്ങൾ, അവിടെ നിന്നു ലഭിക്കുന്ന സേവനങ്ങൾ, അവിടെ ലഭ്യമായ സൗകര്യങ്ങൾ തുടങ്ങിയ പരിചയപ്പെടുത്തും. ചില ശില്പശാലകളിലും സെമിനാറുകളിലും പങ്കെടുക്കാനും അവർക്ക് സൗകര്യങ്ങൾ ഒരുക്കും.

ജാംഷഡ്പൂരിലെ മഹിളാ ശിക്ഷൺ കേന്ദ്രത്തിൽ നിന്ന് റാഞ്ചിയിൽ നടന്ന ആർത്തവവും വ്യക്തിശുചിത്വവും എന്ന ശില്പശാലയിൽ പങ്കെടുക്കാൻ അവസരം ലഭിച്ച ആഷാ ടുഡു എന്ന പെൺകുട്ടി പറഞ്ഞത്, ലഭിച്ചതെല്ലാം പുതിയ അറിവുകളായിരുന്നു എന്നാണ്. ആർത്തവത്തെ കുറിച്ചും ആ സമയത്ത് പാലിക്കേണ്ട വ്യക്തിശുചിത്വത്തെ കുറിച്ചും ഗ്രാമത്തിലെ സമപ്രായക്കാരായ പെൺകുട്ടികളെ ബോധവത്ക്കരിക്കുകയായിരിക്കും തന്റെ ആദ്യ ദൗത്യമെന്നും ആഷ വ്യക്തമാക്കി. തന്റെ ഗ്രാമത്തിലുള്ളവർ വളരെ പാവപ്പെട്ടവരാണെന്നും ഒരു ഡോക്ടറായി അവർക്ക് സേവനം ചെയ്യണമെന്നുമാണ് അവളുടെ ആഗ്രഹം.

എന്റെ ഗ്രാമത്തിലുള്ളവർ അസുഖങ്ങൾ ഇല്ലാത്ത ആരോഗ്യമുള്ള ആളുകളാകണം എന്നാണ് എന്റെ ആഗ്രഹം

കന്താ ദേറാ ഗ്രാമത്തിലെ അഷ്ടമി സർദാർ 50 രൂപ ദിവസക്കൂലിക്ക് ഒരു സ്ഥാപനത്തിൽ ജോലി ചെയ്തു വരവെയാണ് അവൾക്ക് ജംഷഡ്പൂരിലെ മഹിളാ ശിക്ഷൺ കേന്ദ്രത്തിൽ പ്രവേശനം ലഭിച്ചത്.

ഒരു നല്ല അധ്യാപികയായി ഗ്രാമത്തിൽ തിരിച്ചെത്തി എല്ലാവർക്കും അറിവു പകർന്നു നല്കാനാണ് അവളുടെ ആഗ്രഹം. എല്ലാ ആളുകളും സാക്ഷരരായ തന്റെ ഗ്രാമത്തെ ഈ ഈ 15കാരി സ്വപ്നം കാണുന്നു.

ഝാർഖണ്ഡിൽ 14 മഹിളാ ശിക്ഷൺ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. പതിനൊന്നു ജില്ലകളിലും ഓരോന്നു വീതം. സ്ത്രീതടവുകാർക്കു വേണ്ടി റാഞ്ചിയിലെ ബിർസമുണ്ട ജയിലിലും, മറ്റൊന്ന് മനുഷ്യകടത്തുകാരുടെ കൈകളിൽ നിന്നു രക്ഷപ്പെട്ട് എത്തിയവർക്കും വേണ്ടി കുന്തിയിലും ഓരോ മഹിളാ ശിക്ഷൺ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

ഝാർക്കണ്ഡിൽ വ്യാപകമായ ഒരു കുറ്റകൃത്യമാണ് പെൺകുട്ടികളെ കടത്തിക്കൊണ്ടുപോകൽ. പലപ്പോഴും പെൺകുട്ടികൾ സ്ഫോടനാത്മകമായ സാഹചര്യങ്ങളിൽ അറിയാതെ അകപ്പെട്ടു പോകുകയാണ്. രൂക്ഷമായ ദാരിദ്ര്യമാണ് ഇതിന് ഒരു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. കഴിഞ്ഞ വർഷമാണ് ഇത്തരത്തിലുള്ള ഇരകൾക്കായി ഒരു പഠന കേന്ദ്രം ആരംഭിച്ചത്. ആദ്യബാച്ച് 11 മാസത്തെ പരിശീലനം പൂർത്തിയാക്കി കഴിഞ്ഞു.

അനാശ്യാസ കേന്ദ്രങ്ങളിൽ നിന്ന് രക്ഷപ്പെടുത്തിയവരെ മുഖ്യധാരയിലെത്തിക്കുന്നതിനായി മഹിളാ ശിക്ഷൺ കേന്ദ്രത്തിൽ കൊണ്ടുവരിക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി - കുന്തിയിലെ ജില്ലാ പ്രോഗ്രാം കോ ഓർഡിനേറ്റർ അഞ്ചി ഹോറോ ചൂണ്ടിക്കാട്ടി.

വീടുകൾ വിട്ടു പുറത്തിറങ്ങാൻ അവർക്കു ഭയമാണ്. അവർ മഹിളാ ശിക്ഷൺ കേന്ദ്രത്തിൽ വരുന്നതു പോലും അജ്ഞാതമായ ഏതോ ഭീതിയുടെ നിഴലിലാണ് ഹോറോ പറഞ്ഞു.

ഇവരുടെ ആദ്യബാച്ചിൽ 32 പേരാണ് ഉണ്ടായിരുന്നത്. ഇതിൽ അഞ്ചു പേരെ കസ്തൂർബാ ഗാന്ധി ബാലിക വിദ്യാകേന്ദ്രത്തിൽ തുടർ പഠനത്തിനായി പ്രവേശിപ്പിച്ചു. അവിടെ തുന്നലും, ബ്യൂട്ടീഷൻ കോഴ്സുമാണ് അവർ പരിശീലിക്കുന്നത്.

ബിർസ മുണ്ട ജയിലിലെ മഹിളാ ശിക്ഷൺ കേന്ദ്രത്തിലെ പഠിതാക്കൾ 24 തടവുകാരികളാണ്. ആദ്യം ഈ യുവതികളെ അവരുടെ വിഷാദ മനോഭാവത്തിൽ നിന്നു മോചിപ്പിക്കണം, പിന്നീടു മാത്രമെ എന്തെങ്കിലും പഠനത്തിൽ അവർക്ക് താല്പര്യം ജനിപ്പിക്കാൻ സാധിക്കൂ എന്നാണ്. ജയിലിലെ ഒരു ഉദ്യോഗസ്ഥൻ അഭിപ്രായപ്പെട്ടത്.

ഇതൊക്കെയാണെങ്കിലും ഒരു വെള്ളി രേഖ കാണുന്നത്, ആഷയെപ്പോലെ, പിയാരിയെപ്പോലെ, അഷ്ടമിയെ പോലെ ധാരാളം പെൺകുട്ടികൾ വെറുതെ പഠിച്ച് മുന്നോട്ടു പോകുന്നതിനു പകരം ഭാവിയെ കുറിച്ച് വ്യക്തമായ കാഴ്ചപ്പാടോടു കൂടി സമൂഹത്തിൽ മാറ്റങ്ങൾക്ക് രാസത്വരകമാകാനുള്ള നിശ്ചയദാർഢ്യത്തോടും ദിശാബോധത്തോടും കൂടി മുന്നേറ്റം നടത്തുന്നു എന്നതാണ്.

മഹിളാ ശിക്ഷൺ കേന്ദ്രത്തിലേയ്ക്ക് പ്രവേശനം നല്കുന്നത് ഏറ്റവും കൂടുതൽ ദാരിദ്യം അനുഭവിക്കുന്ന സ്ത്രീകൾക്കും കൗമാരക്കാരുമാണ്. മഹിളാ ശിക്ഷൺ കേന്ദ്രത്തിനു വേണ്ടി മഹിളാസമഖ്യ പ്രവർത്തകരാണ് ഇവരെ കണ്ടെത്തുക. പഠനത്തിൽ അതീവ താല്പര്യമുള്ളവരെയും അതിനായി എന്തെങ്കിലും സ്വന്തം നിലയിലുള്ള പരിശ്രമങ്ങൾ നടത്തിയവരെയും ആദ്യം പരിഗണിക്കും. ആദ്യം ഇവർക്കായി ഒരു സാക്ഷരതാ ക്യാമ്പ് നടത്തും. ഇതിൽ വച്ച് വാർഡനും അധ്യാപകരും മറ്റും ചേർന്ന് അവരുടെ പ്രകടനം വിലയിരുത്തിയ ശേഷമാണ് ശിക്ഷൺ കേന്ദ്രത്തിൽ പ്രവേശനം നല്കുക.

ഇതിനോടകം ഝാർഖണ്ഡിൽ നിന്നു മാത്രം 104 ബാച്ചുകൾ - 3456 പെൺകുട്ടികളും യുവതികളും - പഠനം പൂർത്തിയാക്കി. ഇവരിൽ 2169 പേർ പട്ടിക ഗോത്ര വർഗ്ഗക്കാരാണ്. 900 പേർ പട്ടിക വർഗ്ഗവും. 315 പേർ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ പെട്ടവരും ന്യൂനപക്ഷ സമുദായക്കാരും.

ഇതൊക്കെയാണെങ്കിലും ബസന്തി പൂർത്തിയെപ്പോലെ, അവളുടെ സഹോദരി പിയാരി പൂർത്തിയെ പോലെ 11 വയസ് മാത്രമുള്ള പെൺകുട്ടികൾ ഉപജീവനത്തിനായി ഇപ്പോഴും കട്ടക്കളങ്ങളിൽ പകലന്തിയോളം അധ്വാനിക്കുന്നു എന്നത് ദുഖകരമായ അവസ്ഥയാണ്. സ്കൂളിൽ പോയി അവരുടെ അവകാശമായ വിദ്യാഭ്യാസം നേടേണ്ട പ്രായത്തിൽ അതിനു സാധിക്കാതെ തുഛമായ അൻപതോ അറുപതോ രൂപയ്ക്കു വേണ്ടി ഒരു ദിവസം മുഴുവൻ അധ്വാനിക്കാൻ, അല്ലെങ്കിൽ രൂക്ഷമായ ദാരിദ്ര്യം കൊണ്ട് പൊറുതിമുട്ടി വേശ്യാവൃത്തിക്ക് നിർബന്ധിതരായി തകരുന്ന ചെറുബാല്യങ്ങൾ ഇപ്പോഴും നമ്മുടെ രാജ്യത്തുണ്ട് എന്ന സത്യമാണ് നമ്മെ ആകുലപ്പെടുത്തുന്നത്.

അധ്യാപകരുടെ താഴ്ന്ന നിലവാരം, അടിസ്ഥാന സൗകര്യങ്ങളുടെയും പഠന സാമഗ്രികളുടെയും അഭാവം തുടങ്ങിയ പ്രശ്നങ്ങൾ ഈ ശിക്ഷൺ കേന്ദ്രങ്ങളുടെ സുഗമമായ നടത്തിപ്പിനു പ്രതിബന്ധങ്ങൾ തീർക്കുന്നു എന്ന് മഹിളാ സമഖ്യയുടെ നാലാമത് അവലോകനത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. അതുകൊണ്ടു തന്നെ ഇവിടെ പരിശീലിക്കുന്ന പല കുട്ടികൾക്കും തുടർ പഠനത്തിന് പ്രവേശനം ലഭിക്കാത്ത അവസ്ഥയും ഉണ്ടാകുന്നു.

ഇതൊക്കെയാണെങ്കിലും ഒരു വെള്ളി രേഖ കാണുന്നത്, ആഷയെപ്പോലെ, പിയാരിയെപ്പോലെ, അഷ്ടമിയെ പോലെ ധാരാളം പെൺകുട്ടികൾ വെറുതെ പഠിച്ച് മുന്നോട്ടു പോകുന്നതിനു പകരം ഭാവിയെ കുറിച്ച് വ്യക്തമായ കാഴ്ചപ്പാടോടു കൂടി സമൂഹത്തിൽ മാറ്റങ്ങൾക്ക് രാസത്വരകമാകാനുള്ള നിശ്ചയദാർഢ്യത്തോടും ദിശാബോധത്തോടും കൂടി മുന്നേറ്റം നടത്തുന്നു എന്നതാണ്. അത് ചെറിയ കാര്യമല്ലല്ലോ. ■

ലേഖിക: ഫ്രീലാൻഡ് എഴുത്തുകാരിയാണ്.

'ജിനിക്ക് ഗോക്കൾ നാല്, മകൾക്ക് കോഴികൾ ഇരുപത്തിനാല്'

അനുപമ. ജി.കെ, ബാലരാമപുരം

പുലർച്ചെ നാലു മണിയോടെ ജിനിയുടെ ഒരു ദിവസം ആരംഭിക്കും. കറവ പശുക്കളെ കുളിപ്പിക്കലാണ് ആദ്യ ജോലി. തൊഴുത്ത് വൃത്തിയാക്കുന്ന സമയം മകൾ അപർണയും കൂടും. പിന്നെ ജിനി ഒറ്റക്ക് കറവ തുടങ്ങും. അഞ്ചുമണിയോടുകൂടി പാൽ പാത്രങ്ങളിലാക്കിയ ശേഷം അടുക്കള പണി തുടങ്ങും.

2014 ഐക്യരാഷ്ട്ര സഭ കുടുംബ കൃഷി വർഷമായി ആചരിക്കുകയാണല്ലോ. ബാലാരാമപുരം മന്നോട്ടുകോണം എസ്.ജെ. നിവാസിൽ ജിനിയുടെ മകളാണ് അപർണ. ഈ അമ്മയ്ക്ക് മറ്റ് മക്കളാരുമില്ല. ഈ അമ്മയും മകളും ഒരു ഗ്രാമത്തിന്റെ ഭക്ഷ്യസുരക്ഷക്കായി പാലും മുട്ടയും പച്ചക്കറിയുമൊക്കെ ഉത്പാദിപ്പിക്കുന്നതിൽ മാതൃകകാട്ടുന്നു.

ഒഴിവുസമയം പാഴാക്കാതിരിക്കുന്നതിനുള്ള ഒരു മാർഗമായി പരീക്ഷണാർത്ഥം 2011 ൽ ഒരു പശുവിനെ വാങ്ങി വളർത്തി. തുടക്കത്തിൽ വീട്ടാവശ്യത്തിനുള്ള പാൽ; പിന്നെ കൃഷിയിടത്തിലേക്കുള്ള ജൈവവളം ഇത്രയേ ഈ വീട്ടമ്മ ആഗ്രഹിച്ചുള്ളൂ. മാസം ഒന്ന് കഴിഞ്ഞപ്പോൾ വരവ് ചെലവ് നോക്കി. ദിനം പ്രതി 100 രൂപ മിച്ചം പിടിക്കാനാകുമെന്ന് കണ്ടു. പിന്നെ പശുക്കളുടെ എണ്ണം കൂട്ടി. 20–25 ലിറ്റർ പാൽ ലഭിക്കുന്ന ഗോക്കളെ വളർത്തിയാൽ മാത്രമേ പശുവളർത്തൽ ലാഭകരമാകൂ എന്നാണ് ജിനിയുടെ അനുഭവം.

പശുക്കളുടെ തീറ്റയുടെ കാര്യത്തിലും ജിനി സ്വയം പര്യാപ്തത നേടി. വീടിനു സമീപത്തെ പുരയിടത്തിൽ പുല്ല്, മരിച്ചീനി, വാഴ എന്നിവ കൃഷി ചെയ്യുന്നു. പശുക്കൾക്ക് ദിവസം 10 കിലോ കാലിത്തീറ്റയും 5 കിലോ പരുത്തിപ്പിണ്ണാക്കും രണ്ടു നേരമായി നൽകും. ഉച്ചയ്ക്ക് കറവ കഴിഞ്ഞാൽ ഒരു കിലോ പുളിയരിപ്പൊടി വേവിച്ച്, അതിൽ രണ്ട് കിലോ പിണ്ണാക്കും ചേർത്ത് ചെറു ചൂടോടെ നൽകും. കറവ പശുക്കൾക്ക് ഓരോന്നിനും ദിവസം 25 കിലോ പുല്ലും രാത്രി മൂന്ന് കിലോ വൈക്കോലും നൽകുന്നു. നാല് മണിക്കൂർ ഇടവിട്ട് ശുദ്ധജലം നൽകാറുണ്ട്.

പുലർച്ചെ നാലു മണിയോടെ ജിനിയുടെ ഒരു ദിവസം ആരംഭിക്കും. കറവ പശുക്കളെ കുളിപ്പിക്കലാണ് ആദ്യ ജോലി. തൊഴുത്ത് വൃത്തിയാക്കുന്ന സമയം മകൾ അപർണയും കൂടും. പിന്നെ ജിനി ഒറ്റക്ക് കറവ തുടങ്ങും. അഞ്ചുമണിയോടുകൂടി പാൽ പാത്രങ്ങളിലാക്കിയ ശേഷം അടുക്കള പണി തുടങ്ങും. 38 ലിറ്റർ പാൽ തരുന്ന നന്ദിനി എന്ന പശുവിനെ കറക്കാൻ 14 മിനിട്ട് സമയമെടുക്കും. രണ്ട് നേരവും കൂടി ശരാശരി 165 ലിറ്റർ പാൽ വിൽക്കാനായി കിട്ടും. അയൽക്കാരും, ഹോട്ടലുകാരും വാങ്ങിയശേഷം മിച്ചം വന്നാൽ പയറ്റുവിള ക്ഷീരസഹകരണ സംഘത്തിൽ നൽകാറാണ് പതിവ്.

അപർണ ഏഴാംതരത്തിൽ പഠിക്കുന്നു. വീട്ടിലെ ഏക സന്താനമായതിനാൽ കൂട്ടുകാർ പശുക്കളും കോഴികളും തന്നെ. കഴിഞ്ഞ മധ്യവേനലവധിക്ക് അപർണ രണ്ട് കോഴികളിലായി 26 മുട്ട അട ഇരുത്തി. 24 മുട്ടകൾ വിരിഞ്ഞു കിട്ടി. അവ ഇപ്പോൾ മുട്ട തന്നുകൊണ്ടിരിക്കുന്നു. "നാടൻ കോഴികളായതിനാൽ വലിയ പരിചരണം മോൾക്ക് വേണ്ടി വന്നില്ല." അമ്മ ജിനി പറഞ്ഞു. വീട്ടാവശ്യത്തിനുള്ള പച്ചക്കറി സ്വന്തം പുരയിടത്തിൽ തന്നെയാണ് ഉത്പാദിപ്പിക്കുന്നത്.

പച്ചക്കറികൾക്ക് വളപ്രയോഗം, ജൈവകീടനാശിനി പ്രയോഗം, ജലസേചനം എന്നിവ നൽകുന്നതും വിളവെടുക്കുന്നതും സ്കൂൾ വിട്ട് വന്നശേഷം അപർണ തന്നെ. കണക്കിന് മുൻകാലങ്ങളിൽ മാർക്ക് വളരെ കുറവായിരുന്നു. എന്നാൽ അവൾ മുട്ടവിറ്റും പച്ചക്കറി വിത്ത് വിറ്റും കൊടുക്കൽ വാങ്ങലിലൂടെ കണക്കിന് ക്ലാസിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങാൻ സാധിച്ചത് ഈ അമ്മ ഒരു പുണ്യമായി കരുതുന്നു. ഒപ്പം, കലർപ്പില്ലാത്ത പാലും മായമില്ലാത്ത പച്ചക്കറികളും ഉത്പാദിപ്പിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷയിൽ ഒരു പങ്കാളിയായതിലുള്ള അഭിമാനവും ഇവർക്കുണ്ട്. ■

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും അർഹരായ എല്ലാ ആളുകൾക്കും ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ ഉറപ്പാക്കി എല്ലാ ഗ്രാമപഞ്ചായത്തുകളേയും സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ലകളിലും നടന്നു വരികയാണ്.

തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകൾ ആയതിന്റെ ജില്ലാതല പ്രഖ്യാപനം പഞ്ചായത്ത് സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. എം.കെ.മുനീർ നിർവ്വഹിച്ചു. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും അർഹരായ എല്ലാ ആളുകൾക്കും ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ ഉറപ്പാക്കി എല്ലാ ഗ്രാമപഞ്ചായത്തുകളേയും സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ എല്ലാ ജില്ലകളിലും നടന്നു വരികയാണ്. ഈ ലക്ഷ്യം കൈവരിക്കുന്ന കേരളത്തിലെ രണ്ടാമത്തെ ജില്ലയാണ് തിരുവനന്തപുരം. തിരുവനന്തപുരം ജില്ലയിലെ 73 ഗ്രാമ പഞ്ചായത്തുകളിൽ തീർപ്പാക്കാൻ അവശേഷിച്ചിരുന്ന പെൻഷൻ അപേക്ഷകളിൽ തീർപ്പുണ്ടാക്കിയും വാർഡ് തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് സമഗ്രമായ സർവ്വേ നടത്തി അർഹരായ എല്ലാ ആളുകളിൽ നിന്നും അപേക്ഷകൾ വീടുകളിൽ ചെന്ന് ശേഖരിച്ച് പെൻഷൻ അനുവദിക്കുന്ന പ്രവർത്തനമാണ് സംഘടിപ്പിച്ചത്. 2013 നവംബർ 11 ന് ആരംഭിച്ച പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലൂടെ കടന്ന് ജനുവരി 1 ന് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളേയും സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളായി പ്രഖ്യാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. വളരെ ചിട്ടയായ പ്രവർത്തനത്തിലൂടെ ഇത് കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ജില്ലയിലാകെ വാർദ്ധക്യകാല പെൻഷനിൽ 54590 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 49541 ഗുണഭോക്താക്കളെ കൂടി അധികമായി കണ്ടെത്തിയിട്ടുണ്ട്. വിധവാ പെൻഷൻ 72907 എന്നുള്ളത് 81005 ആയും വികലാംഗപെൻഷൻ 23512 എന്നുള്ളത് 25154 ആയും, 50 വയസ്സു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ 2848 എന്നുള്ളത് 3057 ആയും കർഷകത്തൊഴിലാളി പെൻഷൻ 47586 എന്നുള്ളത് 48321 ആയും വർദ്ധിച്ചിട്ടുണ്ട്. അപ്രകാരം ജില്ലയിലെ ആകെ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം 261668 ആയി വർദ്ധിച്ചിരിക്കുന്നു. അങ്ങനെ തിരുവനന്തപുരം ജില്ല സമ്പൂർണ്ണ പെൻഷൻ പദ്ധതി എന്ന ലക്ഷ്യം കൈവരിച്ചിരിക്കുന്നു. പഞ്ചായത്ത് ഭരണ സമിതികളുടേയും കുടുംബശ്രീ, അംഗൻവാടി പ്രവർത്തകർ, ആശാ പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ രാഷ്ട്രീയകക്ഷി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരുടെയും കൂട്ടായ പരിശ്രമമാണ് ഈ പദ്ധതിയുടെ വിജയത്തിന്റെ മുഖ്യ കാരണം.

ജില്ലയിലെ 73 ഗ്രാമ പഞ്ചായത്തുകളിൽ തീർപ്പാക്കാൻ അവശേഷിച്ചിരുന്ന പെൻഷൻ അപേക്ഷകളിൽ തീർപ്പുണ്ടാക്കിയും വാർഡ് തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് സമഗ്രമായ സർവ്വേ നടത്തി അർഹരായ എല്ലാ ആളുകളിൽ നിന്നും അപേക്ഷകൾ വീടുകളിൽ ചെന്ന് ശേഖരിച്ച് പെൻഷൻ അനുവദിക്കുന്ന പ്രവർത്തനമാണ് സംഘടിപ്പിച്ചത്.

ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും 1970 മുതലുള്ള ജനന-മരണ-വിവാഹ രജിസ്ട്രേഷൻ രേഖകളുടെ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ എന്ന ലക്ഷ്യം കൈവരിച്ചതിന്റെ പ്രഖ്യാപനം ഡെപ്യൂട്ടി സ്പീക്കർ എൻ. ശക്തൻ നിർവഹിച്ചു. പൊതുജനങ്ങൾക്ക് ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്ന പദ്ധതിക്ക് ഇതോടെ ജില്ലയിൽ തുടക്കമായി.

തിരുവനന്തപുരം ജില്ല സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തായി പ്രഖ്യാപിച്ചു

സമ്പൂർണ്ണ പെൻഷൻ പദ്ധതിയിലൂടെയും ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖേന ലഭ്യമാകുന്ന പദ്ധതിയിലൂടെയും ഗ്രാമപഞ്ചായത്തുകൾ കൂടുതൽ കാര്യക്ഷമമായ ജനസേവന കേന്ദ്രങ്ങളാകുമെന്ന് പ്രതീക്ഷിക്കുന്നു.

2012-13 ജില്ലയിൽ മികച്ച പദ്ധതി പ്രവർത്തനം കാഴ്ച വച്ച പെരുങ്കടവിട, പള്ളിച്ചൽ, കാട്ടാക്കട എന്നീ ഗ്രാമപഞ്ചായത്തുകൾക്കും നികുതിപിരിവിൽ 100 ശതമാനം കൈവരിച്ച ഇലകമൺ ഗ്രാമപഞ്ചായത്തിനും ചടങ്ങിൽ വച്ച് ട്രോഫികൾ വിതരണം ചെയ്തു.

സമ്പൂർണ്ണ പെൻഷൻ പദ്ധതിയിലൂടെയും ജനന-മരണ-വിവാഹസർട്ടിഫിക്കറ്റുകൾ ഓൺലൈൻ മുഖേന ലഭ്യമാകുന്ന പദ്ധതിയിലൂടെയും ഗ്രാമപഞ്ചായത്തുകൾ കൂടുതൽ കാര്യക്ഷമമായ ജനസേവന കേന്ദ്രങ്ങളാകുമെന്ന് പ്രതീക്ഷിക്കുന്നു.

പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൽ സംഘടിപ്പിച്ച ചടങ്ങിൽ പാറശ്ശാല എം.എൽ.,എ.എ.റ്റി ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് അസ്സോസിയേഷൻ ജില്ലാ പ്രസിഡന്റ് അമ്പലത്തറയിൽ ഗോപകുമാർ സ്വാഗതവും പഞ്ചായത്ത് ഡയറക്ടർ മിത്ര റ്റി. ഐ.എ.എസ് റിപ്പോർട്ടും അവതരിപ്പിച്ചു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വി.ആർ.മധുസൂദന കുറുപ്പ് ചടങ്ങിൽ കൃതഞ്ജത രേഖപ്പെടുത്തി. ■

പ:ന്യൂ:സർവ്വീസ്



പേജ് 10-ന്റെ തുടർച്ച

വേദി 3 ൽ 4 മണി മുതൽ ജനാധിപത്യ ശാക്തീകരണത്തിൽ പ്രാദേശീകവും അന്തർദേശീയ തലത്തിലും നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെകുറിച്ച് സെമിനാർ നടന്നു.

വൈകുന്നേരം 5.30 മുതൽ വേദി 1-ൽ മാധ്യമങ്ങളും -പ്രാദേശിക സർക്കാരുകളും എന്ന വിഷയത്തെ ആസ്പദമാക്കി പാനൽ ചർച്ച നടന്നു. ഹിന്ദു പത്രത്തിന്റെ എഡിറ്റർ പി. സായിനാഥിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വിവിധ പത്രത്തിനെ പ്രതിനിധീകരിച്ച് പ്രശസ്തരായ പത്ര പ്രവർത്തകർ സംബന്ധിച്ചു. ഗൗരീദാസൻ നായർ, മാധവൻകുട്ടി തുടങ്ങിയവരും വിഷയത്തെ കുറിച്ച് സംസാരിച്ചു. 7.30 മണി ക്ക് പ്രശസ്ത നർത്തകി താരാകല്യാണിന്റെ നൃത്തം വേദി 1ൽ തിങ്ങിനിറഞ്ഞ സദസ്സിനെ സാക്ഷിയാക്കി അരങ്ങേറി.

മൂന്നാം ദിവസവും കുട്ടികളുടെ അവകാശങ്ങളും പ്രാദേശിക സർക്കാരുകളും, പ്രാദേശിക സർക്കാരുകളുടെ വരുമാന വർദ്ധന, വികേന്ദ്രീകൃത ആസൂത്രണം, കേരളത്തിന്റെ നഗര, ഗ്രാമീണ വിഷയങ്ങൾ, സേവന നിർവ്വഹണം പാർശ്വവല്ക്കരിക്കപ്പെട്ടവരുടെ ഉന്നമനം തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ടെക്നിക്കൽ സെഷൻ മൂന്ന് വേദി കളിലായി നടന്നു. മുൻകേന്ദ്രമന്ത്രി മണിശങ്കർഅയ്യർ, പ്ലാനിംഗ് ബോർഡ് അംഗം സി.പി. ജോൺ തുടങ്ങി പ്രമുഖർ വിവിധ സെഷനുകളിൽ പങ്കെടുത്തു.

ഉച്ചതിരിഞ്ഞ് 2.30 മുതൽ വേദി 1 ൽ സമാപന സമ്മേളനം നടന്നു. പഞ്ചായത്തു സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്തു. തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറി രാജൻ കോബ്രഗഡെ ഐ.എ.എസ് സ്വാഗതം പറഞ്ഞ ചടങ്ങിൽ കേന്ദ്ര മന്ത്രി ജയറാം രമേശ്, ഗ്രാമ വികസന വകുപ്പു മന്ത്രി കെ.സി ജോസഫ് എസ്.എം. വിജയാനന്ദ് IAS മുനിസിപ്പൽ ചെയർമാൻസ് ചേമ്പർ ചെയർമാൻ ജമാൽ മണക്കാടൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. എം. മണികണ്ഠൻ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.റ്റി. മാത്യു തുടങ്ങിയവർ ആശംസാ പ്രസംഗം നടത്തി. അന്താരാഷ്ട്ര സമ്മേളനത്തിന്റെ ചീഫ് കോ - ഓർഡിനേറ്റർ എസ്. ദിവാകരൻ പിള്ള IA &AS (Retd) നന്ദി പറഞ്ഞതോടെ മൂന്നു ദിവസമായി നടന്നുവന്ന അന്താരാഷ്ട്ര സമ്മേളനത്തിന് പരിസമാപ്തിയായി. ദേശീയ ഗാനാപലത്തിനുശേഷം സമ്മേളന പ്രതിനിധികൾ യാത്രയായി. മൂന്ന് ദിവസങ്ങളിലായി നടത്തിയ അന്താരാഷ്ട്ര സമ്മേളനം അന്താരാഷ്ട്ര നിലവാരം പുലർത്തി വിജയകരമായി നടന്നു എന്നു വിലയിരുത്തപ്പെട്ടു. ■

പ:ന്യൂ:സർവ്വീസ്

ജനാധിപത്യത്തിന്റെ ഗുണഫലങ്ങൾ താഴെതട്ടിലെത്തിക്കാൻ ഇ–ഗവേണൻസ്

- ഉമ്മൻചാണ്ടി

ജനാധിപത്യത്തിന്റെ ഗുണഫലങ്ങൾ താഴെ തട്ടിലെ ജനങ്ങളിലെത്തിക്കാൻ ഇ-ഗവേണൻസിന്റെ വ്യാപനത്തിലൂടെ കഴിയണമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി അഭിപ്രായപ്പെട്ടു. ജനാധിപത്യ ശാക്തീകരണം പങ്കാളിത്ത പ്രാദേശിക സർക്കാരുകളിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി തിരുവനന്തപുരത്ത് സംഘടിപ്പിച്ച അന്താരാഷ്ട്ര സമ്മേളനത്തിന്റെ സമാപന ചടങ്ങുകൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനാധിപത്യം ഒരു ജീവിത രീതിയാണെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. ദുരന്തങ്ങളും ദുരിതങ്ങളും ഉണ്ടാകുന്ന സന്ദർഭങ്ങളിൽ മാത്രമേ ജനാധിപത്യം പ്രതിബദ്ധത പുലർത്തുന്നുള്ളു എന്നും ഇതല്ലാതെ ദൈനംദിന പ്രശ്നങ്ങളിൽ പ്രതിബദ്ധത കാണിക്കാറില്ല എന്നും ചടങ്ങിൽ സംസാരിച്ച കേന്ദ്ര ഗ്രാമവികസന മന്ത്രി ജയറാം രമേശ് പറഞ്ഞു.

ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പുമന്ത്രി ഡോ. എം.കെ. മുനീർ ജനാധിപത്യപരമായി സ്വീകരിക്കുന്ന നടപടികളെല്ലാം തന്നെ ഗ്രാമഭസകളെ ശക്തിപ്പെടുത്തുന്നതിനായിരിക്കണം. കേരളത്തിന്റെ സുപ്രധാന സംഭാവനയാണ് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഉടലെടുത്ത കുടുബശ്രീ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പങ്കാളിത്ത പരിപാടികളിലൂടെ ജനാധിപത്യത്തിന്റെ അടിത്തറ സുശക്തമാക്കാമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗ്രാമീണ മേഖലയിൽ ഗ്രാമകേന്ദ്രങ്ങൾ തുടങ്ങി അതുവഴി ജനാധിപത്യ ശാക്തീകരണം സാധ്യമാക്കുവാനുള്ള പദ്ധതി എല്ലാ ഗ്രാമപഞ്ചായത്തുകളിലും തുടങ്ങാനുള്ള പദ്ധതി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. ■

സംസ്ഥാന ഇലക്ഷൻ കമ്മീഷന് കൂടുതൽ അധികാരം നൽകും

– ഡോ.എം.കെ. മുനീർ

സംസ്ഥാന ഇലക്ഷൻ കമ്മീഷന് കൂടുതൽ അധികാരം നൽകാൻ ഉദ്ദേശിക്കുന്നതായി പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ചീഫ് ഇലക്ഷൻ കമ്മീഷണർമാരുടെ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇപ്പോൾ ജുഡീഷ്യൽ അധികാരമുൾപ്പെടെ ഏറ്റവും കൂടുതൽ അധികാര അവകാശങ്ങൾ കയ്യാളുന്നതും കേരളത്തിലെ ഇലക്ഷൻ കമ്മീഷനാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കമ്മീഷണർക്ക് ഹൈക്കോടതി ജഡ്ജിക്ക് തുല്യമായ പദവി നൽകിയിട്ടുണ്ട്. ജനങ്ങളുടെ രാഷ്ട്രീയമായ പരമാധികാരം കൂടി ഉറപ്പാക്കാവുന്ന ഗ്രാമസഭകൾ സുശക്തമായി പ്രവർത്തിക്കാൻ തെരെഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിക്കുന്ന നടപടികളോട് സംസ്ഥാനങ്ങൾ സഹകരിക്കേണ്ടതാണ്.

ആന്ധ്ര സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ രമാകാന്ത് റഡ്ഡി അദ്ധ്യക്ഷത വഹിച്ച സെമിനാറിൽ ചീഫ് സെക്രട്ടറി ഇ.കെ.ഭരത് ഭൂഷൺ, കേന്ദ്ര ഗ്രാമ വികസന അഡീഷണൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ചീഫ് ഇലക്ഷൻ കമ്മീഷണർ കെ.ശശിധരൻ നായർ സ്വാഗതവും സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ എസ്.ദിവാകരൻപിള്ള കൃതജ്ഞതയും പറഞ്ഞു. ■

സുതാര്യതയും പ്രതിബദ്ധതയും ജനാധിപത്യശാക്തീകരണത്തിനാവശ്യം

– അരുണാറോയ്

പഞ്ചായത്ത് രാജ് സമ്പ്രദായം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നുവെന്ന് പ്രമുഖ സാമൂഹ്യപ്രവർത്തക അരുണാറോയ് പറഞ്ഞു. പരമാവധി സുതാര്യതയും പ്രതിബദ്ധതയും പുലർത്തിയാൽ മാത്രമേ ജനാധിപത്യം സമ്പൂർണ്ണമാവുകയുള്ളൂ എന്ന് അവർ പറഞ്ഞു. ആഗോള കമ്പോളവൽകരണത്തിൽ നിന്നും ചൂഷണത്തിൽ നിന്നും സാധാരണ ജനങ്ങൾക്ക് പരിരക്ഷ നൽകുന്നതിൽ പഞ്ചായത്ത് രാജ് സംവിധാനത്തിന് ഫലപ്രദമായി പ്രവർത്തിക്കാൻ പ്രത്യേക ബാദ്ധ്യതയുണ്ടെന്നും അവർ ആവശ്യപ്പെട്ടു. മെച്ചപ്പെട്ടതും നിലവാരമുള്ളതുമായ സേവനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കണം.

ജനങ്ങൾക്ക് ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധമാണ് ജനാധിപത്യത്തിന്റെ അടിസ്ഥാന മൂലധനം. ജനാധിപത്യത്തിന്റെ കാര്യക്ഷമത പൂർണമാക്കുന്നത് സാധാരണ ജനതയുടെ അവസരവിനിയോഗത്തിലൂടെയാണ്. പ്രാദേശിക സർക്കാർ സാധാരണ ജനതയുടെയും ഭരണകൂടത്തിന്റെയും മധ്യസ്ഥനായി പ്രവർത്തിക്കുന്നുവെന്നും അരുണാറോയി പറഞ്ഞു. പല മേഖലകളിലും കേരളം നേടിയ വളർച്ച അസൂയാവഹമാണ് എന്നും ഭാരത സർക്കാർ 2005–ൽ നടപ്പാക്കിയ വിവരാവകാശ നിയമം ജനാധിപത്യം എന്ന ആശയത്തെ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ഉതകുന്നതാണ് എന്നും അവർ ചൂണ്ടിക്കാട്ടി.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് നടന്ന അന്താരാഷ്ട്ര സമ്മേളനത്തിന്റെ ഭാഗമായി സുതാര്യതയും പ്രതിബദ്ധതയും എന്ന സെമിനാറിൽ അദ്ധ്യക്ഷം വഹിച്ച് സംസാരിക്കുകയായിരുന്നു അവർ.

ജനാധിപത്യശാക്തീകരണത്തിന്റെ പ്രഥമ പ്രവർത്തനം ആരംഭിക്കേണ്ടത് നാം ഓരോരുത്തരുടെയും കുടുംബങ്ങളിൽ നിന്നായിരിക്കണമെന്ന് യു.എൻ.ഡി.പി പ്രതിനിധി ജോൺ സാമുവൽ പറഞ്ഞു. ■

ഇന്ത്യ വളരുന്നു ഇന്ത്യാക്കാർ വളരുന്നില്ല

– മണിശങ്കർ അയ്യർ

ഇന്ത്യ വളരുന്നു പക്ഷെ ഇന്ത്യാക്കാർ വളരുന്നില്ല എന്ന് മുൻ കേന്ദ്ര പഞ്ചായത്തീ രാജ് മന്ത്രി മണിശങ്കർ അയ്യർ. കോവളം സമുദ്ര ഹോട്ടലിൽ 3 ദിവസമായി നടന്ന അന്താരാഷ്ട്ര കോൺഫറൻസിൽ (ICODD) സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രാദേശിക ഭരണം കാര്യക്ഷമമായി നടപ്പിലാക്കാൻ നമുക്ക് അറിയാം, പക്ഷെ അത് നടപ്പിലാക്കുന്നില്ല. ജനാധിപത്യ ഘടന ഇനിയും വികസിപ്പിക്കേണ്ടതുണ്ട്. കേരളത്തിലെ ജില്ലകളുടെ ആസൂത്രണ രീതികൾക്ക് ദേശീയ തലത്തിൽ നടപ്പിലാക്കുന്നത്ര നിലവാരമുണ്ട്. സാമൂഹ്യ നീതിക്ക് പ്രാധാന്യമുള്ള ആസൂത്രണങ്ങൾക്ക് മാത്രമേ ഫലപ്രാപ്തി ഉണ്ടാകൂ. സെമിനാറിൽ പങ്കെടുത്തുകൊണ്ട് മണിശങ്കർഅയ്യർ പറഞ്ഞു.

ജില്ലാതല ആസൂത്രണങ്ങളിൽ ജനങ്ങളുടെ പങ്കാളിത്തം കുറയുന്നതിൽ തനിക്ക് ആശങ്കയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ജനാധിപത്യത്തിന്റെ സത്ത താഴെക്കിടയിലുള്ള ജനങ്ങളിൽ എത്തുന്നില്ലായെങ്കിൽ അവ നമുക്ക് എങ്ങനെ സംരക്ഷിക്കാനാകുമെന്ന് മണിശങ്കർ അയ്യർ ചോദിച്ചു. കാര്യക്ഷമതയുള്ള ഭരണാധികാരികളിലൂടെ മാത്രമേ ഒരു ഗ്രാമസഭയ്ക്ക് അതിന്റെ ലക്ഷ്യപ്രാപ്തിയിലെത്താൻ സാധിക്കൂ. അതിനായി കൃത്യമായ കൈമാറ്റങ്ങൾ ആവശ്യമാണ് അദ്ദേഹം കൂട്ടിച്ചേർത്തു.

കില (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) പ്രസിദ്ധീകരിച്ച 'വികേന്ദ്രീകരണവും വികസനവും' എന്ന പുസ്തകം പഞ്ചായത്ത് സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ, മണിശങ്കർ അയ്യറിന് നൽകി പ്രകാശനം ചെയ്തു. ■

ജനാധിപത്യ വികേന്ദ്രീകരണത്തിൽ കേരളം ഇനി നേരിടുന്നത് രണ്ടാം തലമുറ പ്രശ്നങ്ങൾ

- ഡോ. എം.കെ. മുനീർ

ജനാധിപത്യ വികേന്ദ്രീകരണത്തിൽ കേരളം ഇനി നേരിടുന്നത് രണ്ടാം തലമുറ പ്രശ്നങ്ങളാണെന്ന് ഡോ. എം.കെ. മുനീർ പറഞ്ഞു. മാലിന്യസംസ്കരണം, വയോജനങ്ങളുടെ പ്രശ്നങ്ങൾ, സേവനങ്ങളുടെ ഗുണമേന്മ, ആരോഗ്യ മേഖല, ഭവന നിർമ്മാണം എന്നിവയാണീ മേഖലകൾ. 'ജനാധിപത്യ ശാക്തീകരണം പ്രാദേശിക സർക്കാരിലൂടെ' എന്ന വിഷയത്തെ കുറിച്ച് കോവളം സമുദ്രാ ഹോട്ടലിൽ 3 ദിവസമായി നടന്ന അന്താരാഷ്ട്ര കോൺഫറൻസിന്റെ പ്ലീനറി സമ്മേളനത്തിൽ അദ്ധ്യക്ഷ്യം വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

നികുതി പിരിവ് ഊർജ്ജിതമാക്കി പഞ്ചായത്തുകൾ സാമ്പത്തിക സുസ്ഥിരത കൈവരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഗ്രാമസഭകളുടെ ശാക്തീകരണത്തിലൂടെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും വികസന പ്രവർത്തനങ്ങൾ വിപുലീകരിക്കാനും കഴിയും. ജനങ്ങൾ ഭരണ നിർവാഹകരുമായി അടുത്തിടപഴകണം. അദ്ദേഹം കൂട്ടിച്ചേർത്തു.

ഭരണനയങ്ങളിലും വികസന പ്രക്രിയകളിലും നാം ഇനിയും പുരോഗമിക്കേണ്ടതുണ്ടെന്ന് മുൻ ധനകാര്യ മന്ത്രി ഡോ. ടി.എം. തോമസ് ഐസക് അഭിപ്രായപ്പെട്ടു. എല്ലാ മേഖലകളിലുമുള്ള സ്ത്രീ സാന്നിധ്യം വർദ്ധിപ്പിച്ചത് വികേന്ദ്രീകരണ ഭരണത്തിന്റെ നേട്ടമാണ് കുടുംബശ്രീ എന്നും തോമസ് ഐസക് പറഞ്ഞു. ഗ്രാമസഭകൾ കൃത്യമായി പ്രവർത്തിക്കണം.

സ്ഥിരപങ്കാളിത്തം ഉണ്ടാകണം പ്രാദേശികതല ആസൂത്രണമെന്നത് ബഹുമുഖതല അസൂത്രണമാണ്. കൃത്യമായ ആസൂത്രണവും കാര്യക്ഷമതയും സുതാര്യതയുണ്ടാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കുടുംബശ്രീ ഇനിയും ഉയർന്ന് വരേണ്ടതുണ്ട്. തോമസ് ഐസക് പറഞ്ഞു. ■

ജനാധിപത്യത്തിന്റെ വിജയം പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിലൂടെ

- ഡോ. മിഹിർഷാ

പാർശ്വവൽക്കരിക്കപ്പെട്ട ജനസമൂഹത്തിന് ജനാധിപത്യം എന്തു നൽകുന്നു എന്നതാണ് ജനാധിപത്യത്തിന്റെ വിജയമെന്ന് ഡോ. മിഹിർഷാ പറഞ്ഞു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനുവരി 19 മുതൽ 21 വരെ കോവളത്ത് വച്ച് നടന്ന ജനാധിപത്യ ശാക്തീകരണം പ്രാദേശിക സർക്കാരിലുകളിലൂടെ എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച അന്താരാഷ്ട്ര സെമിനാറിന്റെ ഉദ്ഘാടനം കോവളം സമുദ്ര ഹോട്ടലിൽ നിർവ്വഹിക്കുകയായിരുന്നു കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ അംഗമായ ഡോ. മിഹിർഷാ. യു.പി. എ. സർക്കാർ നടപ്പിലാക്കിയ കേന്ദ്ര വിവരാവകാശ നിയം, ഭക്ഷ്യസുരക്ഷാ ബിൽ, വനസംരക്ഷണ നിയമം എന്നിവയിലൂടെ നിലവിൽ ഇന്ത്യയിൽ ജനാധിപത്യ വികേന്ദ്രീകരണം ഏറെ ശക്തമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വിദ്യാഭ്യാസം, സ്ത്രീ ശാക്തീകരണം എന്നിവ ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകങ്ങളാണെന്നും സ്വയം പര്യാപ്തത നേടിയ ആയിരക്കണക്കിന് സ്ത്രീകൾ ഇൻഡ്യൻ ജനാധിപത്യത്തിന്റെ നെടുംതൂണായി പ്രവർത്തിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ■

വാർത്തകളും വിശേഷങ്ങളും

അംഗൻവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപണി വികസനഫണ്ടിൽ നിന്നും പണം നൽകുന്നതിന് അനുമതി

അംഗൻവാടികളുടെ കെട്ടിട നിർമ്മാണം, അവയുടെ വാർഷിക അറ്റകുറ്റപണി, ഭൗതിക സാഹചര്യങ്ങളുടെ വിപുലീകരണം, വാടക കെട്ടിടങ്ങളുടെ വർദ്ധിച്ച വാടക എന്നിവയ്ക്കാവശ്യമായ ചെലവ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതിനും 40% ൽ കൂടുതൽ വരുന്ന മെറ്റീരിയൽ കംബോണന്റ് അതതു പഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനും അനുമതി നൽകി ഉത്തരവായി. സ.ഉ.(സാധാ)നം.215/2014/ത.സ്വ.ഭ.വ. 23/01/2014.

പുതുതായി നിയോഗിക്കപ്പെടുന്ന/സ്ഥലം മാറിവരുന്ന ഉദ്യോഗസ്ഥർക്ക് യൂസർ നെയിം, പാസ് വേർഡ് നൽകുന്നതിന് ചുമതലയുള്ള ഉദ്യോഗസ്ഥരെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.

പുതുതായി നിയോഗിക്കപ്പെടുന്ന/സ്ഥലം മാറി വരുന്ന ഉദ്യോഗസ്ഥർക്ക് യൂസർ നെയിം, പാസ് വേർഡ് നൽകുന്നതിന് താഴെ പറയുന്നവരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു.

	വെറ്റിംഗ് ഓഫീസർമാർ/ നിർവ്വഹണ ഉദ്യോഗസ്ഥർ	യൂസർ നെയിം, പാസ് വേർഡ് എന്നിവ നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ
1	സംസ്ഥാനതല പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാർ	ജില്ലാ ആസൂത്രണ ഡിവിഷൻ ചീഫ്, സംസ്ഥാന പ്ലാനിംഗ് ബോർഡ്
2	ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ	പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ	അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)
4	ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ	പഞ്ചായത്ത് ഡയറക്ടർ
5	മുനിസിപ്പൽ കോർപ്പറേഷൻ മുനിസിപ്പാലിറ്റി സെക്രട്ടറിമാർ	നഗരകാര്യ ഡയറക്ടർ

ഇതിനനുസൃതമായ സോഫ്റ്റ് വെയർ ക്രമീകരണങ്ങൾ ഐ.കെ.എം. നടത്തേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.
സ.ഉ.(സാധാ)നം. 324/2014/തസ്വഭവ 05.02.2014

സർക്കാർ ഇതര സംഘടനകളുടെ അക്രഡിറ്റേഷനുവേണ്ടിയുള്ള അപേക്ഷാഫീസ് കില ഡയറക്ടറുടെ പേരിൽ എടുക്കുന്നതിന് അംഗീകാരം

സർക്കാർ ഇതര സംഘടനകളുടെ അക്രഡിറ്റേഷനു വേണ്ടിയുള്ള അപേക്ഷാഫീസായി 10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന തരത്തിൽ എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് 05.10.2013-ലെ സ.ഉ (എം.എസ്)325/13/തസ്വഭവഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ സർക്കാർ ഇതര സംഘടനകൾക്കുള്ള അക്രഡിറ്റേഷൻ അപേക്ഷാ ഫീസായി 10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കില ഡയറക്ടറുടെ പേരിൽ തൃശൂരിൽ മാറാവുന്ന തരത്തിൽ എടുത്ത് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഉത്തരവ് നമ്പർ സ.ഉ.(എം.എസ്) നം. 23/2014/തസ്വഭവ തീയതി 29.01.2014.

വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല ഓവർസിയർമാർക്ക് നൽകി

15.03.2013 ലെ 94/2013/തസ്വഭവ ഉത്തരവു പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നൽകിയിരുന്നു. ഇത് 30.01.2014 ലെ 24/2014/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള വാല്യൂവേഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസിയർമാർക്ക് തിരികെ നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

അംഗൻവാടി – യൂണിഫോം – അധികമായി വേണ്ടിവരുന്ന തുക അനുവദിക്കുന്നതിന് അനുമതി

അംഗൻവാടി വർക്കർ/ഹെൽപ്പർമാർക്ക് യൂണിഫോം നൽകുന്നതിന് കേന്ദ്ര സർക്കാർ അനുവദിച്ചത് കൂടാതെ അധികമായി വേണ്ടിവരുന്ന തുക സമാഹരിക്കുന്നതിന് മുൻസിപ്പൽ കോർപ്പറേഷനുകളും മുൻസിപ്പാലിറ്റികളും ഗ്രാമപഞ്ചായത്തുകളും 13,505 രൂപ വീതം വികസന ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനും ഇതിനായി പ്രോജക്ട് ഭേദഗതി നടത്താനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.
സ.ഉ.(സാധാ)നം.303/2014/തസ്വഭവ. തീയതി 01.02.2014.

ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിന് ബി.എസ്.എൻ.എൽ. ന്റെ നെറ്റ് കണക്ടർ വാങ്ങുന്നതിന് അനുമതി

സർക്കാറിന്റെ 05-04-2013 ലെ 915/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അനുവദിച്ചിട്ടുള്ള ലാപ്ടോപ്പിന്റെ ഫലപ്രദമായ ഉപയോഗത്തിന് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ബി.എസ്.എൻ.എൽ ന്റെ നെറ്റ് കണക്ടർ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. പഞ്ചായത്ത് ഡയറക്ടറും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറും ബി.എസ്.എൻ.എൽ അധികൃതരുമായി ചർച്ച ചെയ്ത് 500/- രൂപയിൽ താഴെയുള്ള ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ഒരു സ്കീം തെരഞ്ഞെടുക്കേണ്ടതാണ്.നിശ്ചയിക്കപ്പെടുന്ന സ്കീമിൽ ഗ്രാമപഞ്ചായത്തുകളെ തനത് ഫണ്ട് വിനിയോഗിച്ച് അംഗങ്ങളാകാൻ അനുവദിക്കാവുന്നതാണ്. ഉത്തരവ് നമ്പർ സ.ഉ.(സാധാ) നം.215/2014/തസ്വഭവ. തീയതി 23.01.2014.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by Mithra.T. IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.



ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

പഞ്ചായത്ത്‌രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക.

വിലാസം:

എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

PANCHAYATRAJ (Monthly) February 2014
Annual Subscription ₹120/-, Published on 20th February 2014
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

ഹൈമാസ്റ്റ്ലൈറ്റുകൾ സൗരോർജ്ജത്തിൽ..

AMMINI SOLAR Introduces..

GreenMast

SOLAR LED MAST LIGHTS

Different Models
12Wx4 | 24Wx4 | 36Wx4 | 36Wx6 | 48Wx6
Height up to 10 Mtrs.

Features

- Rechargeable by Solar PV module as well as mains charger
- Uses 100% Renewable Energy
- No running cost, 100% solar powered
- 100% battery backup
- Virtually no maintenance
- Uses maintenance free GEL Tubular batteries
- Long Life LED Luminaries
- High reliability electronic design
- Shortest payback period
- Lights up during power cut also

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
20 വർഷത്തെ
സേവന പാരമ്പര്യം

MSME National Award
for Quality Products

ISO 9001: 2008

ONICRA
We Secure Trust
NSIC - ONICRA CREDIT RATED: SE2B

एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED

MNRE
CRISIL GRADE
2013-14
SP 2B

അമ്മിണി സോളാർ

ഫോൺ: 0471-3060200, 93871 60225
ഫാക്സ്: 3060201; ഇ-മെയിൽ: mail@ammini.com

For more details:1800 300 00 600 (TOLL FREE)

Printed & Published by Mithra.T. IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: Mithra.T. IAS